# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2013 വാല്യം 40 ലക്കം 8 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


## പശ്ചിമഘട്ട ആവാസവ്യവസ്ഥയ്ക്കുകീഴിലെ 25 കോടി ജനങ്ങളുടെ രക്ഷയ്ക്ക്

# ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുക

മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പശ്ചിമഘട്ട മേഖലയിലെ കർഷകരുടെ താൽപ്പര്യങ്ങളെ ആകെ ഹനിക്കുന്നതാണെന്ന പ്രചാരണം ശക്തമായിരിക്കുന്നു. സാധാരണക്കാരായ കർഷകർ, തങ്ങളുടെ സ്വാഭാവികമായ ഉപജീവന സമ്പ്രദായങ്ങൾ തകിടംമറിക്കപ്പെടുമെന്നും തങ്ങൾക്ക് നിയമപരമായി അർഹതപ്പെട്ട പട്ടയം പോലും നിഷേധിക്കപ്പെടുമെന്നും എന്തിന് തങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്നു പോലും ഭയപ്പെടുന്നു. ഈ ഭയമാണ് ഹൈറേഞ്ച് മേഖലയിൽ ഉണ്ടായിവന്നിട്ടുള്ള പ്രതിഷേധത്തിന്റെ അടിസ്ഥാനം. വൻകിടമുതലാളിമാർക്കും കോർപ്പറേറ്റുകൾക്കും വേണ്ടി നടപ്പാക്കപ്പെട്ട നയങ്ങൾക്കിരയായി ജീവിതമാകെ തകർന്നവരാണ് കർഷകർ. ജീവിതത്തിന്റെ ഒരേയൊരു പിടിവള്ളിയായ മണ്ണും കൃഷിയും ഇല്ലാതാക്കപ്പെടുമെന്ന് ഒരു പ്രചാരണം ഉണ്ടായാൽ അത് കർഷകരെ ഉലയ്ക്കും. അതാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഖനിമുതലാളിമാരും കരിങ്കൽ ക്വാറി ഉടമകളും വൻകിട ഭൂമികയ്യേറ്റക്കാരും ഹോട്ടൽ -റിസോർട്ട് ഗ്രൂപ്പുകളും വനംകൊള്ളക്കാരും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ രൂപംകൊണ്ടിട്ടുള്ള പ്രതിഷേധത്തിൽ ആനന്ദിക്കുന്നു. പാവപ്പെട്ട കർഷകരെ കരുവാക്കി മുകളിൽ സൂചിപ്പിച്ച മൂലധനശക്തികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ആശങ്കയുടെയും ഭീതിയുടെയും ഈ സാഹചര്യം ആസൂത്രിതമായി അവർതന്നെ സൃഷ്ടിച്ചതല്ലേ എന്ന് സന്ദേഹിക്കാൻ ന്യായമുണ്ട്.

**പ**ശ്ചിമഘട്ട ആവാസവ്യവസ്ഥയ്ക്ക് കീഴിൽ പശ്ചിമഘട്ട മലനിരകളിലും താഴ്വാരങ്ങളിലും അധിവസിക്കുന്ന ജനങ്ങൾ മാത്രമല്ല ഉൾപ്പെടുന്നത്. വാസ്തവത്തിൽ കേരളം ഉൾപ്പെടെയുള്ള 6 സംസ്ഥാനങ്ങളിലെ 25 കോടി ജനങ്ങളുടെ പാരിസ്ഥിതിക-ആവാസവ്യവസ്ഥയെ നിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും കന്യാകുമാരി മുതൽ ഗുജറാത്ത്വരെ നീണ്ടുകിടക്കുന്ന പശ്ചിമഘട്ടമാണ്. ഐക്യരാഷ്ട്രസഭതന്നെ അപൂർവ്വ ജൈവവൈവിധ്യംകൊണ്ടും പ്രകൃതി സവിശേഷതകൾകൊണ്ടും ലോകത്തെ എട്ട് സുപ്രധാന മേഖലകളിലൊന്നായി പ്രഖ്യാപിച്ചിട്ടുള്ളതാണ് ഈ പ്രദേശം. ജീവന്റെ നിലനിൽപ്പിനായി ഇന്നെന്നപോലെ നാളേക്കുംവേണ്ടി ശ്രദ്ധാപൂർവ്വം സംരക്ഷിക്കപ്പെടേണ്ടതാണ് പശ്ചിമഘട്ട പ്രദേശമാകെ എന്നുചുരുക്കം. എന്നാൽ ദുരമൂത്ത, ലക്കും ലഗാനുംകെട്ട പ്രവർത്തനങ്ങൾ ഇവിടെ അരങ്ങേറിക്കൊണ്ടിരിക്കുകയാണെന്നുള്ളത് പകൽവെളിച്ചംപോലെ വ്യക്തമാണ്. ജലസ്രോതസ്സുകളുടെയും ജൈവവൈവിധ്യത്തിന്റെയും ജീവന്റെതന്നെയും നിലനിൽപ്പിന് ഹാനികരമായ ഇത്തരം പ്രവർത്തനങ്ങൾ എന്തുവിലകൊടുത്തും തടയപ്പെടേണ്ടതുതന്നെയല്ലേ? അതിനുവേണ്ടിയുള്ള വിവേകപൂർവ്വവും ദീർഘവീക്ഷണത്തോടെയുമുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നവരെ ശത്രുക്കളായി ചിത്രീകരിക്കുന്നവർ ആരുടെ പക്ഷത്താണ്?

പശ്ചിമ ഘട്ടമേഖലയുടെ വർത്തമാന സ്ഥിതി വിലയിരുത്താനും 1986ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ഈ മേഖലയിലെ പാരിസ്ഥിതിക ലോല പ്രദേശങ്ങൾ വേർതിരിക്കാനും ചുമതലപ്പെട്ട മാധവ് ഗാഡ്ഗിൽ കമ്മിറ്റിക്ക് കേന്ദ്ര സർക്കാർ 2010 മാർച്ച് 4 ന് രൂപം നൽകി. തുടർന്ന് 18 മാസത്തെ പ്രവർത്തനത്തിലൂടെ ഈ 14 അംഗ കമ്മിറ്റി സർക്കാരിന് അന്തിമ റിപ്പോർട്ട് നൽകി. സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് 9 മാസക്കാലത്തോളം രഹസ്യമാക്കിവച്ചു. ഒടുവിൽ കോടതി ഇടപെടൽ ഉണ്ടായപ്പോൾ മാത്രമാണ് റിപ്പോർട്ട് വെളിച്ചം കണ്ടത്. എങ്കിലും റിപ്പോർട്ട് പ്രാദേശിക ഭാഷകളിൽ പ്രസിദ്ധപ്പെടുത്തണമെന്ന കോടതി നിർദ്ദേശം മഹാരാഷ്ട്ര സർക്കാർ മാത്രമേ ഇതുവരെയും നടപ്പാക്കിയിട്ടുള്ളൂ.

ഈ റിപ്പോർട്ടിനെതിരെ സാമൂഹ്യ-സാമു

(ശേഷം 2-ാം പേജിൽ)

## ബാങ്കുകളിലൂടെ സബ്സിഡി നേരിട്ട് ഗുണഭോക്താവിന് എന്ന തട്ടിപ്പ്:



വിലക്കയറ്റത്തിനും പാചകവാതക വിലവർദ്ധനവിനുമെതിരെ നടത്തിയ കുട്ടനാട് താലൂക്ക് താലൂക്കോഫീസ് മാർച്ച് സഖാവ് ബി. ഇമാമുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

# പാചകവാതകത്തിന് ഭീമമായി വിലവർദ്ധിപ്പിക്കുന്നതിനെതിരെ അണിനിരക്കുക.

**സബ്സിഡി നിരക്കിൽ ഒരുകൊല്ലം നൽകുന്ന പാചകവാതക സിലിണ്ടറുകളുടെ എണ്ണം ഒമ്പതിൽനിന്ന് ആറാക്കി കുറയ്ക്കണമെന്നും വില സിലിണ്ടറൊന്നിന് 250 രൂപ വർദ്ധിപ്പിക്കണം എന്നും ഡോ.കിരിത് പാരീഖ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു. പാചകവാതകത്തിന്റെ സബ്സിഡി രണ്ടുവർഷത്തിനുള്ളിൽ പൂർണ്ണമായും നിർത്തലാക്കണമെന്നും കമ്മിറ്റിയുടെ ശുപാർശയിൽ പറയുന്നു.**

(ശേഷം 5-ാം പേജിൽ)

# ലാവ്ലിൻ അഴിമതി ഉയർത്തിയ ചോദ്യങ്ങൾക്ക് കോടതിവിധി ഉത്തരം നൽകുന്നില്ല

**എസ്എൻസി ലാവ്ലിൻ അഴിമതി ഉയർത്തിയ അതീവഗുരുതരങ്ങളായ ചോദ്യങ്ങൾക്ക് കോടതിവിധി ഒരു ഉത്തരവും നൽകുന്നില്ലെന്ന് എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് പ്രസ്താവിച്ചു.**

വിചാരണ തുടങ്ങുന്നതിനുമുമ്പ്, കുറ്റപത്രംതന്നെ റദ്ദാക്കപ്പെടുന്ന അത്യപൂർവ്വവും വിചിത്രവുമായ വിധിയാണ് ഉണ്ടായിട്ടുള്ളതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ജനതാൽപ്പര്യത്തിനുവേണ്ടി, പദ്ധതികൾ നടപ്പാക്കുമ്പോൾ ആഗോള ടെൻഡർ ഒഴിവാക്കേണ്ടിവരുമെന്ന നിരീക്ഷണം, കോടതി മുൻവിധികളാൽ ശക്തമായി സ്വാധീനിക്കപ്പെട്ടു എന്നതിന്റെ തെളിവാണ്. ദുർബലമായ കുറ്റപത്രം സമർപ്പിച്ചും, മതിയായ ധാരണയില്ലാത്ത പ്രോസിക്യൂട്ടർമാരെ നിയമിച്ചും പ്രോസിക്യൂഷനെ ദുർബലപ്പെടുത്തിയ സിബിഐ ഈ വിധിയിൽ ഒത്തുകളിച്ചിട്ടുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

പന്നിയാർ, ചെങ്കുളം, പള്ളിവാസൽ പദ്ധതികൾ നവീകരിക്കേണ്ടതില്ലെന്ന ഈ ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ടെടുത്ത തീരുമാനം മുതൽ, 90 കോടി രൂപയ്ക്ക് നവീകരണം നടത്താൻ സന്നദ്ധത കാട്ടിയ ബിഎച്ച്ഇഎൽ കമ്പനിയെ ഒഴിവാക്കിയതും, പദ്ധതി നടത്തിപ്പിനായി ആഗോള ടെൻഡർ വിളിക്കാതെ എസ്എൻസി ലാവ്ലിന് കരാർ നൽകിയതും, അങ്ങനെ പൊതുഖജനാവിൽനിന്ന് 373 കോടിരൂപ നഷ്ടപ്പെടുത്തിയതും നവീകരണംവഴി കേരള സംസ്ഥാനത്ത് ഒരു യൂണിറ്റ് വൈദ്യുതി പോലും അധികമായി ഉൽപ്പാദിപ്പിക്കപ്പെട്ടില്ലയെന്നതും ഉൾപ്പെടെയുള്ളവയാണ് ലാവ്ലിൻ അഴിമതി ഉയർത്തിയ ഗുരുതരമായ ചോദ്യങ്ങൾ. 2003-ൽ, വിജിലൻസ് സമർപ്പിച്ച കുറ്റപത്രത്തിൽ ഇവ ചൂണ്ടിക്കാട്ടിയിരുന്നു. ആഗോള ടെൻഡർ വിളിക്കാതിരുന്നത് വലിയ ക്രമക്കേടാണെന്നും പ്രസ്തുത കുറ്റപത്രത്തിൽ പറഞ്ഞിരുന്നു. ലാവ്ലിൻ ഇടപാടിലൂടെ സംസ്ഥാന ഖജനാവിനുണ്ടായത് അതിഭീമമായ നഷ്ടമാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയത് ഒരു ഭരണഘടനാ സ്ഥാപനമായ സിഎജിയാണ്. ലാവ്ലിൻ

(ശേഷം 16-ാം പേജിൽ)

# ഖനി – ക്വാറി ഉടമകളും വൻകിടഭൂമികൈയ്യേറ്റക്കാരും വനംകൊള്ളക്കാരും കർഷകനെ കരുവാക്കി ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർക്കുന്നു

(1–ാംപേജിൽ നിന്നും തുടർച്ച)

ദായിക-മതനേതൃത്വങ്ങൾ ചേർന്ന് രൂപം കൊടുത്തിട്ടുള്ള 'ഹൈറേഞ്ച് സംരക്ഷണ സമിതി'യും കോൺഗ്രസ്സ്, സിപിഐ(എം) ഉൾപ്പടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും ശക്തമായ നിലപാട് കൈക്കൊണ്ടിട്ടുണ്ട്. ഇവരുടെ പ്രവർത്തനം, ഇടുക്കി, വയനാട് ജില്ലകളിലെ സാധാരണ കർഷകരെ റിപ്പോർട്ടിനെതിരെ അണിനിരത്താൻ ഇടയാക്കിയിട്ടുണ്ട്.

മാധവ് ഗഡ്ഗിൽ കമ്മിറ്റി എന്താണോ റിപ്പോർട്ടിൽ നിരീക്ഷിക്കുകയും ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ളത് അതിന് നേർ വിപരീതമായ കാര്യങ്ങളാണ് റിപ്പോർട്ടിലുള്ളവ എന്ന നിലയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സംഘടനകളും നേതൃത്വങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ചില കാര്യങ്ങളിൽ കല്ലുവച്ച നുണകളാണ് റിപ്പോർട്ടിലെ ശുപാർശകളെന്ന മട്ടിൽ അവതരിപ്പിക്കുന്നത്. ഒരു റിപ്പോർട്ടിലെ ശുപാർശകളെ വസ്തുനിഷ്ഠമായി അവതരിപ്പിച്ചുകൊണ്ട് അതിൻമേൽ ആരോഗ്യകരമായ ചർച്ച സൃഷ്ടിക്കുക എന്ന ജനാധിപത്യമര്യാദ കാട്ടാൻ ഇക്കൂട്ടർ ആരും തന്നെ മുതിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഒരുദാഹരണം നോക്കുക. ഹൈറേഞ്ച് സംരക്ഷണ സമിതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലഘുലേഖയിൽ ഒരു കർഷകൻ 3–ൽ കൂടുതൽ പശുക്കളെ വളർത്താൻ പാടില്ല എന്ന് ഗാഡ്ഗിൽ ശഠിക്കുന്നതായി പറഞ്ഞിരിക്കുന്നു. കന്നുകാലി പരിപാലനം തന്നെ ഗാഡ്ഗിൽ നിരോധിക്കുന്നതായാണ് കൊണ്ടുപിടിച്ച പ്രചാരണം. യാഥാർത്ഥ്യമെന്താണ്? തദ്ദേശീയ ഇനങ്ങളിൽപ്പെട്ട കന്നുകാലി പരിപാലനത്തിന് സബ്സിഡി നൽകുക, രണ്ടിലധികം കന്നുകാലികളെ വളർത്തുന്നവർക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ധനസഹായം നൽകുക, ഉപയോഗിക്കാതെ കിടക്കുന്ന ഭൂപ്രദേശങ്ങളെ പുൽത്തോട്ടങ്ങളാക്കി മാറ്റി കാലിമേയ്ക്കലിന് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിങ്ങനെ കന്നുകാലി പരിപാലനത്തിന് 6 നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്ന റിപ്പോർട്ടിൽ ഒരിടത്തും കന്നുകാലി പരിപാലനത്തിനെതിരായ ഒരു ചെറു പരാമർശം പോലുമില്ല! എന്നാൽ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നത് ഗാഡ്ഗിൽ പശുവളർത്തലിനെതിരാണ് എന്നാണ്. ഇതേ മട്ടിലാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ നടക്കുന്ന അസത്യ പ്രചാരണം മുഴുവൻ.

ഈ പ്രചാരണരീതിക്ക് വ്യക്തമായും ചില ലക്ഷ്യങ്ങളുണ്ട്. പശ്ചിമഘട്ട മേഖലയപ്പാടെ എത്തിച്ചേർന്നിട്ടുള്ള വർത്തമാന സ്ഥിതി മനസ്സിലാക്കിയാൽ മാത്രമേ ഈ ലക്ഷ്യങ്ങളെ തിരിച്ചറിയാൻ കഴിയൂ. ഒറ്റനോട്ടത്തിൽ നമ്മൾ കാണുന്ന കാഴ്ചയെന്താണ്? പതിനായിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി വൻകിട സ്വകാര്യവ്യക്തികൾ തികച്ചും നിയമവിരുദ്ധമായി കൈയ്യേറിയിരിക്കുന്നു. ആദിവാസികളുടെയും പ്രാദേശിക ജനവിഭാഗങ്ങളുടെയും ആയിരക്കണക്കിന് ഏക്കർ ഭൂമിയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏതൊരു ഭരണസംവിധാനത്തെയും വിലയ്ക്കെടുത്തും വെല്ലുവിളിച്ചും ഈ വൻകിട ഭൂ മാഫിയ മുന്നേറുകയാണ്. 1976ൽ ആവിഷ്കരിച്ച ആദിവാസി ഭൂനിയമം പേരിനുപോലും നടപ്പാക്കാൻ ഈ മാഫിയയുടെ സ്വാധീനം മൂലം ഈ നിമിഷം വരെയും സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല. നിയമവിരുദ്ധമായി അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അതീവദുർബലമായ പശ്ചിമ ഘട്ട ആവാസവ്യവസ്ഥയെ ഏതാണ്ട് തകർത്തുകഴിഞ്ഞു. അനധികൃതമായ നാനാതരം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നിർബാധം നടന്നുവരുന്നു. പാറതുരക്കലും പൊട്ടിക്കലും അനിയന്ത്രിതമായി മുന്നേറുന്നു. ഉടുമ്പഞ്ചോല താലൂക്കിൽ മാത്രം പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾ 216 ആണ്. പത്തനംതിട്ടയിൽ ഒരു പഞ്ചായത്തിൽമാത്രം ... പാറമടകളാണുള്ളത്. ഗോവയിലും മഹരാഷ്ട്രയിലും നിയമവിരുദ്ധമായ ഖനനം ആ മേഖലയെ ഏതാണ്ട് അടിമുടി കീഴ്മേൽമറിച്ച് കഴിഞ്ഞു. കഴിഞ്ഞ ആറ് പതിറ്റാണ്ടായി രാജ്യത്തിന്റെ പൊതുസമ്പത്തായ വനം കൊള്ളയടിക്കപ്പെട്ടുകൊണ്ടേയിരിക്കുകയാണ്. പശ്ചിമഘട്ടത്തിലെ 26 ശതമാനം വനം അപ്രത്യക്ഷമായതായി സർക്കാർ കണക്കുകൾ പറയുന്നു.

അതായത് വനംകൊള്ളക്കാരും ഖനന – ക്വാറി മാഫിയയും വമ്പൻ ഭൂമി കൈയ്യേറ്റക്കാരും ടൂറിസത്തിന്റെ മറവിൽ പ്രർത്തിക്കുന്ന വൻകിട ഹോട്ടൽ – റിസോർട്ട് ഗ്രൂപ്പുകളും ചേർന്ന് പശ്ചിമഘട്ടമേഖലയെ വീണ്ടെടുക്കാനാവാത്തവിധം തകർത്തുകൊണ്ടിരിക്കുകയാണ്. മൂലധനത്തിന്റെ ഒടുങ്ങാത്ത ലാഭദുര ഉത്തരാഖണ്ഡിൽ സൃഷ്ടിച്ച അതേ സാഹചര്യമാണ് ഇന്ന് പശ്ചിമഘട്ടമലനിരകളിൽ നിലനിൽക്കുന്നത്. മഹാരാഷ്ട്രയിലെ രത്നഗിരിയിലും തമിഴ്നാട്ടിലെ ഊട്ടിയിലും കേരളത്തിന്റെ ഇടുക്കിയിലും വിശിഷ്യാ മൂന്നാറിലും സംഭവിക്കുന്നത് പശ്ചിമഘട്ടമാകെ പടർത്തുകയാണ് ഈ ശക്തികൾ. സാധാരണ കർഷകരെയും കുടിയേറ്റകുടുംബങ്ങളെയും തെറ്റദ്ധരിപ്പിച്ച് ഈ റിപ്പോർട്ടിനതിരെ അണിനിരത്തുന്നത് ഈ മാഫിയാശക്തികളാണ്. സ്വകാര്യമൂലധനശക്തികൾ പശ്ചിമഘട്ടമേഖലയിൽ നടത്തുന്ന അഴിഞ്ഞാട്ടത്തെ പ്രതിരോധിക്കാനുള്ള സമഗ്രപരിഹാരമായി ഗാഡ്ഗിൽ കമ്മിറ്റിയെ കാണാനാവില്ലെങ്കിലും ഈ പ്രക്രിയയെ തടയുന്ന കൂറെയധികം ജനാനുകൂലമായ നിർദ്ദേശങ്ങൾ നിശ്ചയമായും റിപ്പോർട്ടിൽ ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്.

**പശ്ചിമഘട്ടമേഖലയിൽ ജനസംഖ്യാധിക്യം മൂലം പ്രദേശനിവാസികൾക്ക് കൂടുതൽ താമസസൗകര്യം വേണ്ടിവരുന്ന സാഹചര്യങ്ങളിൽ അതിനായി കൃഷിഭൂമി അനുവദിക്കുന്നതിനുപോലും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ശുപാർശ ചെയ്യുന്നുണ്ട്. സോൺ മൂന്നിൽ കൃഷിയിടങ്ങളെ കാർഷികേതര ഇടങ്ങളാക്കി മാറ്റുവാൻ ഉപാധികളോടെ റിപ്പോർട്ട് അനുവദിക്കുന്നു. പാരിസ്ഥിതികമായി അതീവപ്രാധാന്യമുള്ള ചില പ്രത്യേക ഇടങ്ങളിൽ ജനവാസം അനുവദിക്കരുതെന്ന ശുപാർശ ഇപ്പോൾതന്നെ പശ്ചിമഘട്ടിത്തിന് വെളിയിൽ പോലും നിലനിൽക്കുന്ന ഒന്നാണ്. ഇവയിൽ ഏതാണ് ജനങ്ങളെ വൻതോതിൽ കുടിയൊഴിപ്പിക്കാനിടവരുത്തുന്ന നിർദ്ദേശം?**

പശ്ചിമഘട്ടമേഖലയ്ക്ക് പൊതുവായുള്ള നിർദ്ദേശങ്ങളും ഈ മേഖലയെ മൂന്നായി വിഭജിച്ചുകൊണ്ട് അവയ്ക്കോരോന്നിനും പ്രത്യേകമായിട്ടുള്ള നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ട്. ഈ നിർദ്ദേശങ്ങളോ ശുപാർശകളോ ഒന്നും അന്തിമമല്ലെന്നും വിവിധ തലങ്ങളിൽ നടത്തേണ്ടുന്ന ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും തീർപ്പുണ്ടാക്കേണ്ടവയാണെന്നുമാണ് കമ്മിറ്റിയുടെ അഭിപ്രായം. പ്രത്യേകിച്ചും മൂന്നായി വിഭജിക്കുന്ന മേഖലകളിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളും അവയുടെ അതിർത്തികളും നിർണ്ണയിക്കുന്ന പ്രക്രിയ ശ്രദ്ധാപൂർവ്വമുള്ള ചർച്ചകളിലൂടെ വേണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. അവശ്യം വേണ്ടുന്ന തിരുത്തലുകളും ഭേദഗതികളും വരുത്തുന്നതിനായി സാധ്യതകൾ തുറന്നിട്ടിരിക്കുന്ന ഒരു റിപ്പോർട്ടിനെ അടിച്ചേൽപ്പിക്കപ്പെടുന്ന അലംഘനീയമായ തീരുമാനങ്ങൾ എന്ന മട്ടിൽ അവതരിപ്പിക്കുകയാണ്. ജനങ്ങളുടെ മനസ്സിൽ ആശങ്കകൾ കുത്തിനിറയ്ക്കുക, അതിലൂടെ തങ്ങളുടെ സങ്കുചിത താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്ന ഹീനലക്ഷ്യം മാത്രമേ ഈ പ്രചാരണങ്ങൾക്കുള്ളൂ.

### ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ

സംരക്ഷണത്തെയും വികസനത്തെയും പരിഗണിച്ച് പശ്ചിമഘട്ടമേഖലയെ മൂന്ന് മേഖലകളാക്കി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വിഭജിക്കുന്നു. സോൺ.1–അതീവ പരിഗണനീയ പാരിസ്ഥിതിക മേഖല, സോൺ.2– മിത പരിഗണനീയ പാരിസ്ഥിതിക മേഖല, സോൺ.3 – പരിഗണനീയ പാരിസ്ഥിതിക മേഖല എന്നിവയാണവ. കേരളത്തിൽ സോൺ ഒന്നിൽ 15 താലൂക്കുകളെയും സോൺ രണ്ടിൽ 2 താലൂക്കുകളും സോൺ മൂന്നിൽ 8 താലൂക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മൂന്ന് സോണിനും ഒരു പോലെ ബാധകമായ ശുപാർശകളും വ്യത്യസ്ത സോണുകളിലേക്കുള്ള വ്യത്യസ്ത നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്. വനം വകുപ്പിന്റെ നിർവ്വചനപ്രകാരമുള്ള പാരിസ്ഥിതിക ദുർബ്ബലപ്രദേശങ്ങളിൽ(Ecologically Fragile Land) നിന്നും വിഭിന്നമാണ് ഗാഡ്ഗിൽ കമ്മിറ്റി വിഭാവനം ചെയ്യുന്ന സോണുകൾ വിഭജിക്കൽ. വനംവകുപ്പിന്റെ ഇ.എഫ്.എൽ മേഖലയിൽ ജനവാസം അനുവദിക്കുന്നില്ല. എന്നാൽ ഗാഡ്ഗിൽ കമ്മിറ്റി വിഭാവനം ചെയ്യുന്ന മൂന്ന് സോണുകളിലും ജനവാസം ഒഴിവാക്കാനുള്ള ഒരു നിർദ്ദേശവുമില്ല.

ജനിതക പരിവർത്തനം വരുത്തിയ വിത്തുകൾ അനുവദിക്കരുത്, പശ്ചിമഘട്ടമേഖലയിൽ പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കരുത്, ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഇല്ലാതാക്കണം, പൊതുഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യ ഭൂമിയാക്കി പരിവർത്തനപ്പെടുത്തരുത്, പുതിയ ടൂറിസ്റ്റ് ഹിൽ സ്റ്റേഷനുകൾ അനുവദിക്കരുത്, പാരിസ്ഥിതികമായി അതീവപ്രാധാന്യമുള്ള ചില പ്രത്യേക ഇടങ്ങളിൽ ജനവാസം അനുവദിക്കരുത്, ജൈവകൃഷി പ്രോൽസാഹിപ്പിക്കുക, 30ശതമാനത്തിൽ അധികം ചരിവുള്ള സ്ഥലങ്ങളിൽ വാർഷിക വിളകൾ നിരുൽസാഹപ്പെടുത്തുക, അവിടങ്ങളിൽ ദീർഘകാല വിളകൾ പ്രോൽസാഹിപ്പിക്കുക, അനധികൃതമായ ഖനനവും പാറപൊട്ടിക്കലും നിരോധിക്കുക എന്നീ ശുപാർശകളാണ് പശ്ചിമഘട്ടമേഖലയ്ക്ക് പൊതുവായി നിർദ്ദേശിച്ചിട്ടുള്ളത്. പരിസ്ഥിതിയ്ക്ക അനുകൂലമായ നിർമ്മാണസാമഗ്രികൾ കൊണ്ടുള്ള നിർമ്മിതി പ്രോൽസാഹിപ്പിക്കുക, സിമന്റും കമ്പിയും ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണങ്ങൾ നിരുൽസാഹപ്പെടുത്തുക എന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഈ നിർദ്ദേശങ്ങളിൽ ഒന്നുംതന്നെ ജനങ്ങൾക്കെതിരായിട്ടുള്ളവയല്ല.

പശ്ചിമഘട്ടമേഖലയിലെ മുഴുവൻ ജനങ്ങളെയും ഒറ്റയടിക്ക് കുടിയൊഴിപ്പിക്കാനുള്ള പദ്ധതിയാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടെന്നാണ് ഹൈറേഞ്ച് മേഖലയിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന പച്ചക്കള്ളം. ഒരൊറ്റ കുടുംബത്തെപോലും കുടിയൊഴിപ്പിക്കാനുള്ള നിർദ്ദേശം ഈ റിപ്പോർട്ടിലില്ല. അർഹതയുള്ള ഒരാൾക്ക് പോലും പട്ടയം നിഷേധിക്കുന്ന നിർദ്ദേശവും ഈ റിപ്പോർട്ടിലില്ല. എന്നാൽ ഇപ്പോൾ നടക്കുന്നതും ഭാവിയിലുണ്ടാകാനിടയുള്ളതുമായ വൻകിട വനംകൈയ്യേറ്റങ്ങൾ തടയപ്പെടും. സാധാരണക്കാരായ കുടിയേറ്റക്കാരുടെ പേരിൽ മുതലക്കണ്ണീരൊഴുക്കി തുടർന്നും വനംകൈയ്യേറ്റവും സർക്കാർ ഭൂമിയുടെ കൈവശപ്പെടുത്തലും നടത്താൻ ലക്ഷ്യമിടുന്നവരാണ് ഈ റിപ്പോർട്ടിനെ എതിർക്കുന്നത്. സാധാരണ കർഷകരുടെ ഭാഗത്തായിരുന്നു ഭരണ-പ്രതിപക്ഷങ്ങളെങ്കിൽ മൂന്നും നാലും ദശാബ്ദങ്ങളായി ഇവിടെ താമസിക്കുന്നവർക്ക് എന്തുകൊണ്ട് പട്ടയം നൽകിയില്ല? സാധാരണ കുടിയേറ്റക്കാർക്ക് പട്ടയം കൊടുക്കുന്നു എന്ന പ്രചാരണം നടത്തി വൻകിടക്കാരായ കൈയ്യേറ്റക്കാർക്ക് നിയമവിരുദ്ധമായി പട്ടയം നൽകിയതും ഇതേ നേതൃത്വങ്ങളാണ്. പശ്ചിമഘട്ട മേഖലയിൽ ജനസംഖ്യാധിക്യം മൂലം പ്രദേശനിവാസികൾക്ക് കൂടുതൽ താമസസൗകര്യം വേണ്ടിവരുന്ന സാഹചര്യങ്ങളിൽ അതിനായി കൃഷിഭൂമി അനുവദിക്കുന്നതിനുപോലും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ശുപാർശ ചെയ്യുന്നുണ്ട്. സോൺ മൂന്നിൽ കൃഷിയിടങ്ങളെ കാർഷികേതര ഇടങ്ങളാക്കി മാറ്റുവാൻ ഉപാധികളോടെ റിപ്പോർട്ട് അനുവദിക്കുന്നു. പാരിസ്ഥിതികമായി അതീവപ്രാധാന്യമുള്ള ചില പ്രത്യേക ഇടങ്ങളിൽ ജനവാസം അനുവദിക്കരുതെന്ന ശുപാർശ ഇപ്പോൾതന്നെ പശ്ചിമഘട്ടിത്തിന് വെളിയിൽ പോലും നിലനിൽക്കുന്ന ഒന്നാണ്. ഇവയിൽ ഏതാണ് ജനങ്ങളെ വൻതോതിൽ കുടിയൊഴിപ്പിക്കാനിടവരുത്തുന്ന നിർദ്ദേശം?

റിപ്പോർട്ടിലൂടെ പശ്ചിമഘട്ടമേഖലയിലെ കൃഷിയെ നിരോധിക്കാനാണ് ഗാഡ്ഗിലും സംഘവും ശ്രമിക്കുന്നത് എന്നാണ് വ്യാപകമായ പ്രചാരണം. സാധാരണജനങ്ങളെ റിപ്പോർട്ടിനെതിരെ തെരുവിലിറക്കാനുള്ള കുതന്ത്രമല്ലാതെ മറ്റൊന്നുമല്ല ഇത്. സാമാന്യയുക്തിക്ക് നിരക്കാത്ത ഇപ്രകാരമൊരു ശുപാർശ റിപ്പോർട്ടിലുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതുപോലൊരു വങ്കത്തരം മറ്റൊന്നുണ്ടോ! പശ്ചിമഘട്ടമേഖലയിലെ കോടിക്കണക്കിന് ജനങ്ങളുടെ ജീവിതവൃത്തിയെ ഇല്ലാതാക്കുന്ന ഒരു ശുപാർശ ഗാഡ്ഗിലിനെപ്പോലൊരു സുസമ്മതനായ പ്രതിഭയ്ക്ക് മുന്നോട്ടുവയ്ക്കാനാവുമെന്ന് സങ്കൽപ്പിക്കാൻപോലും കഴിയുമോ? യഥാർത്ഥത്തിൽ കൃഷിയെ സംബന്ധിച്ച് ഒട്ടനവധി ശുപാർശകളാണ് റിപ്പോർട്ട് അവതരിപ്പിക്കുന്നത്. ഏറ്റവും സുപ്രധാനമായ നിർദ്ദേശം ജനിതകമാറ്റം വരുത്തിയ വിളകൾ ഈ മേഖലയിൽ പാടില്ല എന്നതാണ്. ഇത് ഒരു വിധത്തിലും കർഷകർക്ക് ദ്രോഹകരമായ ഒന്നല്ല, മറിച്ച് അങ്ങേയറ്റം സഹായകരമായ നിർദ്ദേശമാണ്. ജനിതകമാറ്റം വരുത്തിയ വിളകളും അന്തകവിത്തുകളും എവ്വിധവും കർഷകരുടെ ശിരസ്സിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന കോർപ്പറേറ്റ് ശക്തികളും അവരുടെ പിണിയാളുകളുമാണ് യഥാർത്ഥ കർഷക ദ്രോഹികൾ. ജനിതക മാറ്റം വരുത്തിയ പരുത്തി വിത്ത് ഉപയോഗിച്ച് കൃഷിചെയ്ത കർഷകർ വിദർഭയിൽ കൂട്ടത്തോടെ ആത്മഹത്യ ചെയ്യേണ്ടി

(ശേഷം 14–ാം പേജിൽ)



പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂരിൽ ക്രഷർവിരുദ്ധ സമിതി സംഘടിപ്പിച്ച പരിപാടിയിൽ പ്രൊഫ. മാധവ് ഗാഡ്ഗിൽ പ്രസംഗിക്കുന്നു

## മഹത്തായ നവംബർ വിപ്ലവത്തിന്റെ പാഠങ്ങളിൽ നിന്ന്

# ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈനില്ലാതെ വിമോചനം സാദ്ധ്യമല്ല

**– സഖാവ് ശിബ്ദാസ് ഘോഷ്**



*(ലോകത്തെങ്ങുമുള്ള അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് മോചനമാർഗ്ഗം കാട്ടിയ മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പാഠങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട് ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ആചാര്യനും എസ്.യു.സി.ഐ(സി) യുടെ സ്ഥാപക ജനറൽസെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് 1974 നവംബർ 8 ന് നടത്തിയ ഒരു ചർച്ചയിൽ നിന്നുള്ള ചില ഭാഗങ്ങൾ. സഖാവ് ഘോഷിന്റെ, ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള തെരഞ്ഞെടുത്ത കൃതികളുടെ മൂന്നാം വാല്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മഹത്തായ നവംബർ വിപ്ലവത്തിന്റെ പതാകക്കീഴിൽ എന്ന കൃതിയിൽ നിന്ന്.)*

നമ്മുടെ രാജ്യത്ത് മൗലികമായ രാഷ്ട്രീയപ്രശ്നത്തിൽ വലിയ ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ട്. നാമൊരു വിഷമവൃത്തത്തിൽ പെട്ടിരിക്കുന്നു. നാം പാതയന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ പ്രതിസന്ധിയെ അതിജീവിച്ച് ശരിയായ മാർഗ്ഗത്തിലെത്താൻ കഴിയണമെങ്കിൽ നവംബർ വിപ്ലവത്തിന്റെ ഈ മൗലികമായ പാഠം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സമരത്തിന്റെ അടിസ്ഥാന രാഷ്ട്രീയ ലൈൻ ശരിയായി നിർണ്ണയിക്കാൻ സാധിക്കുന്നില്ലെങ്കിൽ, പോയകാലത്തെ അസംഖ്യം സമരങ്ങൾക്ക് സംഭവിച്ചതുപോലെ ഭാവിയിലും ചൂഷിത ജനതയുടെ മോചനപ്പോരാട്ടങ്ങൾ അനിവാര്യമായും വീണ്ടും വീണ്ടും പരാജയത്തിൽ കലാശിക്കും എന്ന് നാം മനസ്സിലാക്കണം. നമ്മുടെ രാജ്യത്ത് വിപ്ലവശക്തികളൊന്നുമില്ല, ജനങ്ങൾക്ക് വിപ്ലവകരമായ ഇച്ഛാശക്തിയോ വീര്യമോ ഇല്ല, യുവാക്കൾക്ക് പോരാട്ടവീര്യമോ ജീവൻ ബലിയർപ്പിക്കാനുള്ള മനോഭാവമോ ഇല്ല, തൊഴിലാളികൾക്കും കർഷകർക്കും സമരവീര്യമോ പോരാട്ടത്തിൽ സർവ്വവും സമർപ്പിക്കാനുള്ള സന്നദ്ധതയോ ഇല്ല – ഇങ്ങനെയൊക്കെ പറയുന്നവർ യഥാർത്ഥത്തിൽ ചരിത്രത്തെ നിഷേധിക്കുകയാണ്. അത് സത്യമല്ല. കർഷകരും തൊഴിലാളികളും മറ്റ് അദ്ധ്വാനിക്കുന്ന ജനങ്ങളും ഇടത്തരം കുടുംബങ്ങളിൽ നിന്നുള്ള എണ്ണമറ്റ വിദ്യാർത്ഥികളും യുവാക്കളും എത്രയോ വട്ടം സമരത്തിലേയ്ക്കെടുത്തുചാടിയിട്ടുണ്ട്. ജനങ്ങളെ സമരരംഗത്തുകൊണ്ടുവരാൻ പോന്ന തരത്തിൽ എന്തെങ്കിലും സംഘടനാശേഷിയുള്ളവർ ഉചിതമായ സന്ദർഭത്തിൽ "മർദ്ദകർക്കെതിരെ പൊരുതി വിപ്ലവം യാഥാർത്ഥ്യമാക്കുക" എന്ന മുദ്രാവാക്യമുയർത്തിയിട്ടുള്ളപ്പോഴെല്ലാം രാജ്യത്തെമ്പാടും സമരങ്ങൾ അലയടിച്ചുയരുന്നത് നാം കണ്ടു. വിപ്ലവത്തിന് വേണ്ടിയുള്ള അദമ്യമായ വാഞ്ഛ, ആ സ്വപ്നം, അതൊന്നുതന്നെ യുവാക്കളെ വീണ്ടും വീണ്ടും പോരാട്ടത്തിലണിനിരക്കാനും ജീവൻവെടിയാനും പ്രചോദിപ്പിച്ചിട്ടുണ്ട്. എന്തുതരം വിപ്ലവം, എങ്ങനെ എവിടെ നിന്ന് അത് സംഭവിക്കും, ആരുടെ നേതൃത്വത്തിൽ, അതിന്റെ ശരിയായ ലൈൻ എന്തായിരിക്കും – ഇത്തരം പ്രശ്നങ്ങളെപ്പറ്റിയൊന്നും അവർ ചിന്തിച്ചില്ല.

അതിനാൽ, നമ്മുടെ യുവാക്കൾ സമരസന്നദ്ധരല്ല എന്ന് പറയുന്നത് ശരിയല്ല. നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്കും കർഷകർക്കും സമരം ചെയ്യാൻ താല്പര്യമില്ല, റഷ്യയിലെയും ചൈനയിലെയും വിയറ്റ്നാമിലെയുമൊക്കെ തൊഴിലാളികളെയും കർഷകരെയും യുവാക്കളെയും പോലെ മരണത്തെ തൃണവൽഗണിച്ചുകൊണ്ട് സമരം ചെയ്യാൻ അവർ ഒരുക്കമല്ല, മറ്റാരെങ്കിലും തങ്ങൾക്കുവേണ്ടി ഉപായത്തിൽ വിപ്ലവം നടത്തിത്തരണമെന്നുള്ളതാണ് നമ്മുടെ ചെറുപ്പക്കാരുടെയും കൃഷിക്കാരുടെയും തൊഴിലാളികളുടെയും മനോഭാവം, പ്രകൃതം കൊണ്ട് അവർ അവിഹിതമാംവിധം സമാധാനപ്രിയരാണ്, കുഴപ്പങ്ങളും സമരവുമൊക്കെ ഒഴിവാക്കണമെന്നതാണവരുടെ താല്പര്യം — ഇങ്ങനെയൊക്കെ പറയുന്നതും സത്യമല്ല. യഥാർത്ഥ പ്രശ്നം കുടികൊള്ളുന്നത് ഇവിടെയല്ല. അവരുടെ മുന്നിൽ ശരിയായ പാതയില്ല, ശരിയായ അടിസ്ഥാന രാഷ്ട്രീയലൈൻ ഇല്ല – ഇവിടെയാണ് യഥാർത്ഥ പ്രശ്നം കിടക്കുന്നത്. സമരത്തിന്റെ തന്ത്രവും ലക്ഷ്യവും നിർണ്ണയിക്കുന്ന കാര്യത്തിൽ, വിപ്ലവഘട്ടം നിർണ്ണയിക്കുന്നതിൽ, വീഴ്ച സംഭവിച്ചാൽ, വിപ്ലവത്തിന്റെ അടിസ്ഥാന അടവ് സംബന്ധിച്ച ലൈൻ ശരിയല്ലെങ്കിൽ, മനസ്സിലാക്കൽ ശരിയല്ലെങ്കിൽ, മറ്റുവാക്കുകളിൽ പറഞ്ഞാൽ, അടിസ്ഥാന രാഷ്ട്രീയലൈനും സമരത്തിന്റെ ലക്ഷ്യം തന്നെയും തെറ്റാണെങ്കിൽ, ജനങ്ങൾക്ക് എത്രയെല്ലാം സമരവീര്യവും ത്യാഗമനോഭാവവും ഉണ്ടെങ്കിലും ശരി, അവരുടെ ത്യാഗവും രക്തസാക്ഷിത്വവുമെല്ലാം വ്യർത്ഥമാവിലാകും. ആ ഒരു സമയത്തേയ്ക്ക് മാത്രമാണോ അത് വൃഥാവിലാകുന്നത്? ഈ പരാജയം സമരത്തിൽ പങ്കെടുക്കുന്നവരുടെ മനസ്സിൽ നിരാശയും വ്യർത്ഥതാബോധവും നിറയ്ക്കും എന്നതും സത്യമല്ലേ? അവരുടെ മനസ്സിൽ സമരത്തെയും പ്രക്ഷോഭണങ്ങളെയും പറ്റി സംശയം നുഴഞ്ഞുകയറുന്നു. "നാം കഠിനമായി പൊരുതി, എത്രയോപേർ ജീവൻ നൽകി, വലിയ ത്യാഗങ്ങൾ അനുഷ്ഠിച്ചു, എന്നിട്ട് എന്താണ് നേടിയത്?" ഈ ചിന്ത അവരെ അലട്ടുന്നു. അവർ ഇടതുപക്ഷ പാർട്ടികളുടെ കേഡർമാരെ ചോദ്യം ചെയ്യുന്നു: "ഞങ്ങൾ സമരത്തെ പിന്തുണച്ചു. നിരവധി പേർ ജീവൻ നൽകി. പക്ഷെ, എന്തു ഫലം? നമ്മുടെ രാജ്യത്ത് ഞങ്ങൾക്കൊരു പ്രതീക്ഷയുമില്ല. നിങ്ങളെപ്പോലുള്ള രാഷ്ട്രീയപ്പാർട്ടികളെയെല്ലാം ഞങ്ങൾ കണ്ടുകഴിഞ്ഞു. നിങ്ങളെല്ലാം ഒരുപോലെയാണ്. നിങ്ങൾക്ക്, ഈ പാർട്ടികളിൽ ഒന്നിനും, യാതൊരു നന്മയും ചെയ്യാൻ കഴിവില്ല." സമരത്തിന്റെ പരാജയത്തെത്തുടർന്ന് ഇങ്ങനെയൊരു നിരാശാബോധം ജനങ്ങളുടെ മനസ്സിൽ നിഴൽവീഴ്ത്തുന്നു.

ഏറെ ഉത്കണ്ഠാജനകമായ കാര്യം, ഈയൊരു ചിന്താഗതി മൂലം അവർ വളരെ ലളിതമായ ഒരു സാമാന്യസത്യത്തെ സംബന്ധിച്ചുപോലും ആശയക്കുഴപ്പം വച്ചുപുലർത്തുന്നുവെന്നതാണ് – ഇപ്പോൾ വളരെ പ്രബലമായിരിക്കുന്ന ഒരു പ്രവണതയാണിത്. ഇപ്പറഞ്ഞത് അല്പം വിശദീകരിക്കാം. അവർ പറയുന്നതുപോലെ, നമ്മളിലാർക്കും ഒരു നന്മയും ചെയ്യാൻ കഴിവില്ല എന്നിരിക്കട്ടെ. അവരുടെ ആ വിചാരം ശരിയാണെങ്കിൽപ്പോലും അവർക്കെന്താണ് ചെയ്യാനുള്ളത്? നമ്മളെ ഒന്നിനും കൊള്ളില്ല എന്ന് അവർ വിചാരിക്കുന്നു. ശരി, പക്ഷെ, അവർക്ക് ഈവിധത്തിൽ ജീവിതം മുന്നോട്ട് നയിക്കാൻ സാധിക്കുമോ? ഇങ്ങനെ തുടരാൻ സാധിക്കുമോ? അത് വിശപ്പിന് പരിഹാരമുണ്ടാക്കുമോ? എല്ലാറ്റിനും വില കൂടിക്കൊണ്ടിരിക്കുന്നു. തൊഴിലിന് യാതൊരു സുരക്ഷിതത്വവുമില്ല. ഭൂമി കൈവിട്ടുപോകുന്നു. തൊഴിലില്ലായ്മപ്രശ്നം വർദ്ധിച്ചുവരുന്നു. കുടുംബങ്ങൾ തകരുകയാണ്. കുടുംബങ്ങളിൽ ഒരു സമാധാനവുമില്ല. സ്നേഹവും വാത്സല്യവും സഹാനുഭൂതിയുമൊക്കെ വറ്റിവരളുന്നു. മക്കൾ നിങ്ങളുടെ കൺമുന്നിൽ മനുഷ്യത്വത്തിന് നിരക്കാത്ത സ്വഭാവവിശേഷങ്ങൾ വളർത്തിയെടുക്കുന്നു. നിങ്ങൾ തന്നെ സ്വയം അധഃപതിക്കുകയെന്ന ഭീഷണി നേരിടുന്നു. അതിനെപ്പറ്റിയും നിങ്ങൾ തികച്ചും ബോധവാനാണ്. ഇതെല്ലാം അങ്ങനെ തുടരാൻ നിങ്ങൾ അനുവദിക്കുമോ? തീർച്ചയായും, ദീർഘകാലം അതങ്ങനെ തുടരാനാവില്ല.

അപ്പോൾ, എന്തു സംഭവിക്കുന്നു? ചില സമയങ്ങളിൽ അവരിലെ മനുഷ്യത്വം അഥവാ ഉദാത്തമായ മനുഷ്യജീവിതത്തിന്റെ ആത്മവത്ത നിദ്രവിട്ടുണരുന്നു. ഇനി, മനുഷ്യത്വത്തെപ്പറ്റി അവർക്ക് ഉത്കണ്ഠയില്ലെങ്കിലും, നിലനില്പിന് അവശ്യം വേണ്ട കാര്യങ്ങൾ അവർക്ക് അവഗണിക്കാനാവില്ല. എന്തെന്നാൽ, വിശപ്പ് ഒരു കടുത്ത യാഥാർത്ഥ്യമാണ്. ഉയർന്ന പ്രബുദ്ധതയില്ലെങ്കിൽ, ഉന്നതമായ നൈതിക-ധാർമ്മിക മൂല്യങ്ങളില്ലെങ്കിൽ, ഒരാൾ മാനവികതയുടെ ആഹ്വാനം ചെവിക്കൊള്ളുകയില്ല. പക്ഷെ, വിശപ്പിനെ അവഗണിക്കാൻ ഒരാൾക്കും കഴിയില്ല. അതിനാൽ, പരാജയത്തിന് ശേഷവും അവർക്ക് ഉണർന്നെണീക്കേണ്ടി വരും. പക്ഷെ, അങ്ങനെ ഉണർന്നെണീക്കുമ്പോൾ വീണ്ടും അവർ പ്രതികരിക്കുന്നത് ഉന്മത്തമായ വിധത്തിലോ ബാലിശമായോ ആയിരിക്കും – അതായത്, തികഞ്ഞ അക്ഷമയോടെയും പൂർവ്വാപരവൈരുദ്ധ്യങ്ങൾ നിറഞ്ഞ വിധത്തിലും. എന്തെന്നാൽ, സമരങ്ങൾക്ക് അവശ്യം വേണ്ട സംഘടനാപരമായ സംവിധാനം എവിടെ? ശരിയായ രാഷ്ട്രീയനേതൃത്വം എവിടെ? ഇങ്ങനെ, അഞ്ചോ ഏഴോ എട്ടോ പത്തോ വർഷങ്ങളുടെ ഇടവേളകളിൽ രാജ്യത്ത് സമരങ്ങളുടെ അലയടികളുണ്ടാകുന്നു. ഈ ഓരോ സമരത്തിലും പരാജയമുണ്ടായിക്കഴിയുമ്പോൾ ജനങ്ങൾ നിരാശയ്ക്കടിപ്പെടുന്നു. പ്രതീക്ഷയ്ക്ക് ഒരുവകയുമില്ലാത്തതായി അവർക്ക് തോന്നുന്നു. എങ്കിലും, ഇതേ പരാജിതജനത തന്നെ കുറച്ചുകാലം കഴിഞ്ഞ് വീണ്ടും അക്ഷമരാവുകയും മാറ്റത്തിന് വേണ്ടിയും എന്തെങ്കിലും പ്രവർത്തിക്കുന്നതിന് വേണ്ടിയും മുറവിളിയുയർത്തുകയും ചെയ്യുന്നു. അപ്പോൾ, സമരം അനിവാര്യമാണ്, സമരരംഗത്തിറങ്ങാതിരിക്കാൻ ജനങ്ങൾക്ക് സാധിക്കുകയുമില്ല. ഇന്നല്ലെങ്കിൽ രണ്ട് കൊല്ലം കഴിഞ്ഞ്, അതുമല്ലെങ്കിൽ അഞ്ചുകൊല്ലം കഴിഞ്ഞ്, അവർക്ക് സമരത്തിൽ വന്നുചേരേണ്ടിവരും. പക്ഷെ, അങ്ങനെ വന്നുചേരുമ്പോൾ അവർ വീണ്ടും പഴയപോലെ ബാലിശമായ പ്രതികരണങ്ങൾ നടത്തും, ശരിയോ തെറ്റോ എന്ന് നോക്കാതെ ഏതെങ്കിലും മാർഗ്ഗം സ്വീകരിച്ച് സമരം തുടങ്ങും, ഏതെങ്കിലുമൊക്കെ മുദ്രാവാക്യങ്ങളുയർത്തും, തങ്ങൾ വിപ്ലവത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന് വിശ്വസിച്ചുകൊണ്ട് ജീവൻ ബലിയർപ്പിക്കും. വീണ്ടും അവർ പരാജയപ്പെടും. വീണ്ടും അവർ വഴിതെറ്റിക്കപ്പെടും. അതിനാൽ, നവംബർ വിപ്ലവത്തിന്റെ ഈ മൗലികമായ പാഠം ഏതൊരു സമരത്തിന്റെയും മുന്നിലേയ്ക്ക് നാം കൊണ്ടുവരേണ്ടതുണ്ട്. ●




*നവംബർ 7 ന് മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ 96ാം വാർഷികാചരണ സമ്മേളനത്തിനു മുന്നോടിയായി കോട്ടയം ജില്ലയിലെ പാമ്പാടി ടൗണിൽ നടന്ന പ്രകടനം. പാമ്പാടി ബസ് സ്റ്റാന്റിൽ നടന്ന പൊതുസമ്മേളനത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പർ സഖാവ് വി.വേണുഗോപാൽ മുഖ്യപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.* ●

(ശേഷം 2-ാം പേജിൽ)(1-ാംപേജിൽ നിന്നും തുടർച്ച)

# രൂപയുടെ വിലയിടിവ് തടയാനെന്ന പേരിലുള്ള നടപടികൾ ജനജീവിതത്തെ തകർക്കുന്നു

രൂപയുടെ അതിവേഗത്തിലുള്ള പതനത്തെ എവ്വിധവും തടഞ്ഞുനിർത്തുകയെന്ന പ്രചരണമറ സൃഷ്ടിച്ചുകൊണ്ട് വിദേശനാണ്യത്തിന്റെ ഒഴുക്ക് കൂട്ടാനും കറണ്ട് അക്കൗണ്ട് കമ്മി(വിദേശനാണ്യശേഖരത്തെ ശോഷിപ്പിക്കുന്ന വിധത്തിൽ കയറ്റുമതിയെക്കാൾ ഇറക്കുമതി കൂടുന്ന സ്ഥിതി) കുറക്കാനുമെന്ന പേരിൽ കോൺഗ്രസ് നിയക്കുന്ന യുപിഎ സർക്കാർ, ഇതിനോടകം തന്നെ നിലംപരിശായിരിക്കുന്ന അടിച്ചമർത്തപ്പെട്ട ജനങ്ങളുടെമേൽ പുതിയ സാമ്പത്തികാക്രമണങ്ങൾ അഴിച്ചുവിടുകയാണ്. എണ്ണവില നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞും സബ്സിഡി നിരക്കിലുള്ള ഗ്യാസ്സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ചും മൾട്ടിബ്രാന്റ് ചെറുകിട വ്യാപാരത്തിൽ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചും ഇന്ധനത്തിനും ഭക്ഷ്യധാന്യങ്ങൾക്കും രാസവളങ്ങൾക്കും ക്രമേണ സബ്സിഡി നിർത്തലാക്കിയും രാസവളത്തിന്റെയും ഊർജ്ജോല്പാദനത്തിന്റെയും പ്രധാനഘടകമായ പ്രകൃതിവാതകത്തിന്റെ വില ധിക്കാരപൂർവ്വം ഏകപക്ഷീയമായി ഇരട്ടിയാക്കിവർദ്ധിപ്പിച്ചും ജനങ്ങളെ ഞെട്ടിച്ച സർക്കാർ ജനങ്ങൾക്കെതിരെ പുതിയ വെല്ലുവിളികളുമായി രംഗത്തെത്തിയിരിക്കുകയാണ്. പ്രതിരോധരംഗത്തും ഇൻഷ്വറൻസ്, റിഫൈനറികൾ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ തുടങ്ങിയവയിൽ നേരിട്ടുള്ള വിദേശനിക്ഷേപവ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കിക്കൊണ്ടുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങൾ ധൃതിപിടിച്ച് കൊണ്ടുവരികയാണ്. അത്തരത്തിലുള്ളവ ഇനിയും അണിയറയിൽ ഒരുങ്ങിവരികയാണ്.

രൂപയുടെ അതിവേഗത്തിലുള്ള പതനത്തെ എവ്വിധവും തടഞ്ഞുനിർത്തുകയെന്ന പ്രചരണമറ സൃഷ്ടിച്ചുകൊണ്ട് വിദേശനാണ്യത്തിന്റെ ഒഴുക്ക് കൂട്ടാനും കറണ്ട് അക്കൗണ്ട് കമ്മി(വിദേശനാണ്യശേഖരത്തെ ശോഷിപ്പിക്കുന്ന വിധത്തിൽ കയറ്റുമതിയെക്കാൾ ഇറക്കുമതി കൂടുന്ന സ്ഥിതി) കുറക്കാനുമെന്ന പേരിൽ കോൺഗ്രസ് നിയക്കുന്ന യുപിഎ സർക്കാർ, ഇതിനോടകം തന്നെ നിലംപരിശായിരിക്കുന്ന അടിച്ചമർത്തപ്പെട്ട ജനങ്ങളുടെമേൽ പുതിയ സാമ്പത്തികാക്രമണങ്ങൾ അഴിച്ചുവിടുകയാണ്. എണ്ണവില നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞും സബ്സിഡി നിരക്കിലുള്ള ഗ്യാസ്സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ചും മൾട്ടിബ്രാന്റ് ചെറുകിട വ്യാപാരത്തിൽ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചും ഇന്ധനത്തിനും ഭക്ഷ്യധാന്യങ്ങൾക്കും രാസവളങ്ങൾക്കും ക്രമേണ സബ്സിഡി നിർത്തലാക്കിയും രാസവളത്തിന്റെയും ഊർജ്ജോല്പാദനത്തിന്റെയും പ്രധാനഘടകമായ പ്രകൃതിവാതകത്തിന്റെ വില ധിക്കാരപൂർവ്വം ഏകപക്ഷീയമായി ഇരട്ടിയാക്കിവർദ്ധിപ്പിച്ചും ജനങ്ങളെ ഞെട്ടിച്ച സർക്കാർ ജനങ്ങൾക്കെതിരെ പുതിയ വെല്ലുവിളികളുമായി രംഗത്തെത്തിയിരിക്കുകയാണ്. പ്രതിരോധരംഗത്തും ഇൻഷ്വറൻസ്, റിഫൈനറികൾ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ തുടങ്ങിയവയിൽ നേരിട്ടുള്ള വിദേശനിക്ഷേപവ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കിക്കൊണ്ടുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങൾ ധൃതിപിടിച്ച് കൊണ്ടുവരികയാണ്. അത്തരത്തിലുള്ളവ ഇനിയും അണിയറയിൽ ഒരുങ്ങിവരികയാണ്.

നിശ്ചലമായ സമ്പദ്‌വ്യവസ്ഥയെ നേരെയാക്കാനായി, ജനങ്ങളെ കൂടുതൽ ദുരിതത്തിലാക്കുന്നവയായാൽ പോലും ചില കടുത്ത നടപടികൾ സ്വീകരിച്ചുകൊണ്ട് സാമ്പത്തിക പരിഷ്ക്കാരങ്ങൾ കൂടുതൽ രൂക്ഷമാക്കാതെ മാർഗ്ഗമില്ലെന്ന് ഭരണവൃന്ദവും അവരുടെ പാദസേവകരായ സാമ്പത്തികവിദഗ്ദന്മാരും സാമ്പത്തികകാര്യലേഖകന്മാരും സമർത്ഥിക്കുന്നു. കൂടുതൽ കൂടുതൽ മേഖലകളിലേക്ക് നേരിട്ടുള്ള വിദേശനിക്ഷേപമെത്തുന്നതോടെ വിദേശനാണ്യം ഒഴുകിയെത്തുമെന്നും രൂപയുടെ മൂല്യം ഉയരുമെന്നും സമ്പദ്‌രംഗം ഉണരുമെന്നും ജനങ്ങൾക്ക് നല്ലകാലം വരുമെന്നുമുള്ള ധാരണ അവർ പരത്താൻ ശ്രമിക്കുന്നു.

സാമ്പത്തിക പരിഷ്ക്കാരങ്ങൾ ജനങ്ങളെ ചതച്ചരക്കുകയാണ് ചെയ്തത്

പക്ഷേ ഇതുവരെ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നവയുടെ സ്വഭാവവും നോക്കുമ്പോൾ സർക്കാർ വാദങ്ങൾ വിഴുങ്ങാനാവാത്തതാണെന്ന് മനസ്സിലാകും. പ്രകാശപൂരിതമായ ഭാവി സാധാരണക്കാർക്ക് വാഗ്ദാനം ചെയ്തുകൊണ്ടാണ് 1990 കളിൽ ഇന്ത്യൻ മുതലാളിത്തസർക്കാർ ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും പരിഷ്ക്കാരങ്ങളെ ആനയിച്ചുകൊണ്ട് വന്നത്. അതുവരെ സർക്കാർ നിയന്ത്രണത്തിലായിരുന്ന പൊതുജനക്ഷേമമടക്കമുള്ള സർവ്വീസ് മേഖലയെ സ്വകാര്യമുതലാളിമാർക്ക് ലാഭമുണ്ടാക്കാൻ വേണ്ടി തുറന്നുകൊടുത്തു. ക്രമേണ സർക്കാർ മേഖലയെ പൊളിച്ചെടുക്കാനും സാമ്പത്തികരംഗമാകെ സ്വകാര്യസംരംഭകരുടെ കൈകളിലെത്തിക്കുവാനുമായിരുന്നു പദ്ധതി. ആരോഗ്യ–വിദ്യാഭ്യാസ– പൊതുസേവനരംഗങ്ങളുടെ സ്വകാര്യവൽക്കരണത്തിന്റെ പ്രവാഹമായിരുന്നു തുടർന്നുണ്ടായത്. ഇപ്പോഴിതാ ചെറുകിടവ്യാപാരവും. സ്വാതന്ത്ര്യാനന്തരം പൊതുജനങ്ങളുടെ സമ്പത്ത് കൊണ്ട് കെട്ടിപ്പടുക്കപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങൾ കൂടുതൽ കൂടുതലായി സ്വകാര്യമുതലാളിമാർക്ക് വിറ്റുതുലക്കുകയെന്നതും പരിഷ്ക്കാരത്തിന്റെ ഭാഗമായിരുന്നു. പിന്നീടങ്ങോട്ട്, ഇതിനോടകം സ്വകാര്യവൽക്കരണ്തിനായി തുറന്നുകൊടുക്കപ്പെട്ട മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപവും ഷെയറുകളിലും മറ്റും ഊഹക്കച്ചവടത്തിനായി വിദേശനിക്ഷേപവും വശീകരിച്ചുകൊണ്ടുവരാനായി വൻതോതിലുള്ള നിക്ഷേപകമ്പോളപരിഷ്ക്കാരങ്ങൾക്കുവേണ്ടിയും എന്തിന്, അവശ്യവസ്തുക്കളുടെ വില ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നതിന് അനുകൂലമായിപ്പോലും വാദങ്ങൾ നിരത്തി.

ഇതിന്റെ ഫലമായി എന്തുണ്ടായി? വിവിധ മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം വഴിയും ഷെയർമാർക്കറ്റിലെ ഊഹക്കച്ചവടത്തിൽ വിദേശസ്ഥാപന നിക്ഷേപകരുടെ വർദ്ധിച്ച പങ്കാളിത്തം വഴിയും വിദേശനാണ്യം കൂടുതലായെത്തിയെന്നത് ശരിയാണ്. കുടുംബത്തിലെ നിധിയെന്നോണം കണക്കാക്കാവുന്ന പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിച്ചതുവഴിയും പണം വന്നിട്ടുണ്ട് പക്ഷേ, ഈ പണമെല്ലാം എങ്ങോട്ടുപോയി?

നേരിട്ടുള്ള വിദേശനിക്ഷേപത്തിനായി അഭിപ്രായ സമാഹരണം നടത്തുന്നവർ അവകാശപ്പെടുന്നത് അത് നിക്ഷേപസാദ്ധ്യമായ വിഭവങ്ങൾക്ക് മുതൽ കൂട്ടുകയും സാങ്കേതിക വിദ്യയും നല്ല മാനേജ്മെന്റ് സമ്പ്രദായങ്ങളും കൊണ്ടുവരികയും ആഭ്യന്തരനീക്കിയിരിപ്പും നിക്ഷേപവും തമ്മിലുള്ള അന്തരം നികത്തുകയും ചെയ്യുമെന്നും തൊഴിൽ നൽകുമെന്നും നികുതി വരുമാനം കൂട്ടുമെന്നുമൊക്കെയാണ്. ആഗോളവൽക്കരണത്തിന്റെ സാമ്പത്തിക ശാസ്ത്രത്തിൽ നിന്ന് അടർത്തിയെടുത്ത ചില സാങ്കേതിക പദാവലികൾ കോർത്ത വാചക കസർത്തുകൾ കേൾക്കാൻ രസമുണ്ട്. പക്ഷേ ഈ അവകാശവാദങ്ങൾക്ക് യാഥാർത്ഥ്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ? 2000–ാമാണ്ട് മുതൽ മിക്കവയും മേഖലകളിൽ 100% നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചതിന് ശേഷം അതുവഴി 290 ബില്യൻ ഡോളറിനുമേൽ വിദേശനിക്ഷേപം ഇന്ത്യയിലെത്തി. പക്ഷേ അത് ദുരിതങ്ങളനുഭവിക്കുന്ന പരകോടികൾക്ക് എന്തെങ്കിലും ആശ്വാസം പ്രദാനം ചെയ്തോ? അതോ അവരുടെ കഷ്ടതകൾ പതിന്മടങ്ങ് വർദ്ധിപ്പിച്ചോ? ഒരുപിടി വരുന്ന ധനികരും കോടിക്കണക്കായ പാവപ്പെട്ടവരും തമ്മിലുള്ള വിടവ് കാര്യമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണ് രണ്ടുമാസം മുമ്പ് പ്രസിദ്ധീകരിച്ച 1999–2000 മുതൽ 2011–2012 വരെയുള്ള നാഷണൽ സാമ്പിൾ സർവ്വേ ഫലങ്ങൾ വെളിവാക്കുന്നത്. പരിഷ്ക്കരണ നടപടികൾ ദേശീയ ഉല്പാദന (ജി.ഡി.പി) ത്തെ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഭരണവൃന്ദവും അവരുടെ പിണിയാളുകളും അവകാശപ്പെടുന്നുണ്ടെങ്കിലും അതിന്റെ ഫലങ്ങൾ താഴേത്തട്ടിലെ ഏറ്റവും അർഹരായ സാധുക്കളിലേക്ക് എത്തിയിട്ടില്ലെന്നും സർവ്വേ വ്യക്തമാക്കുന്നു. പുതിയ സാങ്കേതിക വിദ്യയും ഏറ്റവും നല്ല മാനേജ്മെന്റ് വിദ്യകളും ജനങ്ങൾക്ക് നന്മയൊന്നും കൊണ്ട് വന്നിട്ടില്ലെന്ന് ഇത് വ്യക്തമാക്കുന്നു. തൊഴിൽ സൃഷ്ടിക്കുന്നതിന് പകരം അത് ഉള്ള തൊഴിൽ ഇല്ലാതാക്കുന്നതിനും തൊഴിലില്ലായ്മ നിരക്ക് വർദ്ധിപ്പിക്കുന്ന വിധത്തിൽ മനുഷ്യാദ്ധ്വാനത്തിന്റെ സ്ഥാനത്ത് സങ്കീർണ്ണയന്ത്രങ്ങൾ സ്ഥാപിക്കുകയുമാണ് ചെയ്തത്. കുറഞ്ഞുകൊണ്ടേയിരിക്കുന്ന വ്യാവസായികോല്പാദനത്തിന്റെ കണക്ക് വ്യക്തമായി സ്ഥാപിക്കുന്നത് നേരിട്ടുള്ള വിദേശനിക്ഷേപം വഴി വികസന കുതിപ്പുണ്ടാകുമെന്ന വാദം അർത്ഥശൂന്യമെന്നാണ്. ബ്രിട്ടീഷ് സെല്ലുലാർ ഫോൺ ഭീമന്മാരായ വോഡഫോൺ 11000 കോടി രൂപയുടെ നികുതിവെട്ടിപ്പ് നടത്തിയത് കാണിക്കുന്നത്, നേരിട്ടുള്ള വിദേശനിക്ഷേപം നികുതിവർദ്ധനവിനല്ല നികുതി വെട്ടിപ്പിനാണ് വഴി തുറക്കുന്നതെന്നാണ്.

അപ്പോൾ നേരിട്ടുള്ള വിദേശനിക്ഷേപം വഴി വന്നുചേരുന്ന ഭീമമായ പണത്തിന്റെ ഗുണഭോക്താക്കൾ ആരാണെന്നതാണ് പ്രസക്തമായ ചോദ്യം. പരിഷ്ക്കാരങ്ങൾ ആരംഭിച്ചതിന് ശേഷമുള്ള കാലം ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നമായി മാറിയെന്നതാണ് യാഥാർത്ഥ്യം. കുതിക്കുന്ന വിലക്കയറ്റം, വളരുന്ന തൊഴിലില്ലായ്മ, വൻതോതിലുള്ള പിരിച്ചുവിടലുകൾ, അതിരില്ലാത്ത സാമ്പത്തിക അതിക്രമങ്ങൾ, പൊതുവിതരണ സമ്പ്രദായത്തിന്റെ ഘട്ടം ഘട്ടമായുള്ള പൊളിച്ചെടുക്കൽ തുടങ്ങിയവ ജനങ്ങളെ ദിവസം ചെല്ലുന്തോറും കൂടുതൽ വരിഞ്ഞുമുറുക്കുകയാണ്. അതേസമയം ലോകത്തിലെ ഏറ്റവും സമ്പന്നരായ പത്ത് പേരിൽ നാല് ഇന്ത്യൻ കുത്തക ബിസിനസ് രാജാക്കന്മാർ കടന്നുകൂടത്തക്കവിധം കുത്തകകളുടെയും കോർപ്പറേറ്റ് ഭീമന്മാരുടെയും ഖജനാവ് കുമിഞ്ഞുകൂടുകയാണ്. എല്ലാത്തരം കുതന്ത്രങ്ങളും കണക്കിലെ മറിമായങ്ങളും നെറ്റിപ്പട്ടം കെട്ടിയ സാമ്പത്തികശാസ്ത്രപദാവലികളും അണിനിരത്തിയാലും ഈ പച്ചയാഥാർത്ഥ്യത്തെ മറക്കാൻ സർക്കാർ സർവ്വേക്കാർക്കോ ചെല്ലം ചുമട്ടുകാർക്കോ കഴിയില്ല.

മുതലാളിമാരെ രക്ഷപ്പെടുത്തുകയാണ് പരിഷ്ക്കാരത്തിന്റെ യഥാർത്ഥ ലക്ഷ്യം. വിദേശവിദ്യാഭ്യാസം ലഭിച്ച സാമ്പത്തികവിദഗ്ദ്ധന്മാരായ പ്രധാനമന്ത്രിയും ധനമന്ത്രിയും ശോഭനമായ ഭാവിയെപ്പറ്റി എത്രതന്നെ പെരുമ്പറ കൊട്ടിയാലും ദുരിതത്തിലാണ്ട ജനങ്ങൾ മനസ്സിലാക്കുക ഇതൊക്കെ പ്രതിസന്ധിയിലാണ്ട മുതലാളിത്തത്തെ രക്ഷപ്പെടുത്തുകയെന്ന ഏക ലക്ഷ്യം വച്ചുകൊണ്ടുള്ള വായാടിത്തം മാത്രമാണെന്നും മുതലാളിമാർക്ക് പരമാവധി ലാഭമെന്നാൽ പണിയെടുക്കുന്ന ജനങ്ങൾ കൂടുതൽ കൂടുതൽ പാപ്പരാവുകയാണെന്നർത്ഥം. ക്രൂരമായ മുതലാളിത്ത ചൂഷണത്തിന്റെ ഫലമായി ജനങ്ങളുടെ വാങ്ങൽശേഷി തറതൊട്ടപ്പോൾ സാമ്പത്തികമാന്ദ്യം മുതലാളിത്ത ഉല്പാദനക്രമത്തെ പിടിച്ചുലക്കുന്നു. ഈ പ്രതിസന്ധി മറികടക്കാനെടുക്കുന്ന ഓരോ നടപടികളും ജനങ്ങളുടെ ചോരയൂറ്റുന്നവയാണ്. ഇന്ത്യയിൽ മാത്രമല്ല ആഗോളവൽകൃതമെന്ന് വിളിക്കുന്ന യു.എസ്, യൂറോപ്യൻ സമ്പദ്ക്രമങ്ങളും ഇതേവിധത്തിൽ ജനങ്ങളെ പീഡിപ്പിക്കുകയാണ്. ഒന്നിന് പിറകേ മറ്റൊന്നായി രാജ്യങ്ങൾ പാപ്പരായി പ്രഖ്യാപിക്കപ്പെടുന്ന സ്ഥിതിവരെയെത്തിയിരിക്കുന്നു. പരിഷ്ക്കാരത്തിന്റെ ഈ കാഴ്ചയാണ് ലോകമെങ്ങും കാണാനാവുക.

## വാണിജ്യക്കമ്മിയും തകരുന്ന രൂപയും

പണത്തിന്റെ ലഭ്യതയെക്കാളും കുറഞ്ഞ ആവശ്യകതയുള്ളപ്പോഴാണ് അതിന്റെ മൂല്യം കുറയുക. ഒരു രാജ്യത്തെ ഇറക്കുമതി കയറ്റുമതിയേക്കാൾ വളരെ കൂടുമ്പോഴാണ് അവിടുത്തെ കറൻസിയുടെ ആവശ്യകത കുറയുന്നത്. ഈ അവസ്ഥയാണ് കറണ്ട് അക്കൗണ്ട് കമ്മി ആറുലക്ഷം കോടി രൂപയാണ്. ഇന്ത്യ ഇറക്കുമതി ചെയ്യുമ്പോൾ ഡോളറിലോ യൂറോയിലോ ആണ് വിലനൽകുന്നത്. കയറ്റുമതി ചെയ്യുന്നതും വിദേശനാണ്യത്തിലാണ്. കയറ്റുമതി ഇറക്കുമതിയേക്കാൾ കുറവാണെങ്കിൽ നമ്മുടെ വിദേശനാണ്യശേഖരം ശോഷിക്കും. സർക്കുലേഷനിലുള്ള രൂപയും വിദേശനാണ്യശേഖരവും തമ്മിൽ വലിയ അസന്തുലിതാവസ്ഥയുണ്ടെങ്കിൽ രൂപയുടെ മൂല്യം കുറയും. 1990കളിൽ ആഗോളവൽക്കരണനയങ്ങൾ ഉരുണ്ടിറങ്ങിയതുമുതൽ നമ്മുടെ ഇറക്കുമതി വൻവേഗതയിൽ വർദ്ധിച്ചുവരികയാണ്. 990–91ൽ 1,44,000 കോടി രൂപയായിരുന്ന ഇറക്കുമതി 202–13 ൽ 29,50,000 കോടി രൂപയായി വർദ്ധിച്ചു.

പരമ്പരാഗതമായി നമ്മുടെ ഇറക്കുമതി ചെലവിൽ പ്രധാന പങ്ക് എണ്ണയാണ്. മൂന്നിലൊന്ന് ഭാഗം വരുമത്. ഇറക്കുമതി ചെലവിലുള്ള ഈ വർദ്ധനവിന് കാരണം അന്തർദ്ദേശീയ മാർക്കറ്റിൽ എണ്ണവില വർദ്ധിച്ചതാണോ അതോ സുനിശ്ചിതമായ ഒരു പദ്ധതിയിൻ പ്രകാരമാണോ 970 കളിൽ നമുക്കാവശ്യമുള്ള എണ്ണയുടെ 70 ശതമാനവും ഇന്ത്യയിലാണ് ഉല്പാദിപ്പിച്ചിരുന്നത്. ഇപ്പോഴത് 15 മുതൽ 20 ശതമാനം വരെ മാത്രമാണ്. അക്കാലത്ത് ബഹുരാഷ്ട്രകമ്പനികളെ ഇന്ത്യയിലെ എണ്ണമേഖലയിൽ നിന്ന് വിലക്കുകയും ഒ.എൻ.ജി.സിയുടെ പ്രവർത്തനം വിപുലമാക്കുകയും എണ്ണയുടെ കാര്യത്തിൽ രാജ്യം സ്വയം പര്യാപ്തതയിലേക്ക് അടുക്കുകയും ചെയ്തതായിരുന്നു. പക്ഷേ, 1991 ലെ സാമ്പത്തിക ഉദാരവൽക്കരണത്തോടെ രാജ്യത്തെ ഇരുപത്തിമൂന്ന് എണ്ണ ഉല്പാദന ബ്ലോക്കുകൾ സ്വദേശ–വിദേശ ബഹുരാഷ്ട്രകുത്തകകൾക്ക് തീറെഴുതികൊടുത്തതോടെ ആഭ്യന്തര എണ്ണ ഉല്പാദനം കുത്തനെ ഇടിഞ്ഞു. ക്രമേണ ഇന്ത്യൻ എണ്ണമേഖല അവരുടെ പിടിയിലകപ്പെടുകയും ചെയ്തു. എണ്ണ പര്യവേക്ഷണം ചെലവേറിയതും വിജയകരമായ ഫലം കിട്ടുമെന്ന് യാതൊരു ഉറപ്പുമില്ല. അതുമായതിനാൽ വിദേശരാജ്യങ്ങളിൽ നിന്ന് എണ്ണവാങ്ങി ആഭ്യന്തരമാർക്കറ്റിൽ വിറ്റഴിക്കുന്നതാണ് കൂടുതൽ ലാഭകരം എന്നവർ മനസ്സിലാക്കിയിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ കുത്തക കുടുംബങ്ങളുടെ അങ്ങേയറ്റം അന്യായമായ ആവശ്യങ്ങൾക്ക് വഴങ്ങിക്കൊണ്ട് ഇന്ത്യാഗവണ്മെന്റ് പാചകവാതകത്തിന്റെ വില ഇരട്ടിയാക്കി വർദ്ധിപ്പിച്ചത് അടുത്തിടെയാണ്.

സ്വർണവും വെള്ളിയുമാണ് മറ്റൊരു പ്രധാന ഇറക്കുമതി, ഇവയുടെ ഇറക്കുമതി ചെലവ് 2007–08ൽ 22.8 ബില്യൻ ഡോളറായിരുന്നത് 2011–12ൽ 61.3 ബില്യൻ ഡോളറായി വർദ്ധിച്ചു. ഇന്ത്യയുടെ കറണ്ട് അക്കൗണ്ട് കമ്മിയുടെ 30 ശതമാനവും സ്വർണ്ണ ഇറക്കുമതി മൂലമാണ്. അർദ്ധനഗ്നരും പട്ടിണിക്കാരുമല്ലല്ലോ ഇതിന്റെ ഉപഭോക്താക്കൾ.

(ശേഷം 11–ാം പേജിൽ)

# വിലക്കയറ്റത്തിനെതിരെ കക്ഷിരാഷ്ട്രീയത്തിനും സങ്കുചിതമായ ജാതിമത ചിന്താഗതികൾക്കും ഉപരിയായി ജനങ്ങൾ ഒരുമിക്കുക

## പാചകവാതക സബ്സിഡി....

(1-ാംപേജിൽ നിന്നും തുടർച്ച..)

സബ്സിഡി ബാദ്ധ്യത കുറച്ചുകൊണ്ടുവരുന്നതിന് ഡീസലിന്റെയും പാചകവാതകത്തിന്റെയും വില നിശ്ചയിക്കുന്നതിനുള്ള സംവിധാനം പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര പെട്രോളിയം മന്ത്രാലയമാണ് ഡോ. പാരീഖ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. ഡീസലിന്റെയും മണ്ണെണ്ണയുടെയും കാര്യത്തിലും സമിതി നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട് ഡീസൽ വില അടിയന്തിരമായ അഞ്ചുരൂപ കൂട്ടണമെന്നും വില നിയന്ത്രണം എത്രയുംവേഗം എടുത്തുകളയണമെന്നും മണ്ണെണ്ണയുടെ വില നാലു രൂപ കൂട്ടണമെന്നും സമിതി നിർദ്ദേശിച്ചിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഒഴികെ ബാക്കിയെല്ലാവർക്കും മണ്ണെണ്ണ കമ്പോളവിലയ്ക്കേ നൽകാവൂ എന്നതാണ് മറ്റൊരു നിർദ്ദേശം.

ഇന്ധന വിതരണ രംഗത്ത് സർക്കാരിന്റെ നയം വ്യക്തമാക്കുന്നതാണ് ഡോ.പാരീഖ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ. സാധാരണക്കാരനെയോ അവരുടെ ജീവിത സാഹചര്യത്തെയോ കുറിച്ച് സർക്കാരിന് തരിമ്പുപോലും പരിഗണനയില്ലെന്ന് തെളിയിക്കുന്നതാണ് സ്വീകരിക്കപ്പെടുന്ന ഓരോ നിർദ്ദേശങ്ങളും നയങ്ങളും.

ഇപ്പോൾത്തന്നെ ഉപഭോക്താവിന് നേരിട്ട് സബ്സിഡി എന്ന പദ്ധതിവഴി ഫലത്തിൽ പാചകവാതകത്തിന് ഭീമമായ വിലയാണ് ഉപഭോക്താവ് നൽകിക്കൊണ്ടിരിക്കുന്നത്. പദ്ധതി തുടങ്ങുമ്പോൾത്തന്നെ 70രൂപ ഒറ്റയടിക്ക് വർദ്ധിപ്പിച്ച് വില സിലിണ്ടർ ഒന്നിന് 1040 രൂപയാക്കി. ഉപഭോക്താവ് ഇപ്പോൾ സിലിണ്ടർ കൈപ്പറ്റണമെങ്കിൽ 1040 രൂപ രൊക്കം കൊടുക്കണം. സർവ്വീസ് ചാർജ്ജുംകൂടെയാകുമ്പോൾ വില വീണ്ടുമുയരാം. സബ്സിഡി പണം ബാങ്കിൽ വരുന്നതാകട്ടെ 435 രൂപയും. ഒറ്റയടിക്ക് ഒരു സിലിണ്ടറിൽ ഉപഭോക്താവ് അധികം നൽകുന്നത് 170 രൂപ. സിലിണ്ടറിന് 170 രൂപയുടെ വർദ്ധനവ് എന്തുകൊണ്ട് എന്ന് വിശദീകരിക്കാൻ ഒരു അധികാരകേന്ദ്രവും തയ്യാറായിട്ടില്ല. കബളിപ്പിക്കലിന്റെയും അനധികൃത ഏർപ്പാടുകളുടെയും കേളീരംഗമായി പെട്രോളിയം മേഖല മാറിയിരിക്കുന്നു. അങ്ങനെ അപ്രഖ്യാപിതമായി ഒരു വശത്ത് പാചകവാതകത്തിന് വിലവർദ്ധിപ്പിക്കുകയും മറുവശത്ത് സബ്സിഡി വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നു എന്നതാണ് പ്രായോഗികമായി ജനങ്ങൾക്ക് അനുഭവപ്പെടുന്നത്.

സബ്സിഡി പൂർണ്ണമായും നിർത്തലാക്കുവാനുള്ള പദ്ധതികളുടെ തുടക്കമാണ് ഡി.ബി.ടി.എസ് (ഡയറക്ട് ബനിഫിട് ട്രാൻസ്ഫർ സ്കീം). സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ചതും ഒരാൾ ഒന്നിലേറെ കണക്ഷനുകൾ ഉപയോഗിക്കുന്നത് കർശനമായി നിർത്തലാക്കിയതുമെല്ലാം സബ്സിഡിയുള്ള സിലിണ്ടറുകളുടെ എണ്ണം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ്. ഇത് എണ്ണക്കമ്പനികളുടെ ലാഭം ലക്ഷ്യമാക്കിയുള്ള നടപടിയാണ്. ബാങ്കുവഴി സബ്സിഡി വിതരണം ചെയ്തുതുടങ്ങിയപ്പോൾ മുതൽത്തന്നെ കോടിക്കണക്കിന് രൂപയുടെ ലാഭം എണ്ണക്കമ്പനികൾക്ക് ഉണ്ടായിരിക്കുന്നതായാണ് റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നത്. ഫലത്തിൽ പാചകവാതകവിതരണം എണ്ണക്കമ്പനികളും ഉപഭോക്താക്കളും തമ്മിലുള്ള ഇടപാടായി മാറുകയും സർക്കാർ രംഗത്തുനിന്ന് അപ്രത്യക്ഷമാകുകയും ചെയ്യും. സബ്സിഡി ഒഴിവാക്കി വിപണിവിലയ്ക്ക് ഇപ്പോൾ അഞ്ചുകിലോ സിലിണ്ടറുകൾ പെട്രോൾ പമ്പുകൾവഴി യഥേഷ്ടം വിൽപ്പനയ്ക്ക് എത്തിച്ചിരിക്കുന്നു.

ആധാറിന്റെ പേരിലുള്ള തട്ടിപ്പാണ് മറ്റൊന്ന്. ആധാർ നിർബന്ധമല്ല എന്ന് സർക്കാരും കോടതികളും പറയുമ്പോഴും ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്കുചെയ്താലല്ലാതെ സബ്സിഡിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കില്ല എന്ന് പെട്രോളിയം മന്ത്രാലയം പ്രഖ്യാപിക്കുന്നു!

അവശ്യനിത്യോപയോഗ സാധനങ്ങളുടെ ഭീമമായ വിലവർദ്ധനവിൽ ജനങ്ങൾ നട്ടംതിരിയുന്ന ഇന്നത്തെ സാഹചര്യത്തിൽ സർക്കാരിന്റെ ഈ നടപടികൾ ജനദ്രോഹത്തിന്റെ പാരമ്യതയെയാണ് കുറിക്കുന്നത്.

### ഉള്ളിവിലയിലെ രാഷ്ട്രീയം

സബോളയുടെയും ഉള്ളിയുടെയും വിലക്കയറ്റം തന്നെയെടുക്കുക. മൂന്നുമാസത്തിലേറെയായി ഉള്ളിയുടെയും സബോളയുടെയും വില ഉയർന്നുതന്നെ നൽക്കുന്നു. 80 നും 100 നും ഇടയിലാണ് ഉള്ളിയുടെയും സബോളയുടെയും വില. വില ഇത്രമേൽ കുതിച്ചുകയറാൻ എന്താണ് ന്യായം? ഉൽപ്പാദനത്തിലെ കുറവ്, ഫൈലൻ ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, കൃഷിനാശം എന്നൊക്കെ വാദങ്ങൾ നിരത്താൻ ശ്രമിക്കുമ്പോഴും യാഥാർത്ഥ്യമെന്താണ്? കഴിഞ്ഞവർഷം 4.2 മില്യൺ സബോള ഉൽപ്പാദിപ്പിക്കപ്പെട്ടിടത്ത് ഈ വർഷം 5.5 മില്യൺ ടൺ ആണത്രേ ഉൽപ്പാദിപ്പിക്കപ്പെട്ടിരിക്കുന്നത്. ഉൽപ്പാദിപ്പിക്കപ്പെട്ട സബോളയെല്ലാം എവിടെപ്പോയി?

ഉൽപ്പാദനം യഥേഷ്ടം നടന്നിട്ടും സബോള കമ്പോളത്തിൽ വരുന്നില്ല. മാർക്കറ്റിലെത്തിക്കാതെ വൻതോതിൽ സംഭരിക്കപ്പെടുന്നതും വൻകിടകച്ചവടക്കാർ തമ്മിലുള്ള ഒത്തുകളിയും അവധി വ്യാപാരവുമെല്ലാമാണ് വിലക്കയറ്റത്തിനുപിന്നിലുള്ള യഥാർത്ഥ വില്ലൻ. 2004ൽ സബോള അവശ്യനിത്യോപയോഗ സാധനങ്ങളുടെ പട്ടികയിൽനിന്നു പുറത്തായതോടെയാണ് ഈ രംഗത്ത് കുത്തകകളും ഇടനിലക്കാരും പിടിമുറുക്കിയത്. അവശ്യസാധനങ്ങളുടെ ദൈനംദിന വിലയിൽ സാധാരണഗതിയിൽ സംസ്ഥാന സർക്കാരിന്റെ മേൽനോട്ടമോ ഇടപെടലോ ഉണ്ടാകാറുണ്ട്. എന്നാൽ കച്ചവടം മുന്നേക്കൂട്ടിക്കണ്ട് അവശ്യസാധനങ്ങളുടെ പട്ടികയിൽനിന്ന് സബോളയെ പുറത്താക്കി നാമമാത്രമായിട്ടാണെങ്കിലും ഉണ്ടായിരുന്ന സർക്കാരിന്റെ ഇടപെടലും അവസാനിപ്പിച്ചെടുത്തു. ഇടനിലക്കാരും കുത്തകകളും രാഷ്ട്രീയക്കാരുമടങ്ങുന്ന മാർക്കറ്റ് കമ്മിറ്റികളാണ് ഇപ്പോൾ വില നിശ്ചയിക്കുന്നത്. ഈ മാർക്കറ്റ് കമ്മിറ്റികളിൽ കയറിക്കൂടാൻ രാഷ്ട്രീയക്കാരുടെ തിക്കും തിരക്കും വളരെ ശക്തമാണത്രേ. വൻകിടകൃഷിക്കാർക്കല്ലാതെ സാധാരണകൃഷിക്കാർക്ക് ഈ വിലയിടൽ കർമ്മത്തിൽ പങ്കില്ല, വിലവർദ്ധനവിന്റെ നേട്ടവുമില്ല.

മാർക്കറ്റിൽ സബോളവില നൂറുകടക്കുമ്പോഴും ഉൽപ്പാദിപ്പിക്കുന്ന കർഷകന് ലഭിക്കുന്നത് ക്വിന്റലിന് 2600 രൂപയാണ്. അതായത് ഒരു കിലോയ്ക്ക് 26രൂപ. ഉൽപ്പാദനച്ചെലവാകട്ടെ കിലോ ഒന്നിന് 17 രൂപ. ലാഭമോ 9 രൂപയും.(*ദി വീക്ക്, 2013 ഒക്ടോബർ*) ഇതാണ് കർഷകന്റെ സ്ഥിതി. പലപ്പോഴും ഉൽപ്പാദനച്ചെലവുപോലും ലഭിക്കാറില്ല. ഇടനിലക്കാർ പറയുന്ന തുകയ്ക്ക് കച്ചവടം ഉറപ്പിക്കാൻ നിർബന്ധിതരാണ് ചെറുകിടകർഷകർ. വില കുറഞ്ഞുപോയതിന്റെ പേരിൽ വിൽക്കാതിരിക്കാൻ കൃഷിക്കാർക്ക് ആവില്ല. വിള സംഭരിക്കാൻ അവർക്ക് മാർഗ്ഗമില്ല, ഇടനിലക്കാർ പറയുന്ന തുകയ്ക്ക് വിൽക്കുന്നില്ലെങ്കിൽ വിളവെടുത്ത സബോള വിറ്റുപോയില്ലെന്നും വരാം. വിളവെടുക്കുന്ന സമയത്ത് വില എത്രയും കുറയ്ക്കാമോ അത്രയും കുറച്ചായിരിക്കും ഇടനിലക്കാർ വില നിശ്ചയിക്കുക. ഈ വർഷം ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ക്വിന്റലിന് 800, 1000, 1200 രൂപയ്ക്കാണത്രേ കച്ചവടം നടന്നത്!

സാധുകർഷകനെയും ഉപഭോക്താക്കളെയും ഒരേ സമയം ചൂഷണം ചെയ്യുകയാണ് കമ്പോളത്തെ നിയന്ത്രിക്കുന്ന വൻകിട ശക്തികൾ. അവർക്കുവേണ്ട എല്ലാ ഒത്താശയും ചെയ്തുകൊടുത്തുകൊണ്ട് ഈ സാഹചര്യങ്ങളെ മുന്നിൽ നിന്നു നയിക്കുകയും ആദായം പറ്റുകയുമാണ് രാഷ്ട്രീയക്കാർ. കൊള്ളവിലകൊടുത്ത് ഉപഭോക്താവ് വാങ്ങുന്ന സബോളയാകട്ടെ ഉപയോഗിക്കാനാകാത്ത വിധം ചീഞ്ഞതാണ്. എന്നോ സംഭരിച്ച സാധനമാണ് ഇപ്പോൾ മാർക്കറ്റിൽ എത്തിച്ചുകൊണ്ടിരിക്കുന്നത്. ഇടനിലക്കാരെ ഒഴിവാക്കി കർഷകന് ന്യായമായ വിലകൊടുത്ത് ഉൽപ്പന്നങ്ങൾ സർക്കാർ സംഭരിച്ച് മിതമായ വിലയ്ക്ക് ജനങ്ങൾക്ക് വിതരണം നടത്തണം. അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെ സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തിക്കൊണ്ടേ വിലക്കയറ്റം തടഞ്ഞു നിർത്താനാകൂ.

ഇന്ത്യയിൽ സബോള ഉൽപ്പാദനരംഗത്തുള്ള പ്രധാന സംസ്ഥാനങ്ങളിലൊന്നാണ് മഹാരാഷ്ട്ര. ഇന്ത്യയിലെ സബോള കച്ചവടത്തിൽ 70 ശതമാനവും കൈകാര്യം ചെയ്യുന്നതിൽ കേന്ദ്ര കൃഷിമന്ത്രിക്കും അദ്ദേഹത്തിന്റെ പാർട്ടിയായ എൻസിപിക്കും നിർണ്ണായകമായ പങ്കുണ്ട് എന്നത് രഹസ്യമായ കാര്യമല്ല.

അഞ്ചു സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പു നടക്കുന്ന സാഹചര്യത്തിൽ ഉള്ളിവിലയുടെ പേരിൽ പ്രധാന കക്ഷികളെല്ലാം ആരോപണ പ്രത്യാരോപണങ്ങളുമായി രംഗത്തെത്തിയിട്ടുണ്ട്. ഇതിൽ ശ്രദ്ധേയമായ കാര്യം പരസ്പരം തോൽപ്പിക്കാൻ സബോള പൂഴ്ത്തിവച്ചിരിക്കുകയാണ് എന്ന് ബിജെപിയും കോൺഗ്രസ്സും അങ്ങോട്ടുമിങ്ങോട്ടും ആരോപിക്കുന്നു എന്നുള്ളതാണ്.

### വിലക്കയറ്റത്തിനെതിരെ കക്ഷിരാഷ്ട്രീയത്തിനും സങ്കുചിതമായ ജാതിമത ചിന്താഗതികൾക്കും ഉപരിയായി ജനങ്ങൾ ഒരുമിക്കുക

അവശ്യനിത്യോപയോഗ സാധനങ്ങൾക്ക് അഭൂതപൂർവ്വമായ വിലക്കയറ്റം സൃഷ്ടിക്കുന്നത് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കുത്തകപ്രീണന നയങ്ങളാണ്. കൃഷിയും ചില്ലറ വ്യാപാരരംഗവുമെല്ലാം കുത്തകകൾക്കായി യഥേഷ്ടം തുറന്നിട്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് ജനങ്ങളെ കാത്തിരിക്കുന്നത്. ഇതിനെതിരെ അതിശക്തമായ ബഹുജന പ്രക്ഷോഭണം വളർത്തിയെടുക്കുക എന്നതാണ് ജനങ്ങളുടെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗം.

നാടെമ്പാടും വിലക്കയറ്റ വിരുദ്ധ സമിതികൾ രൂപീകരിച്ചുകൊണ്ട് ജനങ്ങൾ മുന്നോട്ടു വരണം. റേഷൻ പുനഃസ്ഥാപിക്കുക, ചില്ലറ വ്യാപാരരംഗത്തുനിന്നും കുത്തകകളെ പുറത്താക്കുക, കുത്തകസംഭരണ നിയമഭേദഗതി പിൻവലിക്കുക, അത്യാവശ്യ സാധനങ്ങളുടെ മൊത്തവ്യാപാരവും ചില്ലറ വ്യാപാരവും സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി ശക്തമായ പ്രക്ഷോഭണം പടുത്തുയർത്തണം. മേൽപ്പറഞ്ഞ ഡിമാന്റുകൾ സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാനുതകുന്ന ശക്തമായ സമ്മർദ്ദമായി ഈ പ്രക്ഷോഭണങ്ങൾ വളർന്നു വരണം. വിലക്കയറ്റം ഫലപ്രദമായി തടഞ്ഞു നിർത്താൻ മറ്റുമാർഗ്ഗങ്ങളൊന്നുമില്ല.



കൊല്ലത്ത് താലൂക്ക് ഓഫീസിനുമുന്നിൽ നടന്ന ധർണ്ണ പാർട്ടി ജില്ലാകമ്മിറ്റിയംഗം സഖാവ് ജി. ധ്രുവകുമാർ ഉദ്ഘാടനം ചെയ്യുന്നു



പത്തനംതിട്ടയിൽ പ്രതിഷേധ യോഗം പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്. രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.




ആലപ്പുഴ ആർഡിഒ ഓഫീസിലേക്ക് നടന്ന മാർച്ച് പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

# അതിരുകടക്കുന്ന ജുഡിഷ്യറി ജനാധിപത്യത്തെ ദുർബ്ബലപ്പെടുത്തുന്നു

ബൂർഷ്വാ ജനാധിപത്യത്തിൽ ഭരണകൂടത്തെ നിലനിർത്തുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന മൂന്നു നെടുംതൂണുകളിലൊന്നാണ് ജുഡീഷ്യറി. ഭരണ മുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുക എന്നതാണ് നിയമനിർമ്മാണം, ഭരണ നിർവ്വഹണം എന്നിവയോടൊപ്പം നീതിന്യായ വ്യവസ്ഥയിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം. രാജ്യങ്ങൾക്കനുസരിച്ച് ചിലമാറ്റങ്ങളൊക്കെ ഉണ്ടാകുമെങ്കിലും, ഭരണഘടനയുടെ സംരക്ഷകനും വ്യാഖ്യാതാവുമായി വർത്തിക്കുക എന്നതാണ് ജുഡീഷ്യറിയുടെ മുഖ്യകടമ. നിയമനിർമ്മാണ സഭ രൂപം നൽകുന്ന നിയമങ്ങൾ വ്യാഖ്യാനിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തുകൊണ്ടാണ് ജുഡീഷ്യറി ഇത് നിർവ്വഹിക്കുന്നത്. നിയമത്തിനുമുന്നിൽ തുല്യനീതി എന്ന തത്വം മുറുകെപ്പിടിച്ചുകൊണ്ട് വ്യക്തികൾ തമ്മിലും വ്യക്തിയും ഗവൺമെന്റും തമ്മിലും വിവിധ ഗവൺമെന്റുകൾ തമ്മിലുമുള്ള തർക്കങ്ങൾക്ക് ജുഡീഷ്യറി നിഷ്പക്ഷമായ തീർപ്പ് കൽപ്പിക്കുന്നു. ഏതൊരു ഘടകത്തിന്റെയും ഏതൊരു നടപടിയുടെയും നിയമസാധുതയും ഭരണഘടനാസാധുതയും ജുഡീഷ്യറി ഉറപ്പുവരുത്തുന്നു. മൂന്ന് ഘടകങ്ങൾക്കും സാപേക്ഷികമായ സ്വാതന്ത്ര്യം ഉറപ്പുവരുത്തിക്കൊണ്ട് അധികാരം വിഭജിക്കുക എന്ന കാഴ്ചപ്പാടാണ് ജനാധിപത്യ വ്യവസ്ഥയുടെ സ്ഥാപനത്തിലൂടെ മുതലാളിവർഗ്ഗം അവലംബിച്ചത്. അധികാരം ഏതെങ്കിലുമൊരു ഘടകത്തിൽ കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാനും പരസ്പരം അധികാരപരിധി ലംഘിക്കാതിരിക്കാനും വേണ്ടിയാണ് ഈ വിഭജനം ഏർപ്പെടുത്തിയത്.

**ഇ**വ്വിധം സാപേക്ഷികമായ സ്വാതന്ത്ര്യം നൽകുമ്പോഴും ഒരു ഘടകവും വർഗ്ഗാതീതമായ അടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്. ഇവ മുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ്, അത് ജനതാൽപ്പര്യത്തിനെതിരാണെങ്കിൽപോലും. എന്നാൽ നിയമനിർമ്മാണസഭ രൂപം നൽകുന്നതും ഭരണസംവിധാനം നടപ്പിലാക്കുന്നതുമായ നിയമങ്ങൾ ഭരണഘടനയ്ക്ക് നിരക്കുന്നതാണോ എന്ന് പരിശോധിക്കാൻ ജുഡീഷ്യറിക്ക് ഉത്തരവാദിത്തമുണ്ട്. ജുഡീഷ്യൽ റിവ്യൂ എന്നാണ് ഈ പ്രക്രിയ അറിയപ്പെടുന്നത്. നിയമനിർമ്മാണ സഭയുടെ മേധാവിത്വത്തിന് കോട്ടം തട്ടാത്തവിധം ഇത് പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു. ഒരു സാമൂഹ്യശക്തി എന്ന നിലയിൽ മുതലാളിവർഗ്ഗം ഉദയംകൊള്ളുകയും ബൂർഷ്വ ജനാധിപത്യവ്യവസ്ഥ രൂപമെടുക്കുകയും ചെയ്ത കാലയളവിൽ, ജുഡീഷ്യറിയെ സംബന്ധിച്ചിടത്തോളം, ജനാഭിപ്രായത്തിനാണ് പ്രാധാന്യം എന്നതായിരുന്നു സങ്കൽപ്പം. പാർലമെന്ററി ജനാധിപത്യത്തിൽ, ജനാധിപത്യത്തിന്റെ മൂന്ന് നെടുംതൂണുകളിൽ, ജനങ്ങൾ നേരിട്ട് രൂപം നൽകുന്നത് നിയമനിർമ്മാണ സഭയ്ക്കാണ്. അതുകൊണ്ടുതന്നെ ജനാധിപത്യത്തിൽ വിശ്വസിക്കുന്നവർ, ശക്തവും ഏകോപിതവും നിർഭയവുമായ പൊതുജനാഭിപ്രായത്തിനു വേണ്ടി നിലകൊള്ളേണ്ടതുണ്ട്. ജനങ്ങളാണ് ഭരണം നിർവ്വഹിക്കുന്നതെങ്കിൽ, ജനതാൽപ്പര്യം പ്രകടമാകുന്നത് ജനാഭിപ്രായം അംഗീകരിക്കപ്പെടുന്നതിലൂടെയാണ്.

എന്നാൽ, തിരഞ്ഞെടുക്കപ്പെടുന്നവരെ തിരിച്ചുവിളിക്കാനുള്ള അവകാശം ഉറപ്പാക്കപ്പെടാത്തിടത്തോളം, ജനങ്ങളുടെ പരമാധികാരം ഔപചാരികം മാത്രമായിരിക്കും. ജനപ്രതിനിധികളിൽ നിന്ന് ജനങ്ങൾ അകറ്റി നിർത്തപ്പെടുകയും പാർലമെന്റിൽ നടക്കുന്ന നിയമനിർമ്മാണത്തിൽ അവർക്ക് ഒരു പങ്കും വഹിക്കാനില്ലാത്ത അവസ്ഥ സംജാതമാകുകയും ചെയ്യും. അവരുടെ താൽപ്പര്യങ്ങളും ആശങ്കകളും അവഗണിക്കപ്പെടും. അതുകൊണ്ടുതന്നെ ജനങ്ങൾ ജുഡീഷ്യറിയുടെ നിഷ്പക്ഷതയിൽ ആകൃഷ്ടരാകുകയും അതിൽ ഏറെ പ്രതീക്ഷ അർപ്പിക്കുകയും ചെയ്യുന്നു.

### ഭരണകൂടം മുതലാളിവർഗ്ഗത്തിന്റെ ദാസ്യത്തിൽ

ജനാധിപത്യവ്യവസ്ഥയ്ക്ക് ജന്മം നൽകിയ രാജ്യങ്ങളിലടക്കം മുതലാളിത്ത-സാമ്രാജ്യത്വ ലോകത്താകെ ഇന്നുകാണുന്നത് ജനങ്ങൾ തെരഞ്ഞെടുത്ത പാർലമെന്റിന്റെ മേൽക്കോയ്മ നിലനിർത്തപ്പെടുന്നില്ല എന്നതാണ്. ശരിയോ, തെറ്റോ ആയ ന്യായങ്ങൾ പറഞ്ഞ് അത് വെട്ടിച്ചുരുക്കപ്പെടുന്നു. നേരെമറിച്ച്, നിയമനിർമ്മാണ സഭയ്ക്കുമേൽ തെരഞ്ഞെടുക്കപ്പെടാത്ത ഭരണ നിർവ്വഹണ സംവിധാനത്തിന്റെയും നീതിന്യായസംവിധാനത്തിന്റെയും സ്വാധീനവും ഇടപെടലും വർദ്ധിച്ചുവരുന്ന ഒരു ഫാസിസ്റ്റ് പ്രവണത ശക്തിപ്പെട്ടുവരികയാണ്. മുതലാളിത്ത സമൂഹത്തിന്റെ വളർച്ചയ്ക്കൊപ്പം ഈ പ്രവണതയും വികസിച്ചുവരുന്നതായി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പഠനം വ്യക്തമാക്കുന്നു. സ്വതന്ത്രമത്സരത്തിന്റെ ഘട്ടത്തിൽനിന്ന് മരണാസന്നഘട്ടത്തിലേക്ക് മുതലാളിത്തം എത്തിച്ചേരുന്നത്, അതായത് കുത്തകമുതലാളിത്ത ഘട്ടത്തിൽ എത്തിച്ചേരുന്നത് ദൃഢീകരണവും മൂലധനകേന്ദ്രീകരണവും നടത്തിക്കൊണ്ടാണ്. മൂലധനം കുറച്ചാളുകളുടെ കൈവശം കേന്ദ്രീകരിക്കപ്പെട്ടതോടെ ഭൂരിപക്ഷം വരുന്ന ഭരിക്കപ്പെടുന്നവർ പാപ്പരാക്കപ്പെടുകയും അവർക്കുമേൽ അധികാരം പ്രയോഗിക്കപ്പെടുകയും ചെയ്തു. അതോടൊപ്പം ഉദ്യോഗസ്ഥ സംവിധാനത്തിലും ജുഡീഷ്യറിയിലും അധികാരം കേന്ദ്രീകരിക്കപ്പെട്ടു. അത് ഭരണകൂടത്തെയും കുത്തകകളെയും സേവിച്ചുകൊണ്ട് ജനങ്ങൾ അധികാരം പ്രയോഗിച്ചിരുന്ന പാർലമെന്ററി സംവിധാനത്തെ തുരങ്കം വയ്ക്കാൻ തുടങ്ങി. ക്രമേണ ഭരണകൂടം കുത്തകകളുടെ, മുതലാളിവർഗ്ഗത്തിന്റെ സമ്പൂർണ്ണ ദാസ്യത്തിലായിത്തീരുന്നു.

ജനങ്ങളുടെ മൗലികാവകാശങ്ങൾപോലും നിരന്തരം വെട്ടിച്ചുരുക്കപ്പെട്ടു. കുത്തകവൽക്കരണപ്രക്രിയ സമ്പത്ത് മുഴുവൻ കുറച്ചാളുകളുടെ കൈവശം കേന്ദ്രീകരിക്കുന്നതിനും ബഹുഭൂരിപക്ഷംപേരും പാപ്പരാക്കപ്പെടുന്നതിനും ഇടയാക്കി. ഈ അന്തരവും വിവേചനവും പാപ്പരീകരണവും ജനങ്ങൾക്കിടയിൽ അസംതൃപ്തി വളർത്തി. ഇത് ചെറുത്തുനിൽപ്പുകളിലേക്ക് നയിച്ചു. അതോടെ അധികാരികൾ കൂടുതൽ അധികാരങ്ങൾ കയ്യാളാനും ജനങ്ങൾക്ക് അവകാശങ്ങൾ നിഷേധിക്കാനും തുടങ്ങി. തങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകാതിരിക്കാനായി അവർ ജനങ്ങളെ അടിച്ചമർത്തി. ജനാഭിപ്രായം മാനിക്കപ്പെട്ടില്ല. രാഷ്ട്രത്തിന്റെ സുരക്ഷയെന്ന പേരുപറഞ്ഞ് അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കാനും തുടങ്ങി. ഇത് യഥാർത്ഥ ജനാധിപത്യത്തിന്റെ നിഷേധമായിരുന്നു. ജനാധിപത്യം അധികാരത്തിന്റെ വ്യാപനത്തിനു വേണ്ടിയാണ് നിലകൊള്ളുന്നത്. ഗവൺമെന്റിന് എത്ര ഹിതകരമല്ലാത്ത കാര്യവും ചിന്തിക്കാനും എഴുതാനും സ്വാതന്ത്ര്യമുണ്ടായിരിക്കും ജനാധിപത്യത്തിൽ. എന്നാൽ ഇന്ന് മുതലാളിവർഗ്ഗത്തെ സേവിക്കുന്ന ഗവൺമെന്റുകൾ, മൗലികാവകാശങ്ങൾപോലും നിഷേധിക്കുംവിധം കരിനിയമങ്ങൾ ആവിഷ്ക്കരിക്കുന്നു. ജനങ്ങളുടെ ചെറുത്തുനിൽപ്പ് ഭയന്ന് ഗവൺമെന്റുകൾ നടപ്പിലാക്കാൻ മടിക്കുന്ന കാര്യങ്ങൾ ജുഡീഷ്യറിയെക്കൊണ്ട് ചെയ്യിക്കുന്നു. നമ്മുടേതുപോലൊരു മുതലാളിത്ത രാജ്യത്ത് 80 ശതമാനം പേരെങ്കിലും അവശ്യജീവനോപാധികൾ നിഷേധിക്കപ്പെടുന്നവരാണ്. വ്യാപകമായ ലേ ഓഫും ലോക്കൗട്ടും മൂലം ലക്ഷക്കണക്കിന് ദിവസവരുമാനക്കാർക്ക് ജോലിയും ആഹാരത്തിനുള്ള വകയും നഷ്ടപ്പെടുന്നു. പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത വ്യവസ്ഥിതിയിൽ കമ്പോള പ്രതിസന്ധിമൂലം പല വ്യവസായങ്ങളും തമ്മിൽ ലയിക്കുന്നത് അനേകംപേരെ തൊഴിൽ രഹിതരാക്കുന്നുണ്ട്. ഇവരൊക്കെ എന്ത് തൊഴിലെടുക്കാനും തയ്യാറായി അലയുകയാണ്. മതിയായ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും ഭീമമായ ചികിത്സാ ചെലവ് മൂലവും അനേകർ ചികിത്സ കിട്ടാതെ മരിക്കുന്നുണ്ട്. പട്ടിണിയും പോഷകാഹാരക്കുറവും മൂലം നിരവധിപേർ മരിക്കുന്നു. കടക്കെണിയിലും പ്രാരാബ്ധങ്ങളിലും പെട്ട് അനേകം കർഷകർ ആത്മഹത്യ ചെയ്യുന്നു. ഈ ആവലാതികളൊന്നും പരിഹരിക്കാൻ സർക്കാരുകൾ തയ്യാറാകാതെ വരുമ്പോൾ ജനങ്ങൾ പ്രതിഷേധവുമായി തെരുവിലണയുന്നു. അപ്പോൾ ജുഡീഷ്യറി രംഗത്തുവരുന്നു. അനേക കാലങ്ങളായി നിലവിലുള്ള പ്രതിഷേധ രൂപങ്ങളായ ബന്ദും പൊതുപണിമുടക്കുമൊക്കെ നിരോധിക്കുന്നു. എന്തിന് പ്രതിഷേധ പ്രകടനങ്ങൾപോലും നിയമവിരുദ്ധമെന്ന് പ്രഖ്യാപിക്കുന്നു. ബന്ദുമൂലം വ്യക്തികളുടെ അവകാശങ്ങൾക്ക് തടസ്സമുണ്ടാകുന്നു എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രതിഷേധിക്കാനുള്ള ജനങ്ങളുടെ അവകാശത്തിന്മേൽ കടന്നാക്രമണം നടത്തുകയാണ് ജുഡീഷ്യറി. ചൂഷണത്തിലും അടിച്ചമർത്തലിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിക്കെതിരെ പൊരുതാനുള്ള ജനങ്ങളുടെ അവകാശം ഇപ്രകാരം തന്ത്രപൂർവ്വം ജുഡീഷ്യറി നിഷേധിക്കുമ്പോൾ, താഴ്ന്ന രാഷ്ട്രീയ നിലവാരം മൂലം ജനങ്ങൾക്ക് ഇത് തിരിച്ചറിയാൻ കഴിയുന്നില്ല.

നിയമനിർമ്മാണസഭയുടേതായാലും ജുഡീഷ്യറിയുടേതായാലും വർഗ്ഗസ്വഭാവം ഇവിടെ മറച്ചുവയ്ക്കപ്പെടുന്നു. ജനങ്ങളുടെ അവകാശങ്ങൾക്ക് കടിഞ്ഞാണിടുന്നത് പ്രതിസന്ധിഘട്ടങ്ങളിൽ മുതലാളിവർഗ്ഗത്തെ രക്ഷിക്കാനാണെന്നതാണ് വാസ്തവം.

### കോടതികളിലുള്ള വ്യാമോഹം

പൊതുതാൽപ്പര്യഹർജികൾ എന്നപേരിൽ ഇപ്പോൾ ചില കേസുകൾ കോടതികൾ പരിഗണിക്കുന്നുണ്ട്. ഒരു മുതലാളിത്ത വ്യവസ്ഥയിൽ ഒരു ഗവൺമെന്റിനും ജനങ്ങളുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാനോ അവരുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാനോ സാധിക്കില്ല. എന്നുമാത്രമല്ല, പ്രതിസന്ധി മൂർച്ഛിക്കുന്നതിനനുസരിച്ച് നിർദ്ദയം ജനതാൽപ്പര്യം വെടിയുകയും മുതലാളി വർഗ്ഗത്തെ സേവിക്കാനുള്ള വ്യഗ്രതയിൽ കൂടുതൽ ജനദ്രോഹ സ്വഭാവം പ്രദർശിപ്പിക്കുകയുമാണ് സർക്കാരുകൾ ചെയ്യുന്നത്. ഗവൺമെന്റുകളുടെ അച്ചടക്കം, സത്യസന്ധത, പ്രതിബദ്ധത, ഉത്തരവാദിത്വബോധം ഇതൊക്കെ പഴങ്കഥകളായി മാറുന്നു. ഭരണത്തിന്റെ നിലവാരം കുത്തനെ ഇടിയുന്നു. സ്വാഭാവികമായി, അഥവാ സാമൂഹ്യവൈരുദ്ധ്യങ്ങളുടെ അനിഷേധ്യമായ നിയമങ്ങൾ പ്രകാരം, സർക്കാരിലുള്ള ജനങ്ങളുടെ അസംതൃപ്തിയും രോഷവും വർദ്ധിക്കുന്നു. ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയുടെ നിലനിൽപ്പിനുതന്നെ ഇത് ഭീഷണിയായേക്കാം. എന്നാൽ, മതിയായ കരുത്തുള്ള ഒരു യഥാർത്ഥ വിപ്ലവനേതൃത്വത്തിനുകീഴിൽ സംഘടിതവും ശക്തവുമായ വർഗ്ഗ-ബഹുജന സമരങ്ങൾ വളർന്നുവരാത്തിടത്തോളം, ഇതേ കോർപ്പറേറ്റ് കുത്തകകളുടെ സാമ്പത്തിക സഹായത്താലും ഒത്താശയാലും പ്രവർത്തിക്കുന്ന എൻ.ജി.ഒ സംഘടനകൾ ഈ സാഹചര്യം മുതലെടുക്കുകയും പ്രശ്നപരിഹാരത്തിനായി കോടതികളെ ആശ്രയിക്കുന്ന സ്ഥിതിയിലേക്ക് ജനങ്ങളെ കൊണ്ടെത്തിക്കുകയും ചെയ്യും. എന്നാൽ മുതലാളിത്ത വ്യവസ്ഥയുടെ വർഗ്ഗോപകരണങ്ങളിലൊന്നായ ജുഡീഷ്യറിക്കും ജനങ്ങളുടെ ആവലാതികൾ പരിഹരിക്കാനാവില്ല. മുതലാളിവർഗ്ഗത്തിന്റെ അടിസ്ഥാന താൽപ്പര്യങ്ങളെ സ്പർശിക്കാത്ത ചില കേസ്സുകളിൽ ചിലപ്പോൾ ചില അനുകൂല വിധികൾ ഉണ്ടായേക്കാം. പക്ഷേ, പൊതുവിൽ, കോടതികളെ ആശ്രയിച്ച് പ്രശ്നങ്ങൾ പരിഹരിക്കാമെന്നൊരു വ്യാമോഹം വളർത്താനേ, മാദ്ധ്യമങ്ങളിൽ ശക്തമായൊരു വിഭാഗത്തിന്റെ ഒത്താശയോടെ വരുന്ന പൊതുതാൽപ്പര്യ ഹർജികൾ ഉപകരിക്കുന്നുള്ളൂ എന്നതാണ് വസ്തുത.

ഭരണനിർവ്വഹണത്തിന്റേയോ, നിയമനിർമ്മാണ സംവിധാനത്തിന്റെ തന്നെയോ പങ്ക് ജുഡീഷ്യറി നിർവ്വഹിക്കുന്ന കേസുകളും ഇക്കൂട്ടത്തിലുണ്ട്. മുമ്പൊക്കെ, നിയമത്തിന്റെ ചട്ടക്കൂട്ടിൽ നിന്ന് പ്രവർത്തിക്കണമെന്നും സുതാര്യമായ മാർഗ്ഗം അവലംബിക്കണമെന്നുമൊക്കെ കോടതികൾ സർക്കാരുകളെ താക്കീതുചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇന്ന് സർക്കാരിന്റെ പകരക്കാരൻ എന്ന നിലപാടാണ് പലപ്പോഴും കോടതികൾ സ്വീകരിക്കുന്നത്. ജനാധിപത്യസംഹിതകൾക്ക് നിരക്കാത്ത ഈ അധികാര ദുർവിനിയോഗം ജനാധിപത്യ സംവിധാനത്തിന്റെതന്നെ അന്ത്യം കുറിക്കും. ഭരണപരമായ സ്വേച്ഛാധിപത്യത്തിലേക്കാണ് ഇത് നയിക്കുക. ജനാധിപത്യത്തിന്റെ സൃഷ്ടികർത്താവുതന്നെ അതിന്റെ ഘാതകനായി മാറുന്ന സ്ഥിതി.

കോടതി ബന്ദ് നിരോധിച്ച കാര്യം സൂചിപ്പിച്ചുവല്ലോ. ബന്ദ് എന്ന വാക്കിന് കൃത്യമായ നിയമപരമായ നിർവ്വചനമില്ല. അതുകൊണ്ടുതന്നെ ബന്ദ് നിരോധിക്കുന്നതിന് ഭരണഘടനാപരമായതോ നിയമപരമായതോ ആയ കൃത്യമായ വ്യവസ്ഥയില്ല. എന്നിട്ടും, നിയമം വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ട കോടതി ബന്ദ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ഇത് തികച്ചും സ്വേച്ഛാപരമല്ലേ? ഇത് ഒരിക്കൽ മുതലാളിവർഗ്ഗംതന്നെ പാവനമായിക്കണ്ട അധികാരം പങ്കുവയ്ക്കൽ എന്ന തത്വത്തിന് വിപരീതമല്ലേ? കോടതിതന്നെ ഇങ്ങനെ നിയമത്തിന് അതീതമായി നീങ്ങിയാൽ അത് എവിടെ ചെന്നവസാനിക്കും? മുതലാളിത്ത വ്യവസ്ഥയുടേയും ഭരണക്കാരുടെയും താൽപ്പര്യം സംരക്ഷിക്കാനുള്ള ഈ പോക്ക് യഥാർത്ഥത്തിൽ ബഹുഭൂരിപക്ഷംവരുന്ന ജനങ്ങളുടെയും അതുവഴി സാമൂഹ്യപുരോഗതിയുടെയും താൽപ്പര്യങ്ങൾക്ക് എതിരാണെന്ന് പറയാതെവയ്യ.

കോടതിയുടെ നിർദ്ദേശങ്ങളിലും വിധിപ്രസ്താവങ്ങളിലും ജനാനുകൂലമായ എന്തെങ്കിലും ഉള്ളടക്കം ഉണ്ടെങ്കിൽത്തന്നെ അത് നടപ്പിലാക്കാൻ പറ്റുമോ എന്നത്, ഗവൺമെന്റിന്റെ ആത്മാർത്ഥതയെയും ഭരണസംവിധാനം അത് എത്രത്തോളം അംഗീകരിക്കുന്നു എന്നതിനെയുമൊക്കെ ആശ്രിച്ചിരിക്കുന്നു. സ്വന്തം താൽപ്പര്യവും ഗ്രൂപ്പുതാൽപ്പര്യവുമൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടി അഴിമതിയും ആത്മവഞ്ചനയും സുതാര്യതയില്ലായ്മയുമൊക്കെ രാഷ്ട്രീയരംഗത്ത് വ്യാപകമായിരിക്കുമ്പോൾ, രാഷ്ട്രീയപാർട്ടികളും ഉദ്യോഗസ്ഥ സംവിധാനവും ജുഡീഷ്യ

(ശേഷം 7-ാം പേജിൽ)

# കോടതികൾ സർക്കാരിന്റെ പകരക്കാരനാകുന്നത് ജനാധിപത്യത്തിന് നിരക്കാത്ത അധികാര ദുർവിനിയോഗം

(7-ാംപേജിൽ നിന്നും തുടർച്ച)

റിയുംവരെ അതിന്റെ പിടിയിലമർന്നിരിക്കുമ്പോൾ, ഭരണക്കാർക്കെതിരായി ഭവിച്ചേക്കാവുന്ന ഏതൊരു ജനാനുകൂല നീക്കവും അന്തരീക്ഷത്തിൽ വിലയം പ്രാപിക്കുകയേയുള്ളൂ എന്നുറപ്പാണ്.

കാലക്രമേണ ജനാധിപത്യത്തിലെ മറ്റ് ഘടകങ്ങളുടെ അധികാര പരിധിയിലേയ്ക്ക് അതിക്രമിച്ചുകയറിക്കൊണ്ട് ജൂഡീഷ്യറി അവിഹിതമായ പ്രാമുഖ്യം നേടിയെടുത്തിരിക്കുകയാണ്. ഇത് ഒറ്റപ്പെട്ട സംഭവമായി കരുതാനാവില്ല. ജൂഡീഷ്യറിയുടെ ഈ പ്രാമുഖ്യം ഒരു വർഗ്ഗ പദ്ധതിയുടെ സൃഷ്ടിയാണെന്ന് വ്യക്തമാണ്. പാർലമെന്ററി സംവിധാനത്തിലൂടെ മുതലാളിവർഗ്ഗം നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ ജനങ്ങളുടെ എതിർപ്പുമൂലം തടസ്സപ്പെടുമ്പോൾ അത് ജൂഡീഷ്യറിയെ രംഗത്തുകൊണ്ടുവരുന്നു. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ഒത്താശയോടെ, ഭരണവർഗ്ഗത്തിന്റെ അഭീഷ്ടം മനസ്സിലാക്കി, ജനവിരുദ്ധ പദ്ധതികൾ കോടതികൾ പ്രാവർത്തികമാക്കിയെടുക്കുന്നു. കുത്തകമുതലാളിത്തം ശക്തിപ്പെടുന്നതിനനുസരിച്ച് ഭരണകൂടം അധികമധികം അതിന്റെ ദാസ്യത്തിലാകുകയും അതിനനുസരിച്ച് ലെജിസ്ലേച്ചറിനുമേലുള്ള ജൂഡീഷ്യറിയുടെ കടന്നുകയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

നാൾ ചെല്ലുന്തോറും ലെജിസ്ലേച്ചറിന്റെ പ്രസക്തി നഷ്ടപ്പെടുന്നു എന്നതാണ് ഇതിന്റെ ഫലമായി സംഭവിക്കുന്നത്. ഒരുകാലത്ത് ജനാധിപത്യസ്ഥാപനങ്ങൾ കൈവരിച്ച പ്രാധാന്യവും മേൽക്കോയ്മയുമൊക്കെ ഇന്ന് കൈമോശം വന്നിരിക്കുന്നു. അന്ന് പല ബൂർഷ്വാരാജ്യങ്ങളിലും തുടർച്ചായ പാർലമെന്റ് സമ്മേളനങ്ങൾ നടന്നിരുന്നു. വളരെ ചെറിയ ഇടവേളകളേ ഉണ്ടായിരുന്നുള്ളു. ജനജീവിതവുമായി ബന്ധപ്പെട്ട സുപ്രധാനവിഷയങ്ങളെല്ലാം ഇവിടെ ചർച്ച ചെയ്യപ്പെട്ടിരുന്നു. കുത്തക മുതലാളിത്തത്തിന്റെ ദൃഢീകരണത്തോടെ മുതലാളിത്ത പ്രതിസന്ധിക്ക് ആഴം വയ്ക്കുകയും ചൂഷിതരുടെ രോഷവും അസംതൃപ്തിയും അണിപൊട്ടിയൊഴുകുകയും ചെയ്തപ്പോൾ അഭിപ്രായം പറയാനും പ്രതിഷേധിക്കാനും മറ്റുമുള്ള അവകാശങ്ങൾക്കുമേൽ കടിഞ്ഞാൺവീണു. പാർലമെന്റ് സമ്മേളനങ്ങളുടെ ദിവസങ്ങൾ വെട്ടിച്ചുരുക്കപ്പെട്ടു. ചർച്ചകളും വാദപ്രതിവാദങ്ങളുമൊക്കെ നടത്താനുള്ള അവസരം ചുരുങ്ങി. അവകാശങ്ങൾ വെട്ടിക്കുറച്ചത് പാർലമെന്റേതര സമരങ്ങൾക്ക് തിരിച്ചടിയായി. പാർലമെന്റിന്റെ പ്രാധാന്യം കുറഞ്ഞതും സമരങ്ങളെയും പ്രതിഷേധങ്ങളെയും പ്രതികൂലമായി ബാധിച്ചു. അതോടൊപ്പം ഭരണരംഗത്ത് ഉദ്യോഗസ്ഥ മേധാവിത്വം സ്ഥാനമുറപ്പിച്ചു. ചട്ടങ്ങളുണ്ടാക്കാനെന്ന പേരിൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടാത്ത ഭരണസംവിധാനവും ജൂഡീഷ്യറിയും നിയമനിർമ്മാണം തുടങ്ങി. ഇതോടെ ഭരണവർഗ്ഗത്തിന് പ്രിയപ്പെട്ട വ്യക്തികളുടെ കയ്യിൽ അധികാരം കേന്ദ്രീകരിക്കുന്ന സ്ഥിതി സംജാതമായി. ജനാധിപത്യത്തെ അപകടപ്പെടുത്തിക്കൊണ്ട് ഫാസിസത്തിന്റെ ആഗമനത്തിന് ഇത് കളമൊരുക്കി.

വ്യത്യസ്തതകളോടെയെങ്കിലും മുതലാളിത്തലോകത്താകെ ഇന്ന് ഇതാണ് സ്ഥിതി. ഇന്ത്യയിലും ജൂഡീഷ്യറിയുടെ അതിരുകടക്കൽ സംഭവിക്കുന്നുണ്ട്. ഈ വിപത്തിനെക്കുറിച്ച് നമ്മുടെ പാർട്ടി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ലെജിസ്ലേച്ചറിന്റെ ഈ മൂല്യശോഷണത്തിൽ ഒരു പാർട്ടിക്കും അലോസരമില്ല. നമ്മുടെ പാർട്ടിയുടെ മുന്നറിയിപ്പുകളും ഒറ്റപ്പെട്ട ചില ലേഖനങ്ങളുമൊക്കെയെ അപവാദമായുള്ളൂ. പാർലമെന്ററി ജനാധിപത്യത്തിന്റെ തന്നെ തകർച്ചയിലേക്കാണ് ഇത് നയിക്കുക. വികലമായ ഈ സംവിധാനത്തിൽ, സ്വന്തം നേട്ടങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിലാണ് രാഷ്ട്രീയപാർട്ടികൾ. ജനങ്ങളുടെ ജീവിതപ്രശ്നങ്ങളുന്നയിച്ച് യോജിച്ച ബഹുജനപ്രക്ഷോഭം ചിട്ടയായി വളർത്തിയെടുക്കുന്നതിനുപകരം സിപിഐ(എം), സിപിഐ തുടങ്ങിയ കപട കമ്മ്യൂണിസ്റ്റുപാർട്ടികൾ സമരപാതതന്നെ ഉപേക്ഷിച്ചിരിക്കുകയാണ്. നമ്മുടെ പാർട്ടിയുടെ പരിശ്രമമാകട്ടെ ശക്തമായ ഒരു ജനാധിപത്യ ബദൽ ശക്തി പടുത്തുയർത്താൻ അപര്യാപ്തമാണുതാനും.

**മുമ്പൊക്കെ, നിയമത്തിന്റെ ചട്ടക്കൂടിൽ നിന്ന് പ്രവർത്തിക്കണമെന്നും സുതാര്യമായ മാർഗ്ഗം അവലംബിക്കണമെന്നുമൊക്കെ കോടതികൾ സർക്കാരുകളെ താക്കീതുചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇന്ന് സർക്കാരിന്റെ പകരക്കാരൻ എന്ന നിലപാടാണ് പലപ്പോഴും കോടതികൾ സ്വീകരിക്കുന്നത്. ജനാധിപത്യസംഹിതകൾക്ക് നിരക്കാത്ത ഈ അധികാര ദുർവിനിയോഗം ജനാധിപത്യ സംവിധാനത്തിന്റെതന്നെ അന്ത്യംകുറിക്കും. ഭരണപരമായ സ്വേച്ഛാധിപത്യത്തിലേക്കാണ് ഇത് നയിക്കുക. ജനാധിപത്യത്തിന്റെ സൃഷ്ടികർത്താവുതന്നെ അതിന്റെ ഘാതകനായി മാറുന്ന സ്ഥിതി.**

### രാഷ്ട്രീയത്തിന്റെ കുറ്റവൽക്കരണം

അടുത്തയിടെ സുപ്രീംകോടതിയുടെ ഭാഗത്തുനിന്ന് ചില നീക്കങ്ങളുണ്ടായി. രാഷ്ട്രീയരംഗത്തെ ക്രിമിനൽവൽക്കരണം ഒരു മാരകരോഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഏതാനും പതിറ്റാണ്ടുകൾക്കുമുമ്പുവരെ ഏത് തെരഞ്ഞെടുപ്പ് വേളയിലും, മത്സരിക്കുന്ന പാർട്ടികൾ തമ്മിൽ കാഴ്ചപ്പാടുകളെയും ആശയങ്ങളെയും ചുറ്റിപ്പറ്റിയുള്ള ചർച്ചകളും സംവാദങ്ങളും നടത്തിയിരുന്നു. സ്വന്തം ആശയങ്ങളും പരിപാടികളും അവതരിപ്പിക്കുന്ന മാനിഫെസ്റ്റോകൾ എല്ലാ പാർട്ടികളും പുറത്തിറക്കിയിരുന്നു. ഇത് പരിശോധിച്ച് വോട്ടുചെയ്യാൻ വോട്ടർമാർക്ക് അവസരമുണ്ടായിരുന്നു. എന്നാൽ ഇന്ന് തെരഞ്ഞെടുപ്പ്, പണത്തിന്റെയും കയ്യൂക്കിന്റെയും മാദ്ധ്യമങ്ങളുടെയും ഒരു ഏർപ്പാടായി മാറിയിരിക്കുന്നു. നാൾ ചെല്ലുന്തോറും ഇത് കൂടുതൽ വലിയ പതനത്തിലേയ്ക്കാണ് പോകുന്നത്. തെരഞ്ഞെടുപ്പ് പ്രാചരണം രക്തച്ചൊരിച്ചിലിന്റെയും ഭാതൃഹത്യകളുടെയും ജാതി-മതഭ്രാന്തിന്റെയും കേളീരംഗംമായി ചുരുങ്ങിയിരിക്കുന്നു. വാടകഗൂണ്ടകൾ രംഗം കയ്യടക്കി ഭീകരാന്തരീക്ഷമുണ്ടാക്കി യഥാർത്ഥ വോട്ടർമാരെ വിരട്ടിയകറ്റുന്നു. ഇതിനൊക്കെപ്പുറമെയാണ് പണച്ചാക്കുകളുടെ ഇടപെടൽ. അവർ പണവും മദ്യവുമൊഴുക്കി വോട്ടർമാരെ വിലയ്ക്കെടുക്കുന്നു. മാദ്ധ്യമങ്ങളിൽ നല്ലൊരു പങ്കും മുതലാളിവർഗ്ഗത്തിന് സ്വീകാര്യമായ പാർട്ടികളെയും വ്യക്തികളെയും ഉയർത്തിക്കാട്ടി ആസൂത്രിതമായ പ്രചാരണം നടത്തുന്നു. മുതലാളിവർഗ്ഗം രാജ്യത്ത് സ്ഥാപിച്ചെടുക്കാനുദ്ദേശിക്കുന്ന ദ്വികക്ഷി സമ്പ്രദായത്തിന് നിരക്കുംപടിയായിരിക്കും ഈ പ്ചാരണം. ഒരു കമ്പ്യൂട്ടറിൽ വിവരങ്ങൾ നൽകി പ്രിന്റ് എടുക്കുന്നതുപോലെ ഇവർ തെരഞ്ഞെടുപ്പ് ഫലം സൃഷ്ടിച്ചെടുക്കുന്നു. നേരായി ചിന്തിക്കുന്നവർ ഇതെല്ലാം കണ്ട് മനംമടുത്ത് പിൻവാങ്ങുന്നു. തട്ടിപ്പും വെട്ടിപ്പും കൊള്ളയും കൊലയും നടത്തി കുപ്രസിദ്ധി നേടിയവരെയാണ് ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികൾ സ്ഥാനാർത്ഥികളാക്കുന്നത്. ഇപ്പോഴത്തെ എം.പിമാരിൽ 30-ൽ ഒരാൾ കൊലപാതകത്തിനും 23-ൽ ഒരാൾ കൊലപാതകശ്രമത്തിനും 54-ൽ ഒരാൾ തട്ടിക്കൊണ്ടുപോകലിനും 54-ൽ ഒരാൾ കൊള്ളയ്ക്കും 54-ൽ ഒരാൾ കലാപം സംഘടിപ്പിച്ചതിനും ചാർജ്ജ് ചെയ്യപ്പെട്ടവരാണ്. ഈ തെമ്മാടികൾ മന്ത്രിമാരും മറ്റുമായി മുതലാളിവർഗ്ഗത്തെ സേവിക്കുകയും സ്വന്തമായി നേട്ടങ്ങളുണ്ടാക്കുകയും ചെയ്യുന്ന പ്രക്രിയ തലമുറകളായി തുടരുന്നു. കൂടുതൽ സീറ്റ് പിടിക്കാൻ ഇത്തരം നേതാക്കന്മാർ എല്ലാ പാർട്ടികൾക്കും ആവശ്യമാണ്. അവർ പ്രസ്ഥാനത്തിൻരെ 'സ്വത്താണ്'. ഇത് കണ്ടില്ലെന്ന് നടിച്ച്, മുന്നോട്ടുപോകാൻ ഭരണകേന്ദ്രങ്ങൾക്കും അവരുടെ പ്രചാരണോപാധിയായ മാദ്ധ്യമങ്ങൾക്കും കഴിയില്ല എന്ന സ്ഥിതിയിൽ ഇന്ന് കാര്യങ്ങൾ എത്തിയിരിക്കുന്നു. കാര്യങ്ങൾ ഇത്രത്തോളം വഷളായതിൽ അവർ ഉത്തരവാദികൾതന്നെ. എല്ലാം തുലയ്ക്കുമെന്ന ഘട്ടംവന്നപ്പോഴാണ് അവർ ക്രിമിനലുകളെ നിയന്ത്രിക്കാൻ നടപടിവേണമെന്നും 'തെരഞ്ഞെടുപ്പ് പരിഷ്ക്കരണം' വേണമെന്നുമൊക്കെ പറഞ്ഞുതുടങ്ങിയത്. ക്രിമിനലുകളുടെ അഴിഞ്ഞാട്ടത്തിന് ഇതൊന്നും തടയിടാൻ പോകുന്നില്ല. കുത്തകമുതലാളിത്തം മുന്നോട്ടുപോകുന്തോറും സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ അതിന് ഈ ക്രിമിനലുകളുടെ സഹായം ആവശ്യമാണ്. ജനങ്ങളുടെ കടുത്ത വെറുപ്പിന് പാത്രമാകുന്ന നേതാക്കന്മാരുടെ കാര്യത്തിൽ കേസെടുത്ത് വിചാരണ നീട്ടിക്കൊണ്ടുപോയി അവരുടെ സ്ഥാനത്തിന് കോട്ടം തട്ടാതെ നോക്കുക എന്ന തന്ത്രമാണ് മുതലാളിവർഗ്ഗം പയറ്റുന്നത്. ജീവിതത്തിലെ നല്ലകാലം മുഴുവൻ ഇവ്വിധം സംരക്ഷിക്കപ്പെടുന്നു. എന്നാൽ വിപ്ലവപ്പാർട്ടിയെ തെരഞ്ഞെടുപ്പ് രംഗത്തുനിന്ന് ഒഴിവാക്കാൻ എത്ര കരുതലോടെയാണ് കരുക്കൾ നീക്കപ്പെടുന്നത് എന്ന കാര്യം നാം കാണാതെ പോകരുത്. വിപ്ലവകാരികളുടെ മേൽ കള്ളക്കേസ് ചുമത്തുകയും ഒരു തത്വവും നിയമവും നോക്കാതെ അവർക്ക് കടുത്തശിക്ഷ നൽകുകയും ചെയ്യുന്നു. ആരാണ് ഈ ചെയ്തികൾക്കെല്ലാം ഉപയോഗിക്കപ്പെടുന്നത്? ജൂഡീഷ്യറിതന്നെ. ഇവരാകട്ടെ, സുപ്രീംകോടതി ജഡ്ജിമാർവരെ അഴിമതിക്കറ പൂണ്ടവരാണെന്നും മറക്കരുത്.

### വിപ്ലവപ്രസ്ഥാനത്തെ തെരഞ്ഞെടുപ്പ് രംഗത്തുനിന്ന് ഒഴിവാക്കാനുള്ള ഗൂഢാലോചന

സുപ്രിംകോടതി 2013 ജൂലൈയിൽ ഒരു വിധി പുറപ്പെടുവിച്ചു. വിചാരണക്കോടതി ക്രിമിനൽ കേസിൽ ശിക്ഷിച്ചാൽ ഉടൻ എം.പിമാരും എംഎൽഎമാരും അയോഗ്യരാകും എന്നതായിരുന്നു റൂളിംഗ്. മൂന്നുമാസത്തിനുള്ളിൽ മേൽക്കോടതിയിൽ അപ്പീൽ നൽകിയാൽ അയോഗ്യതയുണ്ടാകില്ല എന്ന 1951-ലെ ജനപ്രാതിനിധ്യനിയമത്തിലെ 8(4) വകുപ്പ് പാർലമെന്റ് ദുരുപയോഗം ചെയ്യുന്നു എന്ന് പറഞ്ഞുകൊണ്ട് അത് റദ്ദാക്കുകയും ചെയ്തു. എന്നാൽ ഭരണഘടനയുടെ ഏത് തത്വത്തിന്റെ ലംഘനമാണ് പാർലമെന്റ് നടത്തിയത് എന്ന് കൃത്യമായി ചൂണ്ടിക്കാണിക്കാതെ ഇവ്വിധം പാർലമെന്റിനെ കുറ്റപ്പെടുത്തുന്നതിന് കോടതിക്ക് അധികാരമുണ്ടോ എന്ന കാര്യം സംശയമാണ്. നിലവിൽ മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുള്ള എം.പിമാർക്കും എംഎൽഎമാർക്കും ഇത് ബാധകമായിരിക്കില്ല എന്നും കോടതി വിധി പറയുന്നുണ്ട്. എന്നാൽ ഇനി ശിക്ഷിക്കപ്പെടുന്നവർക്ക് ഇത് ബാധകമായിരിക്കില്ല. ഇന്ത്യൻ രാഷ്ട്രീയരംഗം ശുദ്ധീകരിക്കാനുള്ള ഒരു കുതിപ്പ് എന്ന് മാദ്ധ്യമങ്ങൾ പ്രകീർത്തിച്ച ഈ വിധി പക്ഷേ ഭരണഘടനാവിരുദ്ധമാണെന്നതാണ് വസ്തുത.

തെരഞ്ഞെടുപ്പ് രംഗം ക്രിമിനലുകളിൽനിന്ന് രക്ഷിക്കണമെന്ന സുപ്രിംകോടതിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. എന്നാൽ അപ്പീൽ നൽകുകയും വിധിക്ക് സ്റ്റേ വാങ്ങുകയും ചെയ്യാനുള്ള അവകാശം നീതിന്യായ പ്രക്രിയയുടെ അഭേദ്യഭാഗമാണ്. ഇത് കോടതിക്ക് എങ്ങനെ നിഷേധിക്കാൻ കഴിയും? പ്രതിയോഗികളെ കള്ളക്കേസ്സുകളിൽ കുടുക്കുന്ന പ്രവണത ശക്തിപ്പെട്ടുവരികയാണെന്നും ഓർക്കണം. വിപ്ലവകാരികളെ തെരഞ്ഞെടുപ്പ് രംഗത്തുനിന്ന് അകറ്റി നിർത്താൻ മുതലാളിവർഗ്ഗം കൊണ്ടുപിടിച്ച് ശ്രമിക്കുമ്പോൾ അതിന് അനുകൂല സാഹചര്യമൊരുക്കാൻ ഈ വിധി ഉപകരിക്കപ്പെടും. തൊണ്ണൂറുശതമാനം ജനങ്ങളുടെയും താൽപ്പര്യം പേറുന്ന യഥാർത്ഥ ജനപ്രതിനിധികൾ നിയമനിർമ്മാണ സഭകളിൽ എത്തില്ല എന്ന് ഉറപ്പാക്കപ്പെടാനേ ഈ വിധി ഉപകരിക്കൂ. അതിനാൽ അപ്പീലിനുള്ള അവകാശം നിഷേധിക്കാൻ പാടില്ല. ഏതെങ്കിലും സ്റ്റേ ഓർഡർ നിലവിലുണ്ടെങ്കിൽ അതിൽ എത്രയും വേഗം തീർപ്പ് ഉണ്ടാകണം. പ്രത്യേകിച്ച് സിറ്റിംഗ് എംപിമാരും എംഎൽഎമാരും മന്ത്രിമാരുമൊക്കെ ബന്ധപ്പെട്ട കേസ്സുകളിൽ.

ജൂഡീഷ്യറി ലെജിസ്ലേച്ചറിന് മറികടന്ന മറ്റൊരു വിധിയും അടുത്തിയിടെയുണ്ടായി. നിലവിലുള്ള ഒരു സ്ഥാനാർത്ഥിക്കും വോട്ടുചെയ്യാതിരിക്കാനുള്ള ഒരു വകുപ്പായിരുന്നു അത്. ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ അവസരമില്ലാതിരിക്കുകയും വ്യവസ്ഥിതി തന്നെ രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നിടത്തോളം കുറ്റവാളികൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാനും ജയിക്കാനും ഒരു തടസ്സവുമുണ്ടാകില്ല. ജനങ്ങളെ വെറുതെ കൊതിപ്പിക്കാമെന്നുമാത്രം.

അടുത്തയിടെ മറ്റൊരു പൊതുതാൽപ്പര്യ ഹരി്ജിപരിഗണിക്കവെ കോടതി നിർദ്ദേശിച്ചത് കുറ്റപത്രം കിട്ടിയ എം.പിമാർക്കും എംഎൽഎമാർക്കും ആറുമാസത്തിനുള്ളിൽ വിചാരണ പൂർത്തിയാകുകയാണെങ്കിൽ മാത്രമേ തെരഞ്ഞെടുപ്പിൽ മത്സരിക്കാനാകൂ എന്നതാണ് രോഗത്തിന്റെ കാരണം ഉന്മൂലനം ചെയ്യാതെ മരുന്ന് വിധിക്കുന്നതിന്റെ മറ്റൊരു നല്ല ഉദാഹരണമാണിത്. പണവും സ്വാധീനവും ഉപയോഗിച്ച് ആരെ വേണമെഹ്കിലും കള്ളക്കേസിൽ കുടുക്കാൻ ഇന്ന് നിസ്സാരമായി കഴിയുമെന്നിരിക്കെ പ്രതിയോഗികളെ തെരഞ്ഞെടുപ്പിൽ നിന്ന് അകറ്റിനിർത്താൻ ഈ വകുപ്പ് ദുരുപയോഗം ചെയ്യപ്പെടുമെന്ന് ഉറപ്പല്ലേ? പ്രത്യേകിച്ചും ഭരിക്കുന്ന പാർട്ടിയുടെ രാഷ്ട്രീയത്തെ ഗൗരവമായി ചോദ്യം ചെയ്യുന്നവരുടെ കാര്യത്തിൽ.

വിപ്ലവപ്രസ്ഥാനത്തിന്റെ കാര്യം പോകട്ടെ, കോൺഗ്രസ്സ് നയിക്കുന്ന യുപിഎ സർക്കാർതന്നെ ഘടകകക്ഷികലായ എസ്.പി, ബിഎസ്പി പാർട്ടികളെ വരുതിയിലാക്കാൻ വേണ്ടി അതിന്റെ നേതാക്കൾക്കെതിരെയ ഒന്നിലേറെ തവണ സിബിഐ കേസ്സ് ഉപയോഗപ്പെടുത്തിയത് ജനങ്ങൾ മറന്നിട്ടില്ലല്ലോ?

ഇതുമായി ബന്ധപ്പെട്ട മറ്റൊരു സുപ്രധാനകാര്യം ഒരിക്കൽക്കൂടി ചൂണ്ടിക്കാണിക്കട്ടെ. ഈ കോടതി വിധികളുടെയും നിർദ്ദേശങ്ങലുടെയുമൊക്കെ അന്തസത്ത എന്താണ്? കോടതി ഇങ്ങനെ സ്വയം നിയമനിർമ്മാതാക്കളുടെ പങ്ക് നിർവ്വഹിക്കാൻ തുനിഞ്ഞാൽ അത് ഭരണഘടനാപരമായ സ്വേച്ഛാധിപത്യത്തിനായിരിക്കും വഴിവയ്ക്കുക. ഇത് തടയാൻ കഴിഞ്ഞില്ലെങ്കിൽ, ജനപ്രതിനിധികൾക്ക് നിയമനിർമ്മാണ പ്രക്രിയയിൽ പങ്കുവഹിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമായിരിക്കും സംജാതമാകുക.

### ഭരണഘടനാപരമായ സ്വേച്ഛാധിപത്യത്തെ തുരത്തുക

നമ്മുടെ പാർട്ടി ഒഴികെ മറ്റൊരു പാർട്ടിയും ഈ വിപത്തിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ തയ്യാറാകുന്നില്ല എന്നതാണ് സ്ഥിതി. അവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്. ജനങ്ങളുടെ കാര്യംപോകട്ടെ, ഇതിൽ പതിയിരിക്കുന്ന അപകടം അവർതന്നെ മനസ്സിലാക്കിയിട്ടില്ല എന്നുവേണം കരുതാൻ. എന്നുമാ

(ശേഷം 9-ാം പേജിൽ)

# പൊക്കാളി കൊയ്ത്തുത്സവം ജനസാഹോദര്യത്തിന്റെ പ്രതീകം

## –ളാഹഗോപാലൻ




പൊക്കാളി കൊയ്ത്തുൽസവം ഉദ്ഘാടനം ചെയ്തുകൊണ്ട് ചെങ്ങറ സമര നായകൻ ളാഹഗോപാലൻ പ്രസംഗിക്കുന്നു

**പു**ത്തൻകരിയിൽ ജനങ്ങൾ ആഘോഷിക്കുന്ന കൊയ്ത്തുത്സവം ജനസാഹോദര്യത്തിന്റെ മഹത്തായ പ്രതീകമാണെന്ന് ചെങ്ങറ സമര നായകൻ ളാഹഗോപാലൻ പ്രസ്താവിച്ചു. പൊക്കാളി സംരക്ഷണ സമരസമിതിയുടെ ആഭിമുഖ്യത്തിൽ 140 ഏക്കർ വിസ്തൃതിയുള്ള പുത്തൻകരി പാടത്ത് പൊക്കാളി നെൽകൃഷിയുടെ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യോചിതമായി ജീവിക്കുവാൻ വേണ്ടിയുള്ള അവകാശത്തിനായി പോരാടുന്ന ജനങ്ങൾക്ക് പ്രാദേശികമായ വേർതിരുവകളൊ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളൊ തടസ്സമാകില്ല. ഈതിരച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ചെങ്ങറയിൽനിന്നുള്ള സമരഭടന്മാർ പുത്തൻകരിയിൽ കൊയ്യുവാൻ എത്തിയിട്ടുള്ളത്. സർക്കാരിന്റെ പ്രഖ്യാപിത നയമായിരുന്നിട്ടുപോലും ഒരുനെല്ലും ഒരു മീനും പദ്ധതി ഫലപ്രദമായി നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് ജനങ്ങൾ തിരിച്ചറിയണം. ജനങ്ങളുടെ നികുതിപണത്തിൽ നിന്നും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർതന്നെ സർക്കാരിന്റെ പ്രഖ്യാപിത നയം അട്ടിമറിക്കുന്നതിനെതിരെ ജനജാഗ്രത ഉണരണം. നെൽകൃഷി കരിനിലങ്ങളിൽ ഫലപ്രദമായി നടത്തുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് ഒഴിവാക്കുവാൻ വേണ്ട നടപടികൾ കരിനില വികസന ഏജൻസി സ്വീകരിക്കും. എന്നാൽ വ്യാജകാരണങ്ങൾ അവതിരിപ്പിച്ചുകൊണ്ട് സർക്കാർ നയം അട്ടിമറിച്ചാൽ മുഖംനോക്കാതെ നടപടിയെടുക്കുമെന്ന് കരിനില വികസന ഏജൻസിയുടെ വൈസ് ചെയർമാൻ ശ്രീ.ജി.ശശിധരപണിക്കർ തന്റെ മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു. നെൽകൃഷി നിലനിർത്തുവാനും വ്യാപിപ്പിക്കുവാനും പൊക്കാളി സംരക്ഷണ സമരസമിതി നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും കരിനിലവികസന ഏജൻസിയുടെ പൂർണ്ണ പിന്തുണ ഉണ്ടാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ചെങ്ങറ ഭൂമിയിൽനിന്നും വിളവെടുത്ത് സംഭാവനയായി നൽകിയ കാർഷിക ഉൽപ്പന്നങ്ങൾ പൊക്കാളി സംരക്ഷണ സമരസമിതി കൺവീനർ പി.എസ്.മൈക്കിൾ ഏറ്റുവാങ്ങി. പുത്തൻകരിയിൽനിന്ന് കൊയ്തെടുത്ത 100 കിലൊ തൂക്കമുള്ള രണ്ടുചാക്ക് നെല്ല് സമിതിയുടെ മെമ്പർ മിനിസുപ്രനിൽനിന്ന് ളാഹഗോപാലൻ ഏറ്റുവാങ്ങി. യോഗത്തിന് മുന്നോടിയായി നിരന്തരചെമ്മീൻ വാറ്റുമുലം തെള്ളി നശിച്ച വീടുകൾ ളാഹഗോപാലൻ സന്ദർശിച്ചു. സി.എം.മുരളി, എം.കെ.കൃഷ്ണൻ എന്നിവർ നെൽക്കതിർ നൽകി ഉദ്ഘാടകനേയും മുഖ്യാതിഥിയേയും സ്വീകരിച്ചു. സമിതിയുടെ ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കെ.എൽ.ബെന്നി സ്വാഗതം പറഞ്ഞു. എഴുപുന്ന കൃഷി ഓഫീസർ കെ.എസ്.മേരിമാർഗ്രറ്റ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.എസ്.ലാലി, എഴുപുന്ന ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ബെൻഷി ഷാജി, കെ.ആർ.അജയകുമാർ, ഉമ്മച്ചൻപോൾ, കെ.പി.സ്മിനീഷ്, ടി. ശിവദാസൻ എന്നിവരും അഡ്വ: വി.ആർ.രാജേഷ്, അഡ്വ: ഹോർമിസ് തരകൻ, അഡ്വ: ബി.കെ.രാജഗോപാൽ, അഡ്വ: ഗാസ്പർ കളത്തുങ്കൽ, എസ്.രാജീവൻ, എസ്.രധാമണി, കെ.കെ.വിക്രമൻ, കെ.ആർ.തോമസ്, അജികുമാർ, രവീന്ദ്രൻ, എൻ.കെ.ശശികുമാർ, ബാബു പള്ളിപ്പറമ്പിൽ, വി.പി.വിൽസൻ മൂലമ്പള്ളി, എം.കെ.വിജയൻ, പി.ജെ.ഫ്രാൻസിസ്, എൻ.ജെ.സുബി, പി.എ.മാനുവൽ, കെ.എക്സ്.ജോസഫ്, ബിന്ദു കുഞ്ഞപ്പൻ, വർഗ്ഗീസ് കെ.എ, പി.കെ.സാബു, കെ.ആർ.ജോണി, മിനി സുപ്രൻ തുടങ്ങിയവരും പ്രസംഗിച്ചു.

# കളക്ടറുടെ ക്യാമ്പ് ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി

**കേ**രളത്തിലെ ദേശീയപാതകളുടെ വികസനം കോപ്പറേറ്റുകൾക്കും ബി.ഒ.ടി ലോബികൾക്കും വേണ്ടി ഉദ്യോഗസ്ഥ പ്രമാണിമാരും ചില ജനപ്രതിനിധികളും ചേർന്ന് അട്ടിമറിക്കുകയാണെന്ന് എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി. മുഹമ്മദലി അഭിപ്രായപ്പെട്ടു. ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കളക്ടറുടെ ക്യാമ്പ് ഓഫീസിലേക്ക് നടത്തിയ പ്രതിഷേധമാർച്ച് ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 30 മീറ്ററിൽ ദേശീയപാത നിർമ്മിക്കമെന്ന സംസ്ഥാന സർക്കാരിന്റെ മുൻ തീരുമാനത്തെയും കേന്ദ്രമന്ത്രി ഒസ്ക്കാർ ഫെർണ്ണാണ്ടസിന്റെ അഭിപ്രായത്തെ അട്ടിമറിച്ചത് പാലിയേക്കരയിലെ ടോൾ പിരിവിന്റെ രൂചി അറിഞ്ഞവരാണ്. ബി.ഒ.ടി ടോൾ വേണ്ട എന്ന ഒന്നാം സർവ്വ കക്ഷി യോഗ തീരുമാനം നടപ്പിലാകാതെ പോയത് അന്നത്തെ കേന്ദ്ര മന്ത്രിയുടെ ജനവിരുദ്ധ നിലപാടുമൂലമായിരുന്നു. എന്നാൽ കേന്ദ്ര തലത്തിലെ തടസങ്ങളെല്ലാം ഇപ്പോൾ മാറിയിരിക്കുകയാണ്. 30 മീറ്ററിൽ പാത നിർമ്മിക്കാമെന്നും വീതിയെ സംബന്ധിച്ച് തീരുമാനം സംസ്ഥാനത്തിന് കൈക്കൊള്ളാമെന്നും കുടുതൽ പ്രശ്നങ്ങളുള്ളയിടങ്ങളിൽ എലിവേറ്റഡ് റോഡ് നിർമ്മിച്ചാൽ മതി എന്നുമുള്ള കേന്ദ്ര മന്ത്രി ശ്രീ.ഓസ്ക്കാർ ഫെർണ്ണാണ്ടസിന്റെ നിർദ്ദേശത്തേയും ഈ നിർദ്ദേശമാണ് സർക്കാർ ഉടൻ നടപ്പിലാക്കേണ്ടത്. എന്നാൽ ഈ തീരുമാനത്തേയും ഉദ്യോഗസ്ഥ-രാഷ്ട്രീയ- ബി.ഒ.ടി പ്രമാണിമാർ അട്ടിമറിക്കുകയാണെന്നും ഇ.വി. മുഹമ്മദലി പറഞ്ഞു.

ആക്ഷൻ കൗൺസിൽ ജില്ലാ വൈസ്സ്. പ്രസിഡന്റ് വി.സിദ്ധിഖ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എൻ.എച്ച്.17,47 ദേശീയപാത സംരക്ഷണ സമിതി ജില്ലാ പ്രസിഡന്റ് ടി.കെവാസു മുഖ്യപ്രഭാഷണം നടത്തി. ബി.ഒ.ടി. പദ്ധതിയിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം കൺവീനർ സി.കെ. ശിവദാസൻ അവതരിപ്പിച്ചു. ആക്ഷൻ കൗൺസിൽ ജില്ലാ നേതാക്കളായ വി.സിദ്ധിഖ്, ശങ്കരൻകുട്ടി ഏങ്ങണ്ടിലൂർ, നൂറുദ്ദീൻ ഒരുമനയൂർ, ബാലൻ കൈപ്പമംഗലം, മുഹമ്മദ് എടമുട്ടം, ബേബി നാട്ടിക, എന്നിവരുടെ നേതൃത്വത്തിൽ കളക്ടർക്ക് നിവേദനം സമർപ്പിച്ചു

നൂറുദ്ദീൻ ഒരുമനയൂർ, ബാലൻ കൈപ്പമംഗലം, മുഹമ്മദ് എടമുട്ടം, ബേബി നാട്ടിക, അനിൽ കുമാർ , വേണു ഏങ്ങണ്ടിലൂർ, മുഹമ്മദലി ഹാജി, ഷറഫുദ്ദീൻ സി.എ, കമറുദ്ദീൻ, ഉസ്മാൻ പുന്നയൂർക്കുളം എന്നിവർ മാർച്ചിന് നേതൃത്വം കൊടുത്തു. കൊടുങ്ങല്ലൂർ, എസ്.എൻ. പുരം, മതിലകം,പെരിഞ്ഞനം- മൂന്നുപീടിക, കൈപ്പമംഗലം, ചെന്ത്രാപ്പിന്നി , എടമുട്ടം , നാട്ടിക-തൃപ്രയാർ, തളിക്കുളം, വാടാനപ്പള്ളി, തൃത്തല്ലൂർ, ഏങ്ങണ്ടിയൂർ, ചേറ്റുവ, ഒരുമനയൂർ, മണത്തല, തിരുവത്ര, ഏടക്കഴിയൂർ, പുന്നയൂർ, അകലാട് (പുന്നയൂർക്കുളം)എന്നീ വില്ലേജു കമ്മിറ്റി നേതാക്കളാണ് മാർച്ചിൽ പങ്കെടുത്തത്.




എൻഎച്ച് 17 ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലാ കളക്ടറുടെ ക്യാമ്പ ഓഫീസിലേക്ക് നടന്ന പ്രതിഷേധ മാർച്ച്

# ബി.ഒ.ടിക്കും ടോളിനും 45 മീറ്ററിനുമെതിരെ സായാഹ്ന ധർണ്ണ



ദേശീയപാത വികസനത്തിന്റെ പേരിൽ ബിഒടിയും ടോളും 45 മീറ്ററും ജനവിരുദ്ധമാണെന്നും 30 മീറ്ററിൽ ദേശീയപാതകൾ വികസിപ്പിക്കണമെന്നും ഒരിക്കൽ കുടിയൊഴിപ്പിച്ചവരെ വീണ്ടും കുടിയൊഴിപ്പിക്കരുതെന്നും ദേശീയപാതകളുടെ വിൽപ്പന റദ്ദാക്കണമെന്നും അഴിമതി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ദേശീയപാത സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി ഒക്ടോബർ 12 ന് പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഇതിനൊടനുബന്ധിച്ച് എറണാകുളത്ത് ഇടപ്പള്ളിയിൽ സംഘടിപ്പിച്ച സയാഹ്ന ധർണ്ണ എൻ.എച്ച്. 17 ആക്ഷൻ കൗൺസിൽ സംസ്ഥാന കൺവീനർ ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# കുട്ടികളുടെ ഏകദിന ക്യാമ്പ്

**നാ**ടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് പ്രചോദന ഹരിപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽ കുട്ടികളുടെ ഏകദിന ക്യാമ്പ് സംഘിപ്പിക്കപ്പെട്ടു. പ്രചോദന സംസ്ഥാന സംഘാടക സമിതിയംഗം സഖാവ് ജയ്സൺ ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ടി.വി.പരിപാടികൾക്കും മൊബൈൽ-ഇന്റർനെറ്റ് ഉപഭോഗത്തിനും പകരം വായനയ്ക്ക് പ്രാമുഖ്യം കൊടുക്കുവാനും അദ്ദേഹം കുട്ടികളോട് ആവശ്യപ്പെട്ടു. വായനയിലൂടെ മാനുഷിക മൂല്യങ്ങൾ ആർജ്ജിക്കുന്നതെങ്ങനെയെന്ന് കരൂർ കഥകൾ പരിചയപ്പെടുത്തിക്കൊണ്ട് അദ്ദേഹം വിശദീകരിച്ചു. പ്രചോദന ജില്ലാ കൺവീനർ ശില്പ എസ്. അദ്ധ്യക്ഷതവഹിച്ചു.

തുടർന്ന് അയ്യൻകാളിയെക്കുറിച്ചുള്ള ക്ലാസ്സും ഐസൺ വാൽനക്ഷത്രത്തെക്കുറിച്ചുള്ള ശാസ്ത്രക്ലാസ്സും ദി കിഡ് എന്ന സിനിമയുടെ പ്രദർശനവും നടന്നു. വൈകുന്നേരം നടന്ന സമാപനയോഗത്തിൽ പ്രചോദന ജില്ലാ സംഘാടക സമിതി കൺവീനർ സൗഭാഗ്യകുമാരി സമാപന സന്ദേശം നൽകി.

ക്യാമ്പംഗങ്ങളായ കസ്തൂരി സ്വാഗതവും ഗൗരി കൃതജ്ഞതയും പറഞ്ഞു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കോ-ഓർഡിനേറ്റർ ശിവൻകുട്ടി, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം അലീന എസ് തുടങ്ങിയവർ ക്ലാസ്സിനും ശില്പശാലകൾക്കും നേതൃത്വം നൽകി.

# ആഗോള സാമ്പത്തിക പ്രതിസന്ധി, മുതലാളിത്ത വ്യവസ്ഥയുടെതന്നെ പ്രതിസന്ധി

**- ഡോ.വി.വേണുഗോപാൽ**





അബുദാബിയിൽ പ്രസക്തി സംഘടിപ്പിച്ച സെമിനാറിൽ ഡോ.വി.വേണുഗോപാൽ വിഷയാവതരണം നടത്തുന്നു. വേദിയിൽ ഫൈസൽ ബാവ, വി.ടി.വി.ദാമോദരൻ, റ്റി.പി.ഗംഗാധരൻ, എം.സുനീർ, കെ.വി.ധനേഷ്കുമാർ, ടി.കൃഷ്ണകുമാർ, അഷറഫ് ചമ്പാട്, ജോഷി ഓഡേസ, അജി രാധാകൃഷ്ണൻ തുടങ്ങിയവർ.

**അ**മേരിക്കയിൽ പ്രത്യക്ഷപ്പെട്ട സബ്പ്രൈം പ്രതിസന്ധിയും യൂറോപ്പിൽ വീശിയടിച്ച സോവറിൻ ഡെബ്റ്റ് പ്രതിസന്ധിയും ഇന്ത്യൻ രൂപയുടെ മൂല്യശോഷണവുമെല്ലാം ലോകമുതലാളിത്ത ചങ്ങലയുടെ വിവിധ കണ്ണികളിൽ പ്രത്യക്ഷപ്പെടുന്ന പ്രതിസന്ധികളാണെന്ന് അബുദാബിയിൽ പ്രസക്തി സംഘടിപ്പിച്ച സെമിനാർ ഡോ.വി.വേണുഗോപാൽ അഭിപ്രായപ്പെട്ടു.

യുഎഇയിലെ പ്രമുഖ സാംസ്കാരിക സംഘടനയായ പ്രസക്തി, അബുദാബി കേരള സോഷ്യൽ സെന്ററിൽ സംഘടിപ്പിച്ച് ആഗോള സാമ്പത്തിക പ്രതിസന്ധി: എന്ത്? എന്തുകൊണ്ട്? എന്ന സെമിനാറിൽ വിഷയം അവതരിപ്പിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ. ആഗോള സാമ്പത്തിക പ്രതിസന്ധി അടിസ്ഥാനപരമായി മുതലാളിത്ത വ്യവസ്ഥയുടെതന്നെ പ്രതിസന്ധിയാണ്.

ജനങ്ങൾക്ക് തൊഴിലും വരുമാനവും പ്രദാനം ചെയ്യാൻ ശേഷിയില്ലാത്ത വ്യവസ്ഥയായി കൊടിയ മത്സരത്തിൽ അധിഷ്ഠിതമായ മുതലാളിത്തം മാറിയിരിക്കുന്നു. മുതലാളിത്തത്തിന്റെ ഈ ആന്തരിക പ്രതിസന്ധി കമ്പോള വികസനത്തിനുള്ള ശക്തി ക്ഷയിപ്പിച്ചിരിക്കുന്നതിനാൽ സാധാരണക്കാരായ ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്താനും സാമൂഹിക സുരക്ഷാ നടപടികൾപോലും കവർന്നെടുക്കാനും സർക്കാരുകളെ പ്രേരിപ്പിക്കുകയാണ് ഡോ.വി.വേണുഗോപാൽ തുടർന്നു പറഞ്ഞു.

ഫൈസൽ ബാവ അഅദ്ധ്യക്ഷനായ സെമിനാൽ വി.ടി.വി.ദാമോരൻ ഉദ്ഘാടനം ചെയ്തു. പ്രമുഖ മാധ്യമപ്രവർത്തകൻ റ്റി.പി.ഗംഗാധരൻ, എം.സുനീർ(യുവകലാസാഹിതി) , കെ.വി.ധനേഷ്കുമാർ( ഫ്രണ്ട്സ് ഓഫ് കെഎസ്എസ്പി) ടി.കൃഷ്ണകുമാർ, അഷറഫ് ചമ്പാട്, ജോഷി ഓഡേസ, അജി രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ●

# നഴ്സുമാർക്ക് മാന്യമായ പരിഗണന ഉറപ്പാക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ബാധ്യത.

**ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പൊലിത്ത**



ഐഎൻപിഎ ആലപ്പുഴ ജില്ലാ സമ്മേളനം ഡോ.ഗീവർഗ്ഗീസ് മാർ കുറീലോസ് മെത്രാപ്പൊലിത്താ ഉദ്ഘാടനം ചെയ്യുന്നു



ഐഎൻപിഎ ആലപ്പുഴ ജില്ലാ സമ്മേളന സദസ്സ്

ഭൂമിയിലെ മാലാഖമാരാണ് നഴ്സുമാർ എന്ന് വാഴ്ത്തപ്പെടുമ്പോഴും ചെകുത്താന്മാരോടെന്നതിനേക്കാൾ മോശമായിട്ടാണ് നഴ്സുമാരോട് പെരുമാറുന്നതെന്ന് ഡോ. ഗീവർഗ്ഗീസ് മാർ കുറീലോസ് മെത്രാപ്പോലീത്ത. ഒക്ടോബർ 13ന് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ(ഐഎൻപിഎ) ആലപ്പുഴ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മഹനീയവും അങ്ങേയറ്റം ക്ലേശകരവുമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന നഴ്സുമാർക്ക് എല്ലാ അർത്ഥത്തിലും മാന്യമായ പരിഗണന ലഭിക്കുന്നു എന്നുറ പ്പാക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ അനുപേക്ഷണീയമായ ബാധ്യതയാണെന്നും അദ്ദേഹം പറഞ്ഞു.

ഡോ.എസ്.ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ഉടൻ നടപ്പിലാക്കുക, വിദ്യാഭ്യാസ വായ്പയുടെ പലിശ ഉപാധികളില്ലാതെ സമ്പൂർണ്ണമായും എഴുതിത്തള്ളുക, ജപ്തിനടപടികൾ എന്നെന്നേക്കുമായി അവസാനിപ്പിക്കുക, ബാങ്കുകൾ നടത്തുന്ന നിയമലംഘന നടപടികൾക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ടാണ് സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്. നന്ദനൻ വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി, ഡോ.കെ.ഹരിപ്രസാദ്, പി.ജി. ജോസഫ് കാവലം, കെ.ജെ.ഷീല, അഡ്വ.എം.എ.ബിന്ദു, കെ.സി.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. നന്ദനൻ വലിയപറമ്പിൽ പ്രസിഡന്റും കെ. ജെ.ഷീല സെക്രട്ടറിയുമായുള്ള അറുപത്തിയേഴംഗ കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. ●

# ജനപ്രതിനിധികളെ അയോഗ്യരാക്കുന്ന കോടതിവിധി ഭരണഘടനാവിരുദ്ധം

(1-ാംപേജിൽ നിന്നും തുടർച്ച)

ത്രമാല്ല ലെജിസ്ലേച്ചറിന്റെ വിലകെടുത്തി ജൂഡീഷ്യറിയുടെ സഹായത്തോടെ ഭരണഘടനാപരമായ സ്വേച്ഛാധിപത്യം കൊണ്ടുവരിക എന്ന മുതലാളി വർഗ്ഗത്തിന്റെ ഹീന പദ്ധതി എല്ലാവരും അംഗീകരിച്ചമട്ടാണ്.

എന്നാൽ ഈ അപകടകരമായ പ്രവണതകളെക്കുറിച്ച് നേരായി ചിന്തിക്കുന്നവർ മനസ്സിലാക്കിയിരിക്കണം. ഒരു പ്രമുഖ പാർട്ടിയെയും ഇതിനെ എതിർക്കാൻ കൂട്ടുകിട്ടില്ലയെന്ന കാര്യം അറിഞ്ഞിരിക്കണം. ക്രിമിനലുകളിൽനിന്ന് തെരഞ്ഞെടുപ്പ് രംഗം മുക്തമാക്കി നീതിപർവ്വമാക്കാൻ ശക്തമായ പൊതുജനാഭിപ്രായം രൂപീകരിക്കുകയും യോജിച്ച ജനാധിപത്യപ്രക്ഷോഭം വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. കോടതി ലെജിസ്ലേച്ചറിന്റെ അധികാരങ്ങൾ കവർന്നെടുക്കുന്നതിനെതിരെ ശക്തമായ ജനമുന്നേറ്റം വളർത്തിയെടുക്കാതെ കോടതിയിലൂടെ കാര്യങ്ങൾ സാധിക്കാം എന്നു കരുതുന്നത് ആത്മഹത്യപരമായിരിക്കും. ഇന്ത്യയിലെ വിപ്ലവപ്പാർട്ടി എന്ന നിലയിൽ എസ്യുസിഐ(സി) ഈ വിപത്തുകളെക്കുറിച്ച് നിരന്തരം ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. ബൃഹത്തായ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൽ വളർത്തിയെടുക്കുന്ന നമ്മുടെ പാർട്ടി, ഭരണഘടനാപരമായ സ്വേച്ഛാധിപത്യം രൂപപ്പെടുത്താനുള്ള മുതലാളിവർഗ്ഗ പദ്ധതിക്കെതിരായ പോരാട്ടവും അതിൽ ഉൾച്ചേർത്തിരിക്കുന്നു. ഈ സന്ദർഭത്തിൽ, അപകടകരമായ ഈ സ്ഥിതിവിശേഷത്തെ ഗൗരവമായി കാണാനും അവസരത്തിനൊത്തുയരാനും നമ്മുടെ പാർട്ടി ജനങ്ങളോടഭ്യർത്ഥിക്കുന്നു. ●

# അയ്യൻകാളിയും കേരളനവോത്ഥാനവും

## നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന പഠനം

**2013 നവംബർ 12 ന്, അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളി സമരത്തിന്റെ 100-ാം വാർഷികാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ വച്ച് മുതിർന്ന പത്രപ്രവർത്തകൻ ബി.ആർ.പി ഭാസ്കർ, അയ്യൻകാളിയുടെ പൗത്രൻ പി.ശശിധരൻ ഐ.പി.എസ്-ന് കോപ്പി നൽകി പ്രകാശനം നിർവഹിക്കും.**

**നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽ വച്ച് 2013 ന് അയ്യൻകാളിയും കേരളനവോത്ഥാനവും എന്ന വിഷയത്തിൽ നടന്ന ദ്വിദിന ശില്പശാലയിൽ അവതരിപ്പിക്കപ്പെട്ട വിവിധ പ്രബന്ധങ്ങൾ ക്രോഡീകരിച്ച് രചിപ്പിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം എഡിറ്റ് ചെയ്തിരിക്കുന്നത് എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ആണ്. അയ്യൻകാളി നയിച്ച കാർഷികസമരത്തിന്റെ നൂറാം വാർഷികാചരണക്കമ്മിറ്റി ചെയർമാൻ ഡോ.എൻ.എ.കരിം അവതാരിക എഴുതിയിരിക്കുന്നു. ആ പ്രൗഢമായ അവതാരിക ഞങ്ങളിവിടെ പ്രസിദ്ധീകരിക്കുന്നു – എഡിറ്റർ, യൂണിറ്റി**

### അവതാരിക

പ്രധാനമായും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമായി കേരളത്തിലെ സാമൂഹ്യരംഗത്തുണ്ടായ പുത്തനുണർവ്വിന്റെ ചരിത്രം വായിക്കുന്നത് മലയാളികളെ സംബന്ധിച്ചിടത്തോളം ഇന്നും എപ്പോഴും ഉന്മേഷദായകമാണ്, പ്രചോദനാത്മകവുമാണ്. കേരളനവോത്ഥാനം എന്ന പേരിൽ ഇന്നു പൊതുവേ അറിയപ്പെടുന്ന ആ ഏകദേശം ഒരു നൂറ്റാണ്ടിന്റെ ചരിത്രം ഭാഗികമായും ഏറെക്കുറെ സമഗ്രമായും ഇതിനകം പലരും എഴുതിയിട്ടുണ്ട്. കേരളത്തിലെ വിവിധ സാമുദായികസമൂഹങ്ങളിലെ യാഥാസ്ഥിതികത്വത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ എതിർപ്പിന്റെ ചെറിയ തരംഗങ്ങളായി ആരംഭിച്ച അവ നേരിട്ട എതിർപ്പിന്റെ തോതനുസരിച്ച് ശക്തമായ തിരകളായുയരുകയും സാമുദായികാതിർത്തികൾ ലംഘിച്ച് സമൂഹത്തിലാകെ അലയടിക്കുകയുമുണ്ടായി.

ഉപരിപ്ലവ ബുദ്ധികളായ നിരീക്ഷകന്മാർക്ക് പെട്ടെന്ന് ഒറ്റനോട്ടത്തിൽ കാണാൻ കഴിയാത്ത നിരവധി പ്രകടങ്ങളും അതിനേക്കാളധികം നിഗൂഢങ്ങളുമായ കാരണങ്ങൾ അതിന്റെ പിന്നിലുണ്ടായിരുന്നു. പ്രധാനമായും നവോത്ഥാനത്തിന് നേതൃത്വം നൽകിയ മഹാശയന്മാരുടെ ജീവചരിത്രങ്ങളെ കേന്ദ്രീകരിച്ചും അവരുടെ ആശയാദർശങ്ങളെ അടിസ്ഥാനമാക്കിയും അവരുടെ പ്രവർത്തനങ്ങളുടെ ഫലങ്ങൾ വിലയിരുത്തിയുമാണ് ഇന്നുവരെ എഴുതപ്പെട്ടിട്ടുള്ള നവോത്ഥാന ചരിത്രങ്ങളധികവും. ശ്രീനാരായണഗുരുവിന്റെ നടുനായകസ്ഥാനം സാർവ്വത്രികമായി അംഗീകരിച്ചുകൊണ്ടുള്ള അത്തരം രചനകളിൽ മറ്റുള്ള നവോത്ഥാനനായകന്മാരുടെയും അവരുടെ അവഗണിക്കാൻ പാടില്ലാത്ത ചില പൂർവ്വഗാമികളുടെയും പ്രചോദനാത്മകമായ പങ്കും വിവരിക്കുന്നുണ്ട്.

എന്നാൽ ഈ നവോത്ഥാനത്തിന് വഴിതെളിച്ച സാമൂഹ്യസാമ്പത്തിക ശക്തികളെപ്പറ്റി നല്ല തെളിഞ്ഞ ചരിത്രബോധത്തോടുകൂടിയുള്ള അപഗ്രഥനാത്മകമായ രചനകൾ അപൂർവ്വമാണ്. യൂറോപ്പിൽ ഫ്യൂഡലിസത്തിന്റെ അന്ത്യം കുറിച്ച ഫ്രഞ്ചുവിപ്ലവാശയങ്ങളും 1917 ൽ റഷ്യയിലുണ്ടായ ബോൾഷെവിക്ക് വിപ്ലവസോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരവുമെല്ലാം കേരളനവോത്ഥാനത്തിന്റെ ഉല്പത്തിയിലും വളർച്ചയിലും നേട്ടങ്ങളിലും ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ടാകാതിരിക്കുകയില്ല. അത്തരം മാർക്സിയൻ വീക്ഷണങ്ങളുടെ സ്വാധീനങ്ങൾ ഈ പുസ്തകത്തിലുണ്ടെന്നുള്ളതാണ് ഇതിന്റെ എടുത്തുപറയത്തക്ക സവിശേഷത. എന്നാൽ നിരവധിപേർ ചേർന്നെഴുതിയവയായതുകൊണ്ടും പുസ്തകത്തിന്റെ രചനാപരമായ പരിമിതി കൊണ്ടുമാവാം അത്തരം അപഗ്രഥനങ്ങൾ പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയാതെ പോയതും. ഏതായാലും കേരളനവോത്ഥാനം പോലെ ഒരു വലിയ വിഷയത്തിന്റെ ആശയപരമായ വ്യാപ്തിയും ചരിത്രപരമായ പ്രാധാന്യവും കണക്കിലെടുക്കുമ്പോൾ അത്തരം ശാസ്ത്രീയമായ പഠനങ്ങൾ ഇനിയും ധാരാളമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

ഇന്നിപ്പോൾ കേരളനവോത്ഥാന കാലഘട്ടത്തിൽ തന്റെ തികച്ചും തനതായ ഒരു പ്രവർത്തനപാത വെട്ടിത്തെളിയിച്ച മഹാനായ അയ്യൻകാളിയുടെ ധീരമായ പണിമുടക്ക് സമരത്തിന്റെ ശതാബ്ദി കൊണ്ടാടുമ്പോൾ പ്രധാനമായും അദ്ദേഹത്തിന്റെ അത്തരം സാമ്പത്തിക സമരപരിപാടികളും അവ സമൂഹത്തിൽ സൃഷ്ടിച്ച ആഘാതങ്ങളുമായിരിക്കും സ്വാഭാവികമായും ചർച്ച ചെയ്യപ്പെടുക. നൂറ് വർഷത്തിലേറെ കാലത്തിന്റെ അകൽച്ച നൽകുന്ന പുതിയ പരിപ്രേക്ഷ്യം നവോത്ഥാന നായകന്മാരെയും അവരുടെ പൂർവ്വഗാമികളെയും അവരുടെ സംഭാവനകളെയും പുനർമൂല്യനിർണ്ണയം ചെയ്യാൻ പറ്റിയ ഒരവസരമാണ്. ശ്രീ നാരായണഗുരുവും മഹാത്മാ അയ്യൻകാളിയും നവോത്ഥാന ആശയങ്ങളുടെ പരസ്പരപൂരകങ്ങളായ രണ്ട് വലിയ സ്രോതസ്സുകളും ശക്തികേന്ദ്രങ്ങളുമായിരുന്നെന്ന് ഇന്ന് നമുക്ക് വ്യക്തമായി കാണാം.

ഒരാൾ ശാന്തനും, സൗമ്യനും, മിതഭാഷിയുമായിരുന്നെങ്കിൽ അപരൻ സിംഹത്തെ അതിന്റെ മടയിൽ കടന്നുചെന്ന് സടപിടിച്ച് കുലുക്കുന്ന കർമ്മധീരനും സാഹസികനുമായിരുന്നു. എന്നാൽ അവരിരുവരുടെയും കർമ്മപരിപാടികളുടെ വിപ്ലവാംശങ്ങളിൽ അവർ തുല്യരായിരുന്നുവെന്നുള്ളതാണ് സത്യം. ശ്രീനാരായണഗുരുവിന്റെ 1888-ലെ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയുടെ വിപ്ലവശക്തി മറ്റാരുടെയും നവോത്ഥാനപ്രവർത്തന പരിപാടിക്കുണ്ടായിരുന്നില്ല എന്നുറപ്പിച്ച് പറയാം. എന്നാൽ അത് ഗുരു എത്ര അനാർഭാടമായി ശാന്തനായാണ് ചെയ്തതെന്നോർക്കുക. തനിക്കതിനുള്ള അധികാരത്തെ ചോദ്യം ചെയ്തവരോട് അവരെ തികച്ചും നിരായുധരാക്കുക മാത്രമല്ല, ഇളിഭ്യരാക്കുകയും ചെയ്യുന്ന വിധത്തിൽ നിർവ്വികാരനായി താൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചതെന്ന ശാന്തമായ മറുപടിയും പിന്നീടവിടെ എഴുതിവെച്ച "ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന ലളിതമായ വിളംബരവാക്യവും ചരിത്രത്തിൽ സൃഷ്ടിച്ച വൻമുഴക്കം ഇന്നും കാലത്തിന്റെ ഇടനാഴികളിൽ അനുരണനം ചെയ്യുന്നുണ്ട്. ആ ചെയ്തിയുടെ മോചനമൂല്യം 1789 ജൂലൈ പതിനാലാം തിയതി പാരിസിലെ ബാസ്റ്റിൽ കൊട്ടാരജയിൽ അവിടത്തെ അന്നത്തെ വിപ്ലവകാരികൾ തകർത്തു തടവുകാരെ മുഴുവൻ മോചിപ്പിച്ചതിനേക്കാൾ വലുതായിരുന്നുവെന്ന് കാണാം. അതേത്തുടർന്നാണല്ലോ ഫ്രഞ്ചുവിപ്ലവം കത്തിക്കാളി പടർന്നുപിടിച്ചതും.

അതുപോലെതന്നെ ദാർശനിക ചിന്തകളുടെ വിശ്വവിശാലമായ വിഹായസ്സിലേക്ക് പറന്നുയരുവാനും അവയെ അയത്ന ലളിതമായി മനോഹരങ്ങളായ കവിതകളിൽ ആവിഷ്ക്കരിക്കുവാനുമുള്ള കഴിവ് ഗുരുവിനെപ്പോലെ മറ്റാർക്കുമുണ്ടായിരുന്നില്ല. അതുകൊണ്ടുകൂടിയാവണം മഹാനായ അയ്യങ്കാളിയും മാർഗ്ഗദർശിത്വത്തിനുവേണ്ടി ഗുരുദേവന്റെ നികടത്തിൽ ഇടയ്ക്കിടെ എത്തിച്ചേർന്നിരുന്നത്. ഇരുവരും എല്ലാ കീഴാളവർഗ്ഗങ്ങളുടെയും മോചനത്തിനുവേണ്ടി ഉപയോഗിച്ച ഒരു പൊതു ആയുധം വിദ്യാഭ്യാസമായിരുന്നു. അതുകൊണ്ടാണ് കേരളത്തിൽ അക്കാലത്ത് വിദ്യാഭ്യാസം ഏറെക്കുറെ സാർവ്വത്രികമായതും ആ വിദ്യാഭ്യാസത്തിന് മൂർച്ചയേറിയ ഒരു വായ്ത്തല ലഭ്യമായതും. എന്തുകൊണ്ടെന്നാൽ അതവർക്ക് വെള്ളിത്താലത്തിൽ വെച്ചുകിട്ടിയതല്ല. നിരന്തരം സമരംചെയ്തുനേടിയെടുത്തതാണ്. പഞ്ചമി എന്ന ഹരിജൻ ബാലികയുടെ സ്കൂൾ പ്രവേശനത്തിൽ അയ്യൻകാളി ഊരൂട്ടമ്പലത്ത് തുടങ്ങിയ സമരം ഒരവകാശസമരമായി നാടാകെ കത്തിപ്പടർന്നു. ഏകദേശം ഒന്നര ശതാബ്ദങ്ങൾക്കുശേഷമാണ് ഇന്ത്യക്കാരായ എല്ലാവർക്കും അതൊരു ഭരണഘടനാസിദ്ധമായ ജന്മാവകാശമായി അനുവദിച്ചുകിട്ടിയതും. എന്നിട്ടും ഇന്നും ആ അവകാശം ഒരു വിഭാഗം ജനങ്ങളെ സംബന്ധിച്ചിടത്തോളം സാർത്ഥകമായിട്ടില്ലെന്നുള്ളത് ആ നവോത്ഥാനമൂല്യങ്ങൾ നമുക്ക് നഷ്ടപ്പെട്ടുവെന്നുള്ളതുകൊണ്ട് മാത്രമാണ്.

കുറച്ചുകാലമായി ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിൽ വളർന്നുവരുന്ന വിഭാഗീയതകളുടെയും മതയാഥാസ്ഥിതികത്വത്തിന്റെയും വിനാശകരമായ വിഷക്കാറ്റ് കേരളത്തിലുമെത്തി ഇവിടുത്തെ നവോത്ഥാനത്തിന്റെ തഴപ്പുകളെ ഏറെക്കുറെ പാടെ കരിച്ചുകളഞ്ഞതുകൊണ്ടാണ് അതിന്റെ പുത്തൻ തളിരുകളൊന്നും ഇന്ന് കാണാത്തത്. ഇതൊരു ആപത്ക്കരമായ സ്ഥിതിവിശേഷമാണ്. ദീർഘകാലത്തെ ത്യാഗപൂർണ്ണ പ്രവർത്തനങ്ങളിലൂടെ നാം നേടിയെടുത്ത സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും കവർന്നെടുക്കാൻ വിധ്വംസകങ്ങളായ മതവിഭാഗീയതകൾ വളർത്തിയെടുത്ത് രാഷ്ട്രീയാധികാരം കൈയ്യടക്കുവാൻ ശ്രമിക്കുന്ന നവയാഥാസ്ഥിതിക ഫാസിസ്റ്റുശക്തികളും, മനുഷ്യനെ മറന്നും മാർക്കറ്റ് ദൈവത്തെ പൂജിക്കുന്ന കോർപ്പറേറ്റ് വർഗ്ഗങ്ങളും ചേർന്ന് ഒരു വലിയ സഖ്യത്തിലെത്തിച്ചേർന്നിരിക്കുകയാണ്.

കേരളനവോത്ഥാനത്തിന്റെ ആദ്യ അലകളും പിന്നീടുണ്ടായ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക തരംഗങ്ങളും കൂടി സൃഷ്ടിച്ച കേരളത്തിന്റെ സാമൂഹ്യമൂലധനമായിരുന്നു കേരളമോഡൽ വികസനത്തിന്റെ ഏറ്റവും നിർണ്ണായകമായ ഘടകമെന്ന് പ്രൊഫസർ അമർത്യസെന്നിനെപ്പോലെ കേരളമാതൃകയിലുള്ള വികസനത്തിന്റെ ആരാധകന്മാരായ വികസനവിശാരദന്മാർ ശാസ്ത്രീയമായിത്തന്നെ വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അതിന് വിപരീതമായി സ്വതന്ത്രവ്യാപാര സിദ്ധാന്തം (*Liesser faire*) അനുസരിച്ചുള്ള ജിഡിപി വളർച്ചയിൽ മാത്രം മോക്ഷം കാണുന്ന ലോകബാങ്ക്- നാണയനിധി ദല്ലാളന്മാരായ മൻമോഹൻസിങ്, ചിദംബരം, അഹ്ലുവാലിയ, രഘുരാം രാജൻ, ആനന്ദ്ശർമ്മ എന്നിവരുടെ കൈകളിലാണ് രാഷ്ട്രീയാധികാരം കേന്ദ്രീകരിച്ചിരിക്കുന്നത്. കേരളം മാതൃക കാണിച്ച സാമൂഹ്യനീതിനിഷ്ഠമായ വികസനത്തിന്റെയും സമത്വസുന്ദരമായ ഒരു സാമൂഹ്യക്രമത്തിന്റെയും സൃഷ്ടിക്കാവശ്യമായ ആശയങ്ങൾ ബീജാരൂപത്തിലും വ്യക്തമായും കേരളത്തിന്റെ നവോത്ഥാനനായകന്മാരുടെ ചിന്തകളിലും പ്രവർത്തനങ്ങളിലുമുണ്ട്. രാഷ്ട്രീയമായി പ്രായോഗികമാക്കാൻ കഴിയുന്ന ചിന്തകളും പരിപാടികളും ഒരു പക്ഷേ കൂടുതലായുള്ളത് മഹാത്മാ അയ്യൻകാളിയുടെ ജീവചരിത്രത്തിലാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജീവിതപഠനത്തിന് സഹായകമായ അർത്ഥപൂർണ്ണങ്ങളായ വസ്തുതകൾ വളരെ ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ ഈ ചെറുപ്രസിദ്ധീകരണത്തിലുണ്ട്. വ്യത്യസ്ത അദ്ധ്യായങ്ങൾ തയ്യാറാക്കിയവർ അതിനുവേണ്ടി ആശ്രയിച്ച സ്രോതസ്സുകളുടെ പൂർണ്ണലിസ്റ്റ് പുസ്തകത്തിന്റെ അന്ത്യത്തിൽ കൊടുത്തിട്ടുള്ളതിൽ നിന്നും മനസ്സിലാക്കാം.

***അയ്യൻകാളി: ജീവിതവും സമരവും*** എന്ന ഒന്നാം ഖണ്ഡം തന്നെ അതിന്റെ വിഷയപരമായ സമഗ്രതയിലും രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മാനങ്ങളുടെ നിശിതമായ ഉൾക്കാഴ്ചകളിലും ഒരുപോലെ സമ്പന്നമായ ഒരു രചനയാണ്. കേരളത്തിന്റെ അന്നത്തെ വിശാലമായ ജീവിതപശ്ചാത്തലത്തിലാണ് അയ്യൻകാളിയുടെ ജീവിതവും ചിന്തകളും പ്രവർത്തനങ്ങളും അവയുടെ മാനങ്ങളും നേട്ടങ്ങളും വിശദമായി അതിൽ അവതരിപ്പിച്ചിട്ടുള്ളത്.

ലോകതൊഴിലാളിപ്രസ്ഥാനത്തിന്റെ ചരിത്രം സാമാന്യമായി അവലോകനം ചെയ്യുമ്പോഴാണ് അയ്യൻകാളിയുടെ അന്നത്തെ സമരാദർശങ്ങളുടെ ദീർഘദർശിത്വം നമുക്ക് മനസ്സിലാകുന്നത്. അടിമത്തത്തിൽ നിന്ന് സാങ്കേതികമായി കഷ്ടിച്ച് മോചനം നേടിയ ഒരു സമൂഹത്തിന്റെ നിരവധി മൗലികാവകാശങ്ങളുടെ നിരോധനത്തിന്റെ നടുവിൽ നിന്നുകൊണ്ടാണ്, അയ്യൻകാളി ജാതികൃതമായ ക്രൂരമായ അനീതികൾ നിറഞ്ഞ ഒരു ഫ്യൂഡൽസമൂഹത്തെ ലോകത്തിലെ അന്നത്തെ ഇതര മുതലാളിത്ത സമൂഹങ്ങളിലെ സംഘടിത തൊഴിലാളിവർഗ്ഗങ്ങൾ ഉയർത്താൻ തുടങ്ങിയിരുന്ന അവകാശവാദങ്ങൾ ഉന്നയിച്ച് സമരം ചെയ്യാൻ പഠിപ്പിച്ചതെന്ന സത്യം അറിയുമ്പോഴാണ്, പുസ്തകത്തിന്റെ രണ്ടാം നിബന്ധമായ ***'തൊഴിലാളിപ്രസ്ഥാനം'*** എന്ന ഖണ്ഡം ഈ ഗ്രന്ഥത്തിന്റെ സാഹചര്യത്തിൽ ശ്രദ്ധേയമാകുന്നത്. മുഖവുരയും അനുബന്ധവുമടക്കമുള്ള പന്ത്രണ്ട് നിബന്ധങ്ങളിലായി കേരള ചരിത്രത്തിലെ ഒരു കാലഘട്ടത്തിന്റെ ഗതിയിൽ വിപ്ലവാത്മകമായ വ്യതിയാനം വരുത്തുകയും ഒരു വലിയ ജനസമൂഹത്തിന്റെ ഭാവി ചരിത്രഭാഗധേയം നിർണ്ണയിക്കുന്നതിൽ പങ്ക് വഹിക്കുകയും ചെയ്ത അയ്യൻകാളിയുടെ സമ്പൂർണ്ണ ചിത്രം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഈ പുസ്തകത്തിന്റെ വിജയം. കേരള ചരിത്ര വിദ്യാർത്ഥികൾക്ക് വളരെയധികം സഹായകമായ ഇത്തരം ചെറുതെങ്കിലും പുതിയ നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നിഗമനങ്ങളുമടങ്ങിയ ഈ പുസ്തകം അവതരിപ്പിക്കുന്നതിൽ എനിക്ക് അനല്പമായ ചാരിതാർത്ഥ്യമുണ്ട്.

*അയ്യൻകാളിയും കേരളനവോത്ഥാനവും(പഠനം)*
*നേതാജി സാമൂഹ്യസാംസ്കാരിക പഠനകേന്ദ്രം*
*പ്രസാധനം*
*യൂണിറ്റി ബുക്സ് ആന്റ് പബ്ലിക്കേഷൻസ്*
*പേജ് 160, വില രൂപ 100.00*
*കോപ്പികൾക്ക് : യൂണിറ്റി ബുക്സ് ആന്റ് പബ്ലിക്കേഷൻസ്, ടിസി 12/1242, കുന്നുകുഴി, തിരുവനന്തപുരം- 695 035, ഫോൺ: 2307151, 9387110272*

# കുത്തകകൾക്കായി ഇറക്കുമതി വർദ്ധിപ്പിച്ചത് രൂപയുടെ മൂല്യത്തകർച്ചയ്ക്ക് കാരണമായി

(4-ാംപേജിൽ നിന്നും തുടർച്ച)

ഇന്ത്യയാണ് കൽക്കരി ശേഖരത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ 300 ബില്യൻ ടണ്ണിന്റെ ശേഖരം. എന്നിട്ടും ഏതാണ്ട് 8 ബില്യൺ ഡോളർ വിലവരുന്ന 82 ബില്യൺ ടൺ കൽക്കരി ഈ വർഷം ഇറക്കുമതി ചെയ്യുകയാണ്. തദ്ദേശ ലഭ്യത ഇല്ലാതാക്കിക്കൊണ്ട് ഉള്ളിയും പഞ്ചസാരയും കയറ്റുമതി ചെയ്യാൻ ശക്തരായ ലോബികൾക്ക് അനുമതി നൽകുമ്പോൾ തന്നെ ഇതേ സാധനങ്ങൾ വൻവില നൽകിക്കൊണ്ട് ഇറക്കുമതി ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് സാധനങ്ങളുടെ ഇറക്കുമതിയും ഇത്തരത്തിൽ ഇറക്കുമതി ബിൽ കൂടുന്നവയാണ്. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുപിന്നാലെ ഇന്ത്യൻ കുത്തകകളുടെ മത്സരശേഷി വർദ്ധിപ്പിക്കാനും അന്തർദ്ദേശീയ രംഗത്ത് ശക്തരായി രംഗത്തെത്താനും വേണ്ടി സ്വയം പര്യാപ്തതക്ക് ഊന്നൽ നൽകുകയും ആഭ്യന്തര ഉല്പാദന വളർച്ചക്ക് സഹായമേകുകയും കയറ്റുമതി കൂട്ടുകയും ഇറക്കുമതി കുറക്കുകയും ചെയ്ത കാലം ഓർക്കുന്നുണ്ടാകും. പക്ഷേ മുതലാളിത്ത പ്രതിസന്ധി രൂക്ഷമാവുകയും ഇന്ത്യൻ കുത്തകകൾ അന്തർദ്ദേശീയ കാർട്ടലുകളിലും ബഹുരാഷ്ട്ര കുത്തക കമ്പനികളിലും ശക്തരായ പങ്കാളികളായി മാറുകയും ആഗോളവൽക്കരണത്തിന്റെയും ഉറ്റതോഴന്മാരായി മാറുകയും ചെയ്തതോടെ പോക്ക് എതിർദിശയിലായി. കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ ഇറക്കുമതി കയറ്റുമതിയേക്കാൾ അധികരിച്ചു. ഇതിനിടയിൽ ആഗോളവൽക്കരണത്തിന്റെ ചില അനുകൂല ഘടകങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ചില ഉല്പന്നങ്ങൾക്ക് യു.എസിലും യൂറോപ്പിലും കയറ്റുമതി മാർക്കറ്റ് സൃഷ്ടിക്കാനായിട്ടുണ്ട്. ഈ കയറ്റുമതി നാട്ടിലെ ആവശ്യങ്ങൾ നിർവ്വഹിച്ച ശേഷമുള്ള മിച്ചമായിരുന്നില്ല. മറിച്ച് ഈ കമ്പോളം പിടിച്ചെടുക്കാനായി മാത്രം ഉല്പാദനം നടത്തുന്ന ബസുമതി അരി, ചെമ്മീൻ തുടങ്ങിയവ മാത്രമായിരുന്നു.

പക്ഷേ, മുതലാളിത്തത്തിന്റെ അവിഭാജ്യ നിയമമനുസരിച്ച് ആ രാജ്യങ്ങളിലെ ജനങ്ങളുടെയും വാങ്ങൽശേഷി ശോഷിക്കുന്നതിനാൽ ഇന്ത്യയുടെ കയറ്റുമതിയിൽ വലിയ ഇടിവുണ്ടായി. ഇത് കയറ്റുമതി ലാക്കാക്കിയുള്ള ഉല്പാദന യൂണിറ്റുകൾ പൂട്ടുന്നതിലേക്കും അവിടങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളികളുടെ പിരിച്ചുവിടലിലേക്കും നയിച്ചു. ഈ വഴിക്കുണ്ടായ രൂപയുടെ പതനത്തെ പിടിച്ചുനിർത്താനുമായില്ല. എന്നിരുന്നാലും നേരിട്ടുള്ള വിദേശനിക്ഷേപത്തെ കൂടുതൽ ഉദാരമാക്കുന്ന നയത്തിൽ നിന്നവർ പിന്തിരിഞ്ഞില്ല. പ്രതിസന്ധി ഗ്രസ്തമായ മുതലാളിത്തക്രമത്തിന്റെ വർഗ്ഗപരമായ ആവശ്യമാണത്. പുത്തൻകൊളോണിയൽ ചൂഷണത്തിന്റെ ഇന്നത്തെ രൂപമാണത്. വിദേശമൂലധനത്തിന്റെ സുഗമമായ ആഗമനത്തെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയും തുടർന്നുണ്ടാവുന്ന ചൂഷണത്തിന്റെ പരിണതഫലങ്ങൾ കൂടുതൽ സാമ്പത്തികാതിക്രമങ്ങളായി ഏറ്റുവാങ്ങാൻ ജനങ്ങളെ നിർബന്ധിതമാക്കുകയും ചെയ്യുന്ന കുറ്റകൃത്യമായെ ഇതിനെ കാണാനാവൂ.

നേരിട്ടുള്ള വിദേശനിക്ഷേപവും വിദേശസ്ഥാപനനിക്ഷേപവും വിദേശനാണ്യം സ്വരൂപിക്കുകയെന്നത് സർവ്വരോഗ സംഹാരിയാണെന്ന പരിഷ്ക്കാര വാദികളുടെ അവകാശവാദത്തെയാണ് ഇനി പരിശോധിക്കേണ്ടത്. ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുന്നതിനാൽ വ്യാവസായിക ഉല്പാദനത്തിലുള്ള നിക്ഷേപത്തിൽ നിന്ന് മുതലാളിമാർ അകന്നുപോകുകയാണ്. അതേസമയം പരമാവധി ലാഭമുണ്ടാക്കാനുള്ള ത്വര ഉപേക്ഷിക്കാനുമാവില്ല. വെറുതെയിരിക്കുന്ന വൻ മൂലധനത്തെ അവർ ലാഭം കൊയ്യാനായി ഷെയർമാർക്കറ്റുകളിലെ ഊഹക്കച്ചവടത്തിനായി ഉപയോഗിക്കുന്നു. ഊഹക്കച്ചവടത്തിലൂടെ പണം വർദ്ധിപ്പിക്കാനായി ആഗോള സ്വഭാവമുള്ള മൂലധനം ഏറ്റവും ഉചിതമായ താവളങ്ങളെ ലക്ഷ്യമാക്കി സദാമാറിക്കൊണ്ടിരിക്കുന്നു. അതിനാൽ എല്ലാ മുതലാളിത്ത സാമ്രാജ്യത്ത രാജ്യങ്ങളും ഇത്തരം ഊഹക്കച്ചവടാധിഷ്ഠിത വിദേശനിക്ഷേപത്തെ ആകർഷിക്കാനായി വൻതോതിലുള്ള നികുതിയിളവുകളും ആനുകൂല്യങ്ങളും വെച്ചുനീട്ടാനുള്ള കഴുത്തറുപ്പൻ മത്സരത്തിലാണ്. ഇന്ത്യാഗവണ്മെന്റും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. ആരംഭത്തിൽ ഇത്തരം ആനുകൂല്യങ്ങൾ കൈപ്പറ്റി വിദേശസ്ഥാപന നിക്ഷേപകർ ആയിരക്കണക്കിന് കോടി ഡോളറിന്റെ നിക്ഷേപം ഇന്ത്യൻ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ നടത്തി. പക്ഷേ യൂറോപ്പിലെ കടബാദ്ധ്യത പ്രതിസന്ധിയെ തുടർന്നും യുഎസിലുണ്ടായ സബ്പ്രൈം പ്രതിസന്ധിയെ തുടർന്ന് ലോകമെങ്ങുമുള്ള ഊഹാധിഷ്ഠിത മൂലധന കമ്പോളമാകെ തലകുത്തിവീണു. മുതലാളിത്ത കമ്പോളത്തിന്റെ ഈ മാന്ദ്യത്തിൽ നിന്ന് കരകയറാനുള്ള സാദ്ധ്യത മങ്ങിയതിനാലും യു.എസ് സാമ്രാജ്യത്ത ഭരണകൂടത്തിന്റെ ചില വിദഗ്ദ്ധ തന്ത്രങ്ങളുടെ പ്രയോഗത്താൽ ഡോറളിന്റെ വില വർദ്ധിച്ചതും കാരണം വിദേശനിക്ഷേപകർ കഴിഞ്ഞ രണ്ടുമാസങ്ങളിലായി മാത്രം 60,00 കോടി അമേരിക്കൻ ഡോളറാണ് ഇന്ത്യൻ കമ്പോളത്തിലെ നിഷേധത്തിൽ നിന്ന് പിൻവലിച്ചത്. ഈ കൂടുമാറൽ കാരണം വിദേശനാണ്യശേഖരത്തിൽ വൻതോതിൽ കുറവുണ്ടായി. ഇതിന്റെയെല്ലാം ഫലമായി രൂപയുടെ വില ശോഷിക്കുകയാണ്. ഇങ്ങനെ വിലകുറയുമ്പോൾ കയറ്റുമതി വർദ്ധിക്കുമെന്നാണ് ബൂർഷ്വ സാമ്പത്തിക പണ്ഡിതന്മാർ പറയുന്നത്. പക്ഷേ സംഭവിക്കുന്നത് നേരെ മറിച്ചാണ്. ആ രാജ്യങ്ങളിലെയും ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുന്നതാണ് കാരണം.

### സുപ്രധാനമേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം രക്ഷക്കെത്തുമെന്നത് തട്ടിപ്പ്

ചെലവുകുറഞ്ഞ അദ്ധ്വാന ശേഷിയോ അസംസ്കൃത വിഭവങ്ങളെയോ ലക്ഷ്യം വെച്ച് മറ്റൊരുരാജ്യത്ത് ഉല്പാദനമേഖലയിൽ നിക്ഷേപം നടത്തുന്നതിന് വിദേശ കുത്തകകൾക്ക് ഇന്നത്തെ കാലത്ത് യാതൊരു താല്പര്യവുമില്ല. ഉല്പന്നങ്ങൾക്ക് കമ്പോളമില്ല എന്നതു തന്നെ കാരണം. പരമാവധി ലാഭം വളരെ പെട്ടെന്ന് ലഭിക്കാനുതകുന്ന മേഖലകൾ തുറന്ന് കാട്ടാനായി ആഗോളവൽക്കരണത്തിന്റെ ആസൂത്രകർ ശക്തമായി പരിശ്രമിക്കുകയാണിപ്പോൾ. ഇതുവരെ സർക്കാർ നിയന്ത്രണത്തിലായിരുന്ന വിവിധ മേഖലകൾ വിദേശമൂലധനമടക്കമുള്ള സ്വകാര്യമൂലധനത്തിന്റെ കടന്നുവരവിന് അവസരമുണ്ടാക്കിക്കൊണ്ട് അവയുടെ നിയന്ത്രണം പോലും കൈക്കലാക്കാൻ പറ്റുന്ന തരത്തിൽ തുറന്നിടുകയാണ്. നേരിട്ടുള്ള വിദേശ നിക്ഷേപമടക്കം വൻതോതിലുള്ള സ്വകാര്യവൽക്കരണത്തിന്റെ ഫലമായി വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, പൊതുസേവനങ്ങൾ തുടങ്ങയിവ വൻതുക മുടക്കിയാൽ മാത്രം കിട്ടുന്ന ചരക്കായി മാറി.

1990 കളിൽ വിദേശനിക്ഷേപകർ അവരുടെ നിഷേധങ്ങൾ പൊടുന്നനെ പിൻവലിച്ചപ്പോൾ തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങൾ ഏതാണ്ട് പാപ്പരായിപ്പോകുന്ന അവസ്ഥയിലെത്തിയത് ഓർക്കുന്നുണ്ടാവും. വിദേശത്തെ കെട്ടിടം ഭൂമി, യന്ത്രങ്ങൾ ഫാക്ടറി തുടങ്ങിയ മൂലധന ആസ്തികൾ വാങ്ങുന്നതിനായി രൂപ യാതൊരു വിദേശക റൻസിയുമായി മാറ്റാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകുകയാണെങ്കിൽ ഇന്ത്യക്കും ഭാവിയിൽ അതേവിധി അഭിമുഖീകരിക്കേണ്ടിവരും. ഊഹക്കച്ചവടവും ചൂതാട്ടവും വളർത്താനുതകുന്ന തരത്തിലുള്ള യാതൊരു പരിഷ്ക്കാരവും യു.എസ് അടക്കമുള്ള പാശ്ചാത്യരാജ്യങ്ങളിലെ ഭീമൻ കുത്തക ധനകാര്യസ്ഥാപനങ്ങൾ തകർന്നടിഞ്ഞതുപോലെ ഇവിടെയും കാരണമായേക്കാം. യു.എസ് ലോകത്തിലെ ഏറ്റവും കടബാദ്ധ്യതയുള്ള രാജ്യമെന്നതിനാലും സമ്പദ് വ്യവസ്ഥ സൈനികവൽക്കരണത്തിലും ഊഹക്കച്ചവടത്തിലും അധിഷ്ഠിതമായിരിക്കുന്നതിനാലും ഡോളർ ഏത് നിമിഷവും തകർന്നടിഞ്ഞേക്കാം. അതിനാൽ നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ പരിധി ഉയർത്തുന്നത്, പ്രത്യേകിച്ചും തന്ത്രപ്രധാനമേഖലകളിൽ, ജനങ്ങളുടെ ദുരിതങ്ങൾ പലമടങ്ങ് വർദ്ധിക്കാനേ ഉപകരിക്കൂ.

### പ്രതിരോധമേഖലയിൽ നേരിട്ടുള്ള വിദേശനിക്ഷേപം ഉയർത്തുന്നത് ദേശരക്ഷയെ അപകടപ്പെടുത്തും.

പ്രതിരോധ രംഗത്ത് നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ പരിധി ഉയർത്തിയില്ലെങ്കിൽ വൻകിട പ്രതിരോധ ഉപകരണ വിതരണക്കാർ ഇന്ത്യയിൽ അവരുടെ വിതരണകേന്ദ്രങ്ങൾ തുടങ്ങുന്നതിന് താല്പര്യം കാണിക്കില്ലെന്ന് ഇന്ത്യൻ നയകർത്താക്കൾ പറയുന്നു. നാട്ടിൽ അവ നിർമ്മിക്കുന്നതിന് ഏറ്റവും പുതിയ സാങ്കേതിക വിദ്യലഭ്യമാവുമെന്നും, ഇന്ത്യ കയറ്റുമതി ചെയ്യുന്ന പ്രതിരോധ സാമഗ്രികളുടെ ആഭ്യന്തര ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കുമെന്നും കൂടുതൽ വിദേശനാണ്യം നേടിത്തരുമെന്നും അവർ പറയുന്നു. പക്ഷേ, സത്യമതല്ല.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇന്ത്യൻ മുതലാളി വർഗ്ഗത്തിന്റെ ആകമാനതാല്പര്യം പരിഗണിച്ച് പ്രതിരോധമേഖല സ്വകാര്യ സംരംഭകരുടെ സകലവിധ ഇടപെടലുകളും ഒഴിവാക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രതിരോധമേഖല സർക്കാർ മേഖലയിൽ തന്നെ നിലനിൽക്കുകയും വളരെയധികം തൊഴിൽ സൃഷ്ടിച്ചുകൊണ്ട് ഓർഡിനൻസ് ഫാക്ടറികൾ സ്ഥാപിക്കുകയും ചെയ്തു. അതേ മുതലാളി വർഗ്ഗത്തിന്റെ ഇപ്പോഴത്തെ ആകമാന താല്പര്യപ്രകാരം സ്വകാര്യമൂലധനത്തോട് എന്തിന് വിദേശകുത്തകമൂലധനത്തോട് പോലും പ്രതിരോധ ഉല്പാദന മേഖലയിൽ വൻതോതിൽ കടന്നുകയറുന്നതിൽ യാതൊരെതിർപ്പും അവർക്കില്ല. സർക്കാർ തന്നെ ഉപഭോക്താവായി മാറുന്ന തരത്തിൽ സമ്പദ് വ്യവസ്ഥയുടെ സൈനികവൽക്കരണം നടക്കുകയാണ്. അല്പം ജീവവായു ലഭിക്കാനായി മരണശ്വാസം വലിക്കുന്ന മുതലാളിത്ത-സാമ്രാജ്യത്ത രാജ്യങ്ങളെല്ലാം സ്വീകരിക്കുന്ന പൊതുരീതിയാണിത്. ഷെയർമാർക്കറ്റ് ഊഹക്കച്ചവടവും റിയൽ എസ്റ്റേറ്റ് രംഗവും മാന്ദ്യത്തിലകപ്പെട്ടതോടെ വമ്പൻ വ്യവസായ ഗ്രൂപ്പുകളും ബഹുരാഷ്ട്രകുത്തകകളും ഇപ്പോൾ സൈനിക ഉല്പാദനമേഖലയിലേക്ക് കടന്നിരിക്കുകയാണ്. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിരോധമേഖലയിലും ഉയർന്ന സാങ്കേതികവിദ്യ ആവശ്യമായ രംഗങ്ങളിലും വിദേശനിക്ഷേപം വർദ്ധിപ്പിക്കണമെന്ന് വൻകിട സാമ്രാജ്യത്ത ശക്തികളുടെ കുഴലൂത്തുകാർ ആവശ്യമുയർത്തുകയാണ്. സംയുക്ത സംരംഭങ്ങളെന്ന നിലയിലോ അല്ലെങ്കിൽ സൈനിക ശക്തിയുടെ സമ്മർദ്ദത്താലോ ആണ് അവരിത് നേടിയെടുക്കുന്നത്.

യു.എസിനും ചൈനക്കും പിന്നിൽ ഇന്ത്യയാണ് പ്രതിരോധ ചെലവിൽ ലോകത്തിലെ മൂന്നാമത്തെ സ്ഥാനത്തുള്ളത് എന്നതിനാൽ മനം മയക്കുന്ന ഒരു ആകർഷണ കേന്ദ്രമായി ഇന്ത്യ മാറിയിരിക്കുന്നു. യു.എസ് കമ്പനിയായ ലോക്ഹീഡ് മാർട്ടിനും അതുപോലുള്ളവരും ടാറ്റ, എൽ.ടി മഹീന്ദ്ര തുടങ്ങിയ കമ്പനികളുമായി പ്രതിരോധ ഉല്പാദനരംഗത്ത് യോജിച്ച് പ്രവർത്തിക്കാൻ പോകുന്നു. ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയും യുഎസ് സന്ദർശനവേളയിൽ പ്രതിരോധരംഗത്ത് നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ പരിധി ഉയർത്തുമെന്ന് പ്രഖ്യാപിച്ചു. അങ്ങനെ പൂച്ച പുറത്ത് ചാടിയിരിക്കുന്നു.

യുദ്ധവെറിയന്മാരായ യു.എസും മറ്റ് സാമ്രാജ്യത്വശക്തികളും രാജ്യത്തെ പ്രതിരോധ മേഖലകളിൽ നിർണ്ണായകമായി കടന്നുകയറുന്നത് നമ്മുടെ ദേശരക്ഷക്കും പരമാധികാരത്തിനും വൻഭീഷണി ഉയർത്തുമെന്നത് ഭീതിയോടെ കാണേണ്ടതാണ്. സൈനികമേധാവിത്വം കാരണം ലോകമെങ്ങും ചാരപ്രവർത്തനങ്ങളും ഉപഗ്രഹനിരീക്ഷണവും സായുധ ഇടപെടലുകളും, എന്തിന് അധിനിവേശ യുദ്ധങ്ങൾ പോലും അഴിച്ചുവിടുന്നവരാണ് അവർ. ഇക്കൂട്ടർക്ക് പ്രതിരോധ മേഖല തുറന്നിടുന്നത് വഴി സൈനികരഹസ്യങ്ങളും പടക്കോപ്പുകളെയം മറ്റ് സംവിധാനങ്ങളെയും പറ്റിയുള്ള രഹസ്യങ്ങളെല്ലാം അവരുടെ കൈകളിലെത്തും. ഒടുവിൽ സൈനിക സാമഗ്രികളുടെ ലഭ്യത നിയന്ത്രിക്കുകയോ കാലഹരണപ്പെട്ട സാങ്കേതികവിദ്യ നൽകിയോ ഇന്ത്യയുടെ ദേശസുരക്ഷയെ അപകടപ്പെടുത്താനിടയുണ്ട്. വിദേശസഹകരണത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഇന്ത്യാ ഗവണ്മെന്റിനെതിരായ ചാരപ്രവർത്തനങ്ങൾക്കും നുഴഞ്ഞുകയറ്റത്തിനും അട്ടിമറികൾക്കുമായി ഉപയോഗപ്പെടുത്താം. ഏതെങ്കിലുമൊരു സാഹചര്യത്തിൽ യു.എസ് വിരുദ്ധ നിലപാടെടുക്കാൻ ഇന്ത്യാഗവണ്മെന്റ് നിർബന്ധിതമാവുകയാണെങ്കിൽ യു.എസ് ബഹുരാഷ്ട്രകുത്തകകൾക്ക് പ്രതിരോധ മേഖല തുറന്നുകൊടുക്കുന്നത് ദേശരക്ഷക്ക് വൻഭീഷണി ഉയർത്തില്ലേ? വേറൊരുവിധത്തിൽ പറഞ്ഞാൽ, ഇന്ത്യയുടെ പരമാധികാരം സംരക്ഷിക്കുന്ന വിഷയത്തിൽ വിദേശനിക്ഷേപകരുടെ ആജ്ഞകൾക്ക് വശംവദരായി രാജ്യത്തിന്റെ പ്രതിരോധം അടിയറ വെക്കേണ്ടിവരില്ലേ? ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ ലാഭാർത്തി എന്തൊരു അപകടത്തിലേക്കാണ് നാടിനെ തള്ളിവിടുന്നത്?

### ഇന്ത്യൻ കുത്തകകളുടെ വർഗ്ഗ താല്പര്യങ്ങൾ

സാമ്രാജ്യത്ത സ്വഭാവം ആർജ്ജിക്കുകയും ലോകസാമ്രാജ്യത്ത ചേരിയിലെ അംഗമായിച്ചേരുകയും ചെയ്തതോടെ തെക്കു, തെക്കു-കിഴക്കേഷ്യയിലെ പ്രാദേശിക വൻശക്തിയായി മാറിയെന്നു മാത്രമല്ല, ചോദ്യം ചെയ്യാനാവാത്ത ഒരു ഏഷ്യൻ സൂപ്പർ പവറായി മാറാനിപ്പോൾ ശ്രമിക്കുകയാണ്. ഈയൊരു ലക്ഷ്യം വെച്ചുകൊണ്ട് യു.എസ് സാമ്രാജ്യത്വവുമായി ചങ്ങാത്തം കൂടുന്നത് ഇന്നൊരു രഹസ്യമല്ല. രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിൽ അവരോടൊപ്പം നിന്നുകൊണ്ടും സംയുക്ത സൈനികാഭ്യാസങ്ങളിലേർപ്പെട്ടും സൗഹാർദ്ദം കാട്ടുന്നത് അതുകൊണ്ടാണ്. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് അമേരിക്കയും സഖ്യശക്തികളും ഇന്ത്യൻ പ്രതിരോധരംഗത്ത് ആഴത്തിൽ കടന്നുകയറുകയാണ്. മാനവരാശിയുടെ കൊടിയശത്രുവായ യു.എസ് സാമ്രാജ്യത്വശക്തികൾക്ക് നാടിന്റെ പ്രതിരോധരംഗം തുറന്നിട്ടുകൊടുക്കുന്നത് രാഷ്ട്രീയവും സാമ്പത്തികവുമായ യാതൊരു രീതിയിലും ഇന്ത്യൻ ജനതയുടെ താല്പര്യത്തിന് വിരുദ്ധമാണ്.

### ടെലികോം പൊതുമേഖലയിലെ എണ്ണക്കമ്പനികൾ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ തുടങ്ങിയവ

ഇതേവരെ സർക്കാർ സംവിധാനങ്ങളിൽ പ്രവർത്തിച്ചിരുന്ന ടെലികോം മേഖലയും ആഗോളവൽക്കരണത്തിന്റെ ഭാഗമായി സ്വകാര്യസംരംഭകരുടെ കൈകളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 13 വർഷങ്ങളിലായി 58.782 കോടി രൂപയിടെ നേരിട്ടുള്ള വിദേശനിക്ഷേപമാണ് ഈ മേഖലയിലെത്തിയത്. ഇതിന്റെ ഫലമെന്താണെന്ന് ഇപ്പോൾ ജനങ്ങൾക്ക് നന്നായറിയാം. തോന്നുംപടിയുള്ള വിലനിരക്കും കള്ളത്തരങ്ങളുമായി ഇവർ ജനങ്ങളെ പിഴിഞ്ഞൂറ്റുകയാണ്. ആയിരക്കണക്കിന് കോടിരൂപയുടെ അഴിമതി കൊണ്ട് പങ്കിലമായ 2 ജി തട്ടിപ്പുകൾ ഈ രംഗത്ത് നടക്കുന്നു. കമ്മ്യൂണിക്കേഷൻ രംഗത്ത് 100% നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചാൽ അവർ നേടുന്ന വാദ

(ശേഷം 12-ാം പേജിൽ)

# അമേരിക്കയുമായി സൈനികസഖ്യം രൂപീകരിക്കാനുള്ള ഇന്ത്യാ ഗവണ്മെന്റിന്റെ ദ്രോഹനീക്കത്തെ ചെറുക്കുക

*എസ്.യു.സി.ഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രഭാഷ് ഘോഷ് 2013 ഒക്ടോബർ 3-ന് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു:*

ഇന്ത്യയിലെ ഭരണ മുതലാളി വർഗ്ഗത്തിന്റെ താൽപ്പര്യം മുൻനിർത്തി കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന യു.പി.എ സർക്കാർ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ദുഷ്ടനീക്കങ്ങളെ ഒന്നിനുപിറകെ ഒന്നായി പിന്താങ്ങുന്നതിൽ ഞങ്ങൾ കടുത്ത ഉൽകണ്ഠ രേഖപ്പെടുത്തുന്നു. തങ്ങളുടെ സൈനികവും സാമ്പത്തികവുമായ താൽപ്പര്യങ്ങൾ എല്ലാ രാജ്യങ്ങളുടെമേലും അടിച്ചേൽപ്പിക്കുകയും അതിന് വിധേയരാകാത്ത രാജ്യങ്ങളെ നിർലജ്ജം ആക്രമണം അഴിച്ചുവിടുകയും ചെയ്യുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ എല്ലാ ഡിമാന്റുകളും ദ്വികക്ഷി ബന്ധം ശക്തിപ്പെടുത്താനെന്ന പേരിൽ അംഗീകരിക്കുകയാണ് ഇന്ത്യാ സർക്കാർ. വാഷിംഗ്ടണിൽവച്ച് അമേരിക്കൻ പ്രസിഡന്റുമായി ഏറ്റവും ഒടുവിൽ നടത്തിയ ഉന്നതതല യോഗത്തിൽ കുപ്രസിദ്ധ ആണവ കരാറിൽ ഒപ്പിടുന്നതിനുമുമ്പ് അമേരിക്ക മുന്നോട്ടുവെച്ച എല്ലാ ദുഷ്ട നിർദ്ദേശങ്ങളും ഇന്ത്യൻ പ്രധാനമന്ത്രി അംഗീകരിച്ചുവെന്നത് മേൽസൂചിപ്പിച്ച ആശങ്ക ശരിവയ്ക്കുന്നതാണ്. യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വവുമായി ഔപചാരികമായി പ്രതിരോധ സഖ്യത്തിൽ ഏർപ്പെടുകയും പ്രതിരോധ സാങ്കേതിക വിദ്യയുടെ കൈമാറ്റം, അവയുടെ വ്യാപാരം, ഗവേഷണം, പുതിയ സൈനിക സാങ്കേതിക വിദ്യകൾ സംയുക്തമായി വികസിപ്പിച്ചെടുക്കുക, പ്രതിരോധ ഉപകരണങ്ങളും സേവനങ്ങളും സംയുക്തമായി ഉൽപ്പാദിപ്പിക്കുക, അമേരിക്കൻ ആയുധ വ്യവസായികൾക്ക് തങ്ങളുടെ ആയുധങ്ങൾ നമുടെ രാജ്യത്ത് വിറ്റഴിക്കാൻ അനുമതി നൽകുക തുടങ്ങി ഇന്ത്യയെ അമേരിക്കൻ സൈനിക പദ്ധതിയിൽ ഇന്ത്യയെ പങ്കാളിയാക്കാനുള്ള എല്ലാ വ്യവസ്ഥകളിലും ഇന്ത്യാ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഇന്ത്യയെ ഒരു വൻശക്തിയെന്ന് വിശേഷിപ്പിച്ച അമേരിക്കയോടുള്ള നന്ദി സൂചകമായി സിറിയ, ഇറാൻ തുടങ്ങിയ രാജ്യങ്ങൾക്കുനേരെയുള്ള അമേരിക്കയുടെ കിരാതമായ അധിനിവേശനയത്തെ അംഗീകരിക്കുന്ന ഒരു സമീപനം ഇന്ത്യാ സർക്കാർ സ്വീകരിക്കുകയുണ്ടായി.

ഇന്ത്യൻ ബൂർഷ്വാസി ഇതിനോടകം സാമ്രാജ്യത്വ സ്വഭാവം കൈവരിച്ചിരിക്കുന്നുവെന്നും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ ഏഷ്യൻ ഭൂഖണ്ഡത്തിലെ അജയ്യനായ വൻശക്തിയായി മാറുവാനുള്ള അധിനിവേശ അഭിലാഷങ്ങൾ ഇന്ത്യൻബൂർഷ്വാ ഭരണകൂടം താലോലിച്ചുവരികയാണെന്നുമുള്ള നമ്മുടെ പാർട്ടിയുടെ വിലയിരുത്തൽ ഒരിക്കൽക്കൂടി സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്. അമേരിക്കൻ യുദ്ധവെറിയൻ ശക്തികളുമായി കൂടുതൽ ഉറ്റബന്ധം സ്ഥാപിച്ചുകൊണ്ടും അമേരിക്കയുടെ പൈശാചികമായ നയസമീപനങ്ങളെയും നീക്കങ്ങളെയും ഒളിഞ്ഞും തെളിഞ്ഞും പിന്തുണച്ചുകൊണ്ടും അവരുടെ ആശീർവാദത്തോടെയും പിന്തുണയോടെയും ഏഷ്യൻ ഭൂഖണ്ഡത്തിൽ തങ്ങളുടെ സ്വാധീനമേഖല സൃഷ്ടിച്ചെടുക്കാൻ ഇന്ത്യൻ ബൂർഷ്വാസി ശ്രമിച്ചുവരികയാണ്.

ലോകം മുഴുവൻ യുദ്ധമോ യുദ്ധസമാനമായ സാഹചര്യങ്ങളോ സൃഷ്ടിക്കാനുള്ള അമേരിക്കയുടെ ഏകാധിപത്യപരമായ ദുഷ്ടപദ്ധതികളെ ഫലത്തിൽ പിന്തുണയ്ക്കുന്നതിന് തുല്യമാണ് അമേരിക്കയുമായി അടുത്തിടെ ഉണ്ടാക്കിയ സിവിലിയൻ ആണവ കരാറും നയതന്ത്ര സഖ്യവും. എല്ലാ സാർവ്വദേശീയ വ്യവസ്ഥകളെയും കീഴ്വഴക്കങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ഏതു രാജ്യത്തിനുനേർക്കും എന്തു കപട ന്യായങ്ങൾ നിരത്തിയും എപ്പോൾ വേണമെങ്കിലും ആക്രമിക്കുന്ന അമേരിക്ക, ലോകത്തെ എല്ലാ രാജ്യങ്ങളുടെയും സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനുംനേർക്ക് കടന്നുകയറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ അമേരിക്കയുമായി ചങ്ങാത്തം സ്ഥാപിക്കുക വഴി ലോക ജനതയുടെ മുമ്പാകെ ഇന്ത്യയും ഒരു വെറുക്കപ്പെട്ട സാമ്രാജ്യത്വ ശക്തിയായി ഗണിക്കപ്പെടുകയും ലോകത്തെ എല്ലാ രാജ്യങ്ങളും ഇന്ത്യയെ സംശയത്തോടെയും അസംതൃപ്തിയോടെയും മുൻവിധിയോടെയും കാണുവാൻ ഇടയാക്കുകയും ചെയ്യും. ഇന്ത്യയിലെ ബൂർഷ്വാ ഭരണകൂടത്തിന്റെ നഗ്നമായ ഈ ജനവിരുദ്ധ നയസമീപനത്തിനെതിരെ ഒന്നിക്കുവാൻ സ്വാതന്ത്ര്യ കാംക്ഷികളും നന്മകാംക്ഷിക്കുന്നവരുമായ എല്ലാ ജനവിഭാഗങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

# വിദേശനിക്ഷേപം രക്ഷയല്ല, വിനാശമാണ്

(11 -ാംപേജിൽ നിന്നും തുടർച്ച)

മത്രയും വിദേശകറൻസിയാക്കി മാറ്റി നാടുകടത്തുകയും ടാക്സിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും. വോഡഫോണിന്റെ കാര്യം നേരത്തേ ചൂണ്ടിക്കാട്ടിയിരുന്നു. ഇക്കൂട്ടർക്ക് രക്ഷപ്പെടാൻ ഒരുപാട് പഴുതുകൾ സർക്കാരിലെ നിക്ഷിപ്തതാല്പര്യക്കാർ ഒരുക്കിക്കൊടുത്തിരിക്കുന്നു.

പ്രതിരോധരംഗത്തെന്നപ്പോലെ ടെലികോം മേഖലയിലും ദേശരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. യു.എസിലെ നാഷണൽ സെക്യൂരിറ്റി കോൺട്രാക്ടറായ എഡ്വേർഡ് സ്നോഡൻ വെളിപ്പെടുത്തിയത് ഏവരുടെയും കണ്ണുതുറപ്പിക്കേണ്ട കാര്യങ്ങളാണ്. പ്രിസം(ജൃശാ) എന്ന പേരിലുള്ള ഒരു രഹസ്യ ഇലക്ട്രോണിക് ചാരസംവിധാനം വഴി 2007 മുതൽ രാജ്യങ്ങളുടെ പരമാധികാരത്തെയും വ്യക്തികളുടെ സ്വകാര്യതയെയും ഹനിച്ചുകൊണ്ട് ടെലിഫോൺ, ഇന്റർനെറ്റ് ഉപയോഗവിവരങ്ങൾ ചോർത്തുന്നുവെന്നാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ഇന്റർനെറ്റ് കമ്പനികളായ വെരിസോൺ, എറ്റി ആന്റ് റ്റി, ഗൂഗിൾ മൈക്രോസോഫ്റ്റ്, യാഹു, ആപ്പിൾ, ഫേസ്ബുക്ക് തുടങ്ങിയവയെ ഈ പ്രോജക്ടിന് വേണ്ടി യു.എസ് ഉപയോഗപ്പെടുത്തുന്നു. ഈ ആവശ്യത്തിനായി കേബിൾ ലൈനുകളും അവർ ചോർത്തുന്നു. ചൈനയെയും റഷ്യയെയുംകാൾ കൂടുതൽ ചോർത്തപ്പെടുന്നത് ഇന്ത്യയെയാണെന്നതും വെളിപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ടെലികോം മേഖലയിൽ 100% നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കുകയെന്നുവെച്ചാൽ ഇന്ത്യൻ പൗരന്മാരെയും സർക്കാരിനെയും മറ്റെല്ലാം സംവിധാനങ്ങളെയും. യു.എസിന്റെയും മറ്റ് സാമ്രാജ്യത്തശക്തികളുടെയും ചാരനിരീക്ഷണവലയത്തിൽ പെടുത്തുക എന്നാണർത്ഥം.

എണ്ണശുദ്ധീകരണശാലകൾ വിദേശകുത്തകകൾക്ക് തുറന്നുകൊടുക്കുന്നത് വഴി എണ്ണ വില കുതിച്ചുയരുന്നതിന് കാരണമാവും. സ്റ്റോക്ക് എക്സ്ചേഞ്ചുകളിലും ക്ലിയറിംഗ് ഹൗസുകളിലും നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ പരിധി വർദ്ധിപ്പിക്കുന്നതോടെ ഊഹക്കച്ചവടത്തിലൂടെ കുതന്ത്രങ്ങളിലൂടെയും വിദേശമൂലധനം ഇന്ത്യൻ മൂലധന കമ്പോളത്തെ സ്വന്തം താല്പര്യാനുസൃതം നിയന്ത്രിക്കും. സ്റ്റോക്ക് മാർക്കറ്റിലെ ഊഹക്കച്ചവടങ്ങൾ അവശ്യസാധനങ്ങളുടെ വിലയുടെയും പലിശനിരക്കിന്റെയും പണത്തിന്റെ വിനിമയ നിരക്കിന്റെയും രംഗത്തുള്ള കുതന്ത്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് പോകുന്നതെന്ന് ആർക്കാണറിയാത്തത്?

**ഇൻഷ്വറൻസ് മേഖലയിലെ നേരിട്ടുള്ള വിദേശനിക്ഷേപവും ദോഷകരമാണ്**

ഇൻഷ്വറൻസ് മേഖലയിലുള്ള നേരിട്ടുള്ള വിദേശനിക്ഷേപവും 49% ആയി ഉയർത്താൻ പോവുകയാണ്. സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ കബളിപ്പിക്കലിനും വഞ്ചനകൾക്കുമെതിരെയുള്ള നടപടിയെന്ന നിലയിലായിരുന്നു എല്ലാ ഇൻഷ്വറൻസ് കമ്പനികളെയും ദേശസാൽക്കരിച്ചുകൊണ്ട് 1956 ൽ ഐ.സിക്ക് ഇന്ത്യാ ഗവണ്മെന്റ് രൂപം കൊടുത്തത്. പക്ഷേ, ആഗോളവൽക്കരണനയങ്ങൾ നടപ്പിലാക്കുന്നതിന് ആനയിക്കുന്ന സ്ഥിരം കപടവാദങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഇൻഷ്വറൻസ് മേഖലയിൽ 1999 മുതൽ സ്വകാര്യ വിദേശകമ്പനികളെ കടത്തിവിട്ടു. എൽ.ഐ.സിയെയും ജി.ഐ.സിയെയും നേരിട്ടുള്ള വിദേശനിക്ഷേപത്തിന് തുറന്നിട്ടുകൊടുത്താൽ അവർ പ്രീമിയം തുക കൂട്ടുമെന്ന് സാധാരണക്കാരന് മനസ്സിലാകാത്ത സങ്കീർണ്ണമായ ഉല്പന്നങ്ങൾ കൊണ്ടുവന്ന് വഞ്ചിക്കുമെന്നും ഉറപ്പാണ്. സ്വകാര്യമേഖലയിൽ ഇൻഷ്വറൻസ് ക്ലെയിമുകൾ നിരസിക്കുന്നതിന്റെ ശതമാനം 8.9 ആണെങ്കിൽ പൊതുമേഖലയിൽ അത് ഒരു ശതമാനം മാത്രമാണ്. എൽ.ഐ.സിയെയും ജി.ഐ.സിയെയും പ്രീമിയം തുകകൾ നിക്ഷേപിക്കുന്നത് അപകട സാധ്യത കുറഞ്ഞ മേഖലകളിലാണ്. പക്ഷേ, സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളാവട്ടെ നിക്ഷേപകരുടെ പണം നഷ്ടപ്പെടാൻ പോലും സാധ്യതയുള്ള അപകട സാധ്യതയുള്ള രംഗങ്ങളിലാണ് നിക്ഷേപിക്കുന്നത്. മുതലാളിത്തത്തിന്റെ ആഗോള സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് യു.എസിലെ ഭീമൻ ഇൻഷ്വറൻസ് കമ്പനിയായ എ.ഐ.ജിപോലും പാപ്പരാവുകയും പൊതുഖജനാവിലെ പണമെടുത്ത് സർക്കാരിന് അവരെ രക്ഷപ്പെടുത്തേണ്ടി വന്നത് സമീപകാല ചരിത്രത്തിലുണ്ട്. നേരിട്ടുള്ള വിദേശ നിക്ഷേപം ക്ഷണിച്ചുവരുത്തുന്നതിലൂടെ ഇന്ത്യാഗവണ്മെന്റും ഇതേ വിധിയിലേക്കാണ് ജനങ്ങളെ തള്ളിവിടുന്നത്.

**പെൻഷൻ ഫണ്ടിൽ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കാനുള്ള വിനാശകരമായ നീക്കം.**

പുതിയ പെൻഷൻ പദ്ധതി സർക്കാർ നിർബന്ധിതമായി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. സൈനികരൊഴികെ മറ്റെല്ലാ സർക്കാർ ജീവനക്കാരും എല്ലാ പൗരന്മാരും ഈ പദ്ധതിയിൽ ഉൾപ്പെടും. നേരിട്ടോ അല്ലാതെയോ യാതൊരുവിധ നേട്ടവും ഈ പദ്ധതി വഴി ഉറപ്പ് നൽകുന്നില്ല. സാധാരണ സർക്കാർ സെക്യൂരിറ്റികൾ മിനിമം വരുമാനം ഉറപ്പുനൽകുന്ന സുരക്ഷിതമായ മേഖലകളിലാണ് നിക്ഷേപിക്കാറ്. പക്ഷേ പുതിയ പെൻഷൻ പദ്ധതിയിലെ നിക്ഷേപം. ഊഹക്കച്ചവടാധിഷ്ഠിതമായ മൂലധന കമ്പോളത്തിലാണ് ഫണ്ട് മാനേജർമാർ നിക്ഷേപിക്കുക. ഇതുവഴി കമ്പോളത്തിലെ ഗതിവിഗതികൾക്കും തകർച്ചകൾക്കും നിക്ഷേപകരെ ഇരയാക്കും. ഉയർന്ന വരുമാനം ലഭിക്കുമെന്ന് സർക്കാർ വാദിക്കുമ്പോൾ, യഥാർത്ഥത്തിൽ വരുമാനം പോകട്ടെ, ജീവിതകാലം മുഴുവൻ പാടുപെട്ട് സമ്പാദിച്ച റിട്ടയർമെന്റിനുശേഷം വയ്യാത്ത കാലത്ത് ജീവിച്ചുപോകാനായി കരുതുന്ന നിക്ഷേപത്തുക പോലും നഷ്ടപ്പെട്ടുപോകാൻ ഇടവരുത്തുന്ന ഇടപാടാണിതെന്ന കാര്യം അവർ മറച്ചുവെയ്ക്കുകയാണ്. കാര്യങ്ങൾ കൂടുതൽ വഷളാക്കിക്കൊണ്ട്, ഫണ്ട് മാനേജ്മെന്റ് കമ്പനികളിൽ പോലും നേരിട്ടുള്ള വിദേശനിക്ഷേപത്തിന് വഴി തുറക്കുകയാണ്. ഈ ഭീമമായ ഫണ്ട് എടുത്ത് ഊഹക്കച്ചവടത്തിനായി എറിഞ്ഞുകൊടുക്കുന്നത് പെൻഷനായവരുടെ ജീവിതത്തെ തകർക്കുന്ന നീക്കമാണ്. പ്രതിസന്ധിയിൽ നിന്ന് കരകയറാനായി മുതലാളിത്തം ജനങ്ങളെ ഇത്തരത്തിൽ കുത്തിക്കവർച്ച നടത്തുകയാണ്.

**ഈ കുത്സിതനീക്കങ്ങളെ ചെറുക്കുക**

പ്രതിസന്ധി പരിഹരിക്കാനെന്ന പേരിൽ വരുന്ന പരിഷ്ക്കാരങ്ങൾ ജനങ്ങളെ കൂടുതൽ ദുരിതത്തിലേക്ക് തള്ളിവിടുന്നവയാണ്. വിദേശ സാമ്രാജ്യത്വഭരണത്തിൽ നിന്ന് സ്വതന്ത്രരാവാനായി വീരോചിതം പോരാടിയ നാടാണിത്. വിദേശമൂലധനം കണ്ടുകെട്ടുക എന്നതായിരുന്നു അന്നത്തെ മുദ്രാവാക്യം. സ്വാതന്ത്ര്യത്തിന് ശേഷം സ്വയംപര്യാപ്തത നേടാനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാനായിരുന്നു ഊന്നൽ. പക്ഷേ ഇപ്പോൾ രാഷ്ട്രീയമായി സ്വതന്ത്രമായ ഇന്ത്യയിലെ ബൂർഷ്വാ ഭരണാധികാരികൾ സാമ്രാജ്യത്വകഴുകന്മാർക്ക് ചുവപ്പു പരവതാനി വിരിക്കുകയാണ്. ഏറ്റവും സുരക്ഷിതമായി കാത്തുസൂക്ഷിക്കേണ്ട മേഖലകളിൽ പോലും വിദേശമൂലധനത്തിനെ ആധിപത്യം ചെലുത്താനായി ക്ഷണിക്കുകയാണ്. മാതൃരാജ്യമെന്നത് വാണിജ്യാടിസ്ഥാനത്തിൽ വ്യാപരിക്കേണ്ട ഒന്നായാണ് ഇപ്പോൾ കരുതപ്പെടുന്നത്. അതിനാൽ ഇന്ത്യാ ഇൻ കോർപ്പറേറ്റഡ് എന്നാണ് ഇപ്പോൾ വിളിക്കപ്പെടുന്നത്. പല മുഖ്യമന്ത്രിമാരും പ്രധാനമന്ത്രിയാവാൻ കൊതിച്ചു നടക്കുന്നവരും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നാണ് സ്വയം വിളിക്കുന്നത്. വേണ്ടിവന്നാൽ അവർ മാതൃരാജ്യത്തെ പണയം വെയ്ക്കുകയോ വിറ്റഴിക്കുകയോ ചെയ്യും. മരണാസന്ന മുതലാളിത്തം ചെന്നുപതിച്ചിരിക്കുന്ന അന്തമില്ലാത്ത പ്രതിസന്ധിയെയാണ് ഇത് വെളിവാക്കുന്നത്. പട്ടിണിപ്പാവങ്ങളെയും പിരിച്ചുവിടപ്പെട്ട തൊഴിലാളികളെയും പട്ടിണിയിൽപെട്ട കർഷകരെയും തൊഴിൽ തെണ്ടുന്ന യുവാക്കളെയും സാമ്പത്തികമായി തകർന്ന മധ്യവർഗ്ഗക്കാരെയും സർക്കാരും ആർഭാടജീവിതം നയിക്കുന്ന അവരുടെ ഉപദേശികളായ പണ്ഡിതന്മാരും പരിഗണിക്കുന്നേയില്ല. സ്വദേശവിദേശ മുതലാളിമാരുടെ താല്പര്യാർത്ഥം ദുരിതമനുഭവിക്കുന്ന ചൂഷിത കോടികളെ കൂടുതൽ പിഴിഞ്ഞൂറ്റി തങ്ങളുടെ ഖജനാവ് പെരുപ്പിക്കണമെന്നേ അവർക്ക് താല്പര്യമുള്ളൂ. അവർ മുന്നോട്ടുവെയ്ക്കുന്ന പരിഷ്കാരങ്ങൾക്ക് ഈയൊരൊറ്റ ദുരുദ്ദേശമേയുള്ളൂ. മുതലാളിത്തം നിലനിൽക്കുവോളം അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കെതിരെയുള്ള കിരാതമായ ഈ സാമ്പത്തിക അതിക്രമങ്ങൾ തുടരും. മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ സോഷ്യലിസം സ്ഥാപിച്ചെടുക്കുന്നതിലൂടെ മാത്രമേ ഇതിന് പരിഹാരമാവൂ. അതുവരെ ഭരണവർഗ്ഗത്തിൽ നിന്നും അതിന്റെ ഗവണ്മെന്റിൽ നിന്നും എന്തെങ്കിലും ആശ്വാസം നേടിയെടുക്കണമെങ്കിൽ ശക്തമായ ജനാധിപത്യപ്രക്ഷോഭണത്തിന്റെ അലകൾ സൃഷ്ടിക്കുക മാത്രമാണ് കഷ്ടതയനുഭവിക്കുന്ന അദ്ധ്വാനിക്കുന്ന ജനകോടികൾക്ക് മുന്നിലുള്ള ഏകമാർഗ്ഗം. അതിനാൽ സാധാരണ ജനങ്ങൾ ഭരണമുതലാളിവർഗ്ഗത്തിന്റെയും അവരുടെ സംരക്ഷകരുടെയും വഞ്ചനകളും കുതന്ത്രങ്ങളും മനസ്സിലാക്കുകയും അവയ്ക്കെതിരെ യോജിച്ച മുന്നേറ്റങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്. ●

# മഹാനായ അയ്യങ്കാളി നയിച്ച കാർഷിക സമരത്തിന്റെ 100–ാം വാർഷികവും കേരള നവോത്ഥാനവും പ്രഭാഷണം




**നിർ**മ്മല ആർട്സ് സൊസൈറ്റിയുടെയും മുവാറ്റുപുഴ ജനകീയ ചർച്ചവേദിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ മഹാനായ അയ്യങ്കാളി നയിച്ച കാർഷീക സമരത്തിന്റെ 100–ാം വാർഷീകവും കേരള നവോധാനവും എന്ന വിഷയത്തിൽ പ്രഭാഷണവും ചർച്ചയും സംഘടിപ്പിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സെക്രട്ടറി എൻ.കെ.ബിജു മുഖ്യ പ്രഭാഷണം നടത്തി. നാസ് പ്രസിഡന്റ് എ.എ.അബ്രഹാം,ഡോ.വിൻസെന്റ് മാളിയേക്കൽ(സെക്രട്ടറി നാസ്),കെ.കെ.ഗോപിനായർ(എറണാകുളം ജില്ലാപ്രസിഡന്റ്,മദ്യവിരുദ്ധ ജനകീയ സമര സമിതി), എൻ.ആർ.മോഹൻകുമാർ(വൈസ് പ്രസിഡന്റ്,മുവാറ്റുപുഴ ജനകീയ ചർച്ചവേദി )എന്നിവർ പ്രസംഗിച്ചു. ●

# ഭവനവായ്പാ ജപ്തി നടപടികൾ നിർത്തിവയ്ക്കണം




**നിർ**ധന–ദുർബല വിഭാഗങ്ങളുടെ ഭവനവായ്പ എഴുതിത്തള്ളാനുള്ള 2009 മെയ് 20 ന്റെ സർക്കാർ ഇറക്കിയ ഉത്തരവ് ഉടനടി നടപ്പാക്കുക, അനധികൃതമായി നടന്നുവരുന്ന ജപ്തി നടപടികൾ നിർത്തിവയ്ക്കുക, തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ഭവന വായ്പയെടുത്ത് കടക്കെണിയിലായി ജപ്തിഭീഷണി നേരിടുന്നവർ സമരരംഗത്തെത്തി. അങ്കമാലിയിൽവച്ച് കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ടി.കെ.സുധീർകുമാറിന്റെ സാന്നിദ്ധ്യത്തിൽ ജപ്തി ഭീഷണി നേരിടുന്നവർ ഭവന വായ്പ ജപ്തി വിരുദ്ധ സമര സമിതി രൂപീകരിച്ചു. സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 15 ന് എറണാകുളം കളക്ട്രേറ്റിനുമുന്നിലേക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു.

കളക്ട്രേറ്റ് ഗേറ്റിനു മുന്നിൽ പ്രതിഷേധ ധർണ്ണ എഐയുടിയുസി ജില്ലാ സെക്രട്ടറി പി.എം.ദിനേശൻ ഉദ്ഘാടനം ചെയ്തു. ഭവനവായ്പാ ജപ്തി വിരുദ്ധ സമര സമിതി കൺവീനർ വി.ജി.രാജൻ വിഷയാവതരണം നടത്തി. കെ.പി.സാൽവിൻ അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ പി.വി.പൗലോസ്, കെ.സി.പൗലോസ്, എ.ബ്രഹ്മകുമാർ തുടങ്ങിയവരും പ്രസംഗിച്ചു.

# കുട്ടികളുടെ പ്രസ്ഥാനമായ 'പ്രചോദന' സാംസ്കാരിക സംഗമം നടത്തി




സംഗമം ഫാദർ തോമസ് മഴുവൻചേരി ഉദ്ഘാടനം ചെയ്യുന്നു

'**നാ**ടിൻ ശ്രേഷ്ഠ സന്താനങ്ങളാകനാം' എന്ന ആദർശത്തോടു കൂടി കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ പ്രസ്ഥാനമായ പ്രചോദനയുടെ വളമംഗലം വടക്ക് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സാംസ്കാരിക സംഗമം നടത്തി. തെരുവിൽ ക്ഷേത്രമൈതാനത്തു നടന്ന സംഗമം വളമംഗലം എസ്.എച്ച് ചർച്ച് വികാരി റവ.ഫാദർ തോമസ് മഴുവൻചേരി ഉദ്ഘാടനം ചെയ്തു. പ്രശസ്ത ചിത്രകാരനും കവിയുമായ ആർ. പാർത്ഥസാരഥി വർമ്മ മുഖ്യ പ്രഭാഷണം നടത്തി. എസ് വാസുദേവൻ, കെ.ജെ ഷീല, എൻ.കെ ശശികുമാർ, പി. അശോകൻ, എം.പി കാർത്തികേയൻ, ആർ.അപർണ, എന്നിവർ പ്രസംഗിച്ചു. പ്രചോദനയുടെ മേഖലാ പ്രസിഡന്റ് കുമാരി. കൃഷ്ണേന്ദുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംഗമത്തിൽ ആർ.ഐശ്വര്യ സ്വാഗതവും സിയാറാം മോഹൻ കൃതജ്ഞതയും പറഞ്ഞു. രാവിലെ 10 മണിക്ക് ആരംഭിച്ച കലാകായിക മത്സരങ്ങളുടെ ഉദ്ഘാടനം കിൻഫ്ര കുടിയൊഴിപ്പിക്കൽ വിരുദ്ധ ജനകീയ സമരസമിതിയുടെ കൺവീനർ പി.അശോകൻ നിർവ്വഹിച്ചു. കായിക മത്സരങ്ങളും, ക്വിസ് മത്സരവും, നൃത്തപരിപാടികളും, കുട്ടികൾ തയ്യാറാക്കിയ ലഹരിവിരുദ്ധനാടകവും മറ്റ് കലാപരിപാടികളും ഉണ്ടായിരുന്നു. പ്രദേശവാസികളായ രക്ഷിതാക്കളുടെ നിറഞ്ഞ സാന്നിദ്ധ്യവും പ്രോത്സാഹനവും ആദ്യാവസാനം പരിപാടികൾക്കുണ്ടായിരുന്നു. ●

# മത്സ്യത്തൊഴിലാളികളുടെ സമരത്തിന് ഐക്യദാർഢ്യം



ഐക്യദാർഢ്യംപ്രഖ്യാപിച്ചുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ പ്രസംഗിക്കുന്നു

**ക**ടൽതീര മണൽഖനനം നിരോധിച്ചുകൊണ്ടുള്ള ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധി കർശനമായി നടപ്പാക്കുക, സീ പ്ലെയിൻ പദ്ധതി ഉപേക്ഷിക്കുക, മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുക, വഴിയോര ചന്തകളിൽ കച്ചവടം നടത്തുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ നവംബർ 4 മുതൽ 101 മണിക്കൂർ നടത്തിയ സത്യാഗ്രഹസമരത്തിന് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാ കമ്മിറ്റി അഭിവാദ്യമർപ്പിച്ചു.

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടീ.പിറ്റർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ജി.എസ് പത്മകുമാർ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സംസാരിച്ചു. എസ്.യു.സി.ഐ(സി) ജില്ലാ കമ്മിറ്റിയംഗങ്ങളായ ആർ.ബിജു, പി.എസ് ഗോപകുമാർ, എ.ഐ.ഡി.എസ്.ഒ ജില്ലാ സെക്രട്ടറി എ.ഷൈജു എന്നിവർ സംസാരിച്ചു. ●

# എസ്.എസ്.എൽ.സി ജയിക്കാൻ പൊതുപരീക്ഷയ്ക്ക് സബ്ജക്ട് മിനിമം ഏർപ്പെടുത്തണം.

**കാ**ഞ്ഞങ്ങാട് : എസ്.എസ്.എൽ.സി ജയിക്കാൻ വാർഷിക പൊതു എഴുത്തുപരീക്ഷയിൽ സബ്ജക്ട് മിനിമം ഏർപ്പെടുത്തണമെന്നും പഠനതൽപ്പരതയും പ്രയത്നശീലവും സ്ഥിരോത്സാഹവും കുട്ടികളിൽ തിരിച്ചുകൊണ്ടുവരാൻ ഇത് അത്യാവശ്യമാണെന്നും **അധ്യാപകരുടെ പഠിപ്പിക്കാനുള്ള അവകാശ പ്രചാരണ വേദി** സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഇപ്പോൾ ഒരു വിഷയം ജയിക്കുന്നതിന് 100 ൽ 30 മാർക്കും 50 ൽ 15 മാർക്കുമാണ് വേണ്ടത്. ഇതിൽ യഥാക്രമം 20ഉം 10ഉം മാർക്കുകൾ നിരന്തരമൂല്യനിർണ്ണയമെന്നപേരിൽ എല്ലാവർക്കും ദാനമായി നൽകുകയാണ്. എഴുത്തുപരീക്ഷയ്ക്കാകട്ടെ എൻട്രിലെവൽ മെന്റൽ പ്രോസസ് എന്നിവ പരിഗണിച്ചുകൊണ്ട് ഉദാരമായി മാർക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഫലത്തിൽ യാതൊരു പ്രയത്നവും കൂടാതെ തന്നെ ഒരു പൊതുപരീക്ഷ ജയിക്കാമെന്ന അവസ്ഥ കുട്ടികളെ മടിയൻമാരാക്കിമാറ്റുകയും എല്ലാറ്റിനേയും ഉപരിപ്ലമായി സമീപിക്കുന്ന മാനസികാവസ്ഥയിലേക്കെത്തിക്കുകയും ചെയ്തുകഴിഞ്ഞു. ശിശുമന:ശ്ശാസ്ത്രത്തിന്റെ ബാലപാഠം അറിയുന്നവർക്ക് ഈ രീതി അംഗീകരിക്കാനാകില്ല. നമ്മുടെ വിദ്യാഭ്യാസവ്യവസ്ഥയ്ക്ക് തന്നെ അപമാനകരമായ ഏർപ്പാടാണിത്. വിദ്യാഭ്യാസം കുട്ടികളിൽ പ്രയത്ന ശീലം വളർത്തിയെടുക്കുകയും അവരെ കഴിവുള്ളവരാക്കി മാറ്റിയെടുക്കുകയുമാണ് വേണ്ടത്. സ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിലെ പഠനം മുഖ്യമായും പരീക്ഷയുമായി ബന്ധപ്പെട്ട് തന്നെയാണ് നടക്കുന്നതും മറിച്ചുള്ള വാദമുന്നയിക്കുന്നവർ ഫണ്ടിങ്ങ് ഏജൻസിയുടെ വികലസിദ്ധാന്തങ്ങൾ ഏറ്റുപാടുന്നവരാണ്. ഗ്രേഡിങ്ങ് സമ്പ്രദായം നടപ്പിലാക്കിയതുമുതൽ സ്കൂൾ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങളുടെ ഗുണദോഷവിചാരം വസ്തുനിഷ്ഠമായി വിലയിരുത്താൻ അധികൃതർ തയ്യാറാകണം. വിദ്യാഭ്യാസ പഠന–ഗവേഷണങ്ങൾക്കുത്തരവാദിത്തപ്പെട്ട എസ്.സി.ഇ.ആർ.ടി ഇതു സംബന്ധിച്ച് നടത്തിയ എല്ലാഗവേഷണ റിപ്പോർട്ടുകളും പരസ്യപ്പെടുത്തണം.

ഓരോവിഷയവും ജയിക്കാൻ 35 ശതമാനം മാർക്ക് നിശ്ചയിക്കുകയും അതിൽ തന്നെ 100 ൽ 30 ഉം 50ൽ 15ഉം മാർക്കുകൾ എഴുത്തു പരീക്ഷയ്ക്ക് നിർബന്ധമാക്കുകയും ചെയ്താൽ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തിലും സ്വഭാവത്തിലും അത് വലിയ മാറ്റമുണ്ടാക്കും. സ്കൂൾ അന്തരീക്ഷത്തെ തന്നെ അത് ഗുണപരമായി സ്വാധീനിക്കും. നിരന്തരമൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്ക് ഒരു മിനിമം മാർക്ക് നിശ്ചയിക്കുകയും അതിനുമുകളിൽ നേടുന്നത് കൃത്യമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കുകയും വേണം. സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് അധികൃതർ നടത്തുന്നതെങ്കിൽ ഈ രീതിയിലുള്ള തീരുമാനങ്ങളാണ് അടിയന്തിരമായും ഉണ്ടാവേണ്ടത് യോഗം വിലയിരുത്തി. ആൾ പ്രമോഷൻ അവസാനിപ്പിക്കുക, വസ്തുനിഷ്ഠമായ മൂല്യനിർണ്ണയ സമ്പ്രദായം ഏർപ്പെടുത്തി വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ട് വ്യാപകമായ പ്രചാരണം സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു. കെ.രവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.മുരളീധരൻ, എം.വി.തങ്കച്ചൻ, കെ.രാജൻ, കെ.സുഗതൻ എന്നിവർ സംസാരിച്ചു. ●

## വിദ്യാഭാസ വായ്പ: അടച്ച തുക മുതലിലേക്ക് വകകൊള്ളിക്കണം. –ഐ.എൻ.പി.എ.

# വായ്പയെടുത്തവരുടെ തൃശൂർ ജില്ലാ കൺവൻഷൻ




കൺവൻഷൻ ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.

സർക്കാർ പ്രഖ്യപിച്ചിരിക്കുന്ന ആനുകൂല്യം എല്ലാ ആളുകൾക്കും കിട്ടുന്ന തരത്തിൽ, വായ്പയെടുത്തവർ നിലവിൽ ബാങ്കുകളിലടച്ച തുക മുതലിലേക്ക് വക കൊള്ളിക്കണമെന്നും കുടുംബങ്ങളെ ആത്മഹത്യയുടെ വക്കിൽ നിന്നും രക്ഷിക്കണമെന്നും ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ ജില്ലാ കൺവൻഷൻ സർക്കാരിനോടാവശ്യപ്പെട്ടു. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധനകൾക്കുവിരുദ്ധമായി ബാങ്കുകൾ പിടിച്ചുവച്ചിരിക്കുന്ന മുഴുവൻ ജാമ്യരേഖകളും എത്രയും വേഗം തിരികെ നൽകണമെന്നും ജപ്തിനടപടികൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിരിക്കെ നിയമനടപടികളുമായി മുന്നോട്ടുപോകുന്ന ഉദ്യോഗസ്ഥർക്കും വക്കീൽ നോട്ടീസയച്ച് ഭീഷണിപ്പെടുത്തുന്ന ബാങ്ക് അധികാരികൾക്കുമെതിരെ കർശനമായ നടപടി കൈക്കൊള്ളണമെന്നും കൺവൻഷൻ സർക്കാരിനോടാവശ്യപ്പെട്ടു. ഐ.എൻ.പി.എ. ജില്ലാക്കമ്മിറ്റി തൃശ്ശൂർ വിവേകോദയം സ്കൂളിൽ സംഘടിപ്പിച്ച കൺവൻഷൻ അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉൽഘാടനം ചെയ്തു.

മതിയായ ശമ്പളം ലഭിക്കുന്ന തൊഴിൽ ലഭിക്കാത്തതുകൊണ്ടാണ് തിരിച്ചടവ് മുടങ്ങിയത്. ബാങ്കുകൾ രണ്ടാം ഗഡു വായ്പ നൽകുമ്പോൾ തന്നെ ആ തുകയിൽ നിന്നും പലിശ ഈടാക്കും. ചില ബാങ്കുകൾ മൂന്നും നാലും ഗഡുക്കൾ പാസ്സാക്കി ആ തുകതന്നെ ഒന്നും രണ്ടും ഗഡുക്കളുടെ പലിശയായി കണക്കാക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ രീതിയിൽ പഠനകാലയളവിൽതന്നെ ഭൂരിപക്ഷം ബാങ്കുകളും പലിശ ഈടാക്കിയിട്ടുണ്ട്. അതിനാൽ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പലിശയിളവ് ഒരാൾക്കും ലഭിക്കാത്ത സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. നിലവിൽ ബാങ്കുകളിലടച്ച തുക മുതലിലേക്ക് വക കൊള്ളിക്കണമെന്നും ഡോ. ഡി. സുരേന്ദ്രനാഥ് അഭിപ്രായപ്പെട്ടു.

പ്രസിഡന്റ് ഡോ. പി. എസ്സ്. ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി എസ്. മിനി മുഖ്യ വിഷയമവതരിപ്പിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ.കെ.ബി. ഉണ്ണിത്താൻ മുഖ്യഥിതി ആയിരുന്നു. ജില്ലാ വൈസ് പ്രസിഡന്റ് സി.കെ.ശിവദാസൻ തുടർ സമരപ്രഖ്യാപനം നടത്തി. സെക്രട്ടറി സിസിലി ഏലിയാസ് വർക്കി ഒ.സി, ടി.എസ്സ്. വെങ്കിടേശ്വർ, അഡ്വ. ഇ.എൻ. ശാന്തിരാജ് എന്നിവരും പ്രസംഗിച്ചു. നവംബർ 26ന് ഈ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കളക്ട്രേറ്റ് മാർച്ച് നടത്തി സർക്കാരിന് നിവേദനം സർപ്പിക്കുമെന്നും യോഗം തീരുമാനിച്ചു.



തൃശൂർ കൺവൻഷനിൽ പങ്കെടുക്കുന്നവർ

●

# കസ്തൂരിരംഗൻകമ്മിറ്റി ഗാഡ്ഗിൽ റിപ്പോർട്ടിനെ കുഴിച്ചുമൂടുന്നു

(2–ാംപേജിൽ നിന്നും തുടർച്ച)

വന്നത് നാം കാണാതെ പോകരുത്.

രാസവളത്തെയും കീടനാശിനികളെയും അമിതമായി ആശ്രയിച്ചുകൊണ്ടുള്ള കൃഷിരീതികളെ ക്രമേണ നിരുൽസാഹപ്പെടുത്തിക്കൊണ്ട് പകരം അടുത്ത 10 വർഷത്തിനുള്ളിൽ ജൈവകൃഷി നിലവിൽ വരുത്തണമെന്നാണ് റിപ്പോർട്ട് ശുപാർശ ചെയ്യുന്നത്. ജൈവകൃഷി സ്ഥായിയായ ഒരു വരുമാന ഉറവിടമാകുന്നതുവരെയുള്ള കാലയളവിൽ കർഷകർക്ക് മതിയായ സബ്സിഡിയും സാങ്കേതിക സഹായവും നൽകണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. രാസവളത്തെയും കീടനാശിനിയെയും കളനാശിനിയെയും ഒറ്റയടിക്ക് നിരോധിക്കുന്ന ഒരു നിർദ്ദേശവും റിപ്പോർട്ടിലില്ല. രാസവളത്തിന്റെ വൻതോതിലുള്ള ഉപയോഗം മണ്ണിന്റെ സ്വാഭാവികജൈവഗുണങ്ങളെ ഇല്ലാതാക്കുന്നു എന്നതും കീടനാശിനികളുടെ അമിതപ്രയോഗം ഗുരുതരങ്ങളായ ആരോഗ്യപ്രശ്നങ്ങൾ(കാൻസർ പോലുള്ള രോഗങ്ങളുടെ വ്യാപനം) സൃഷ്ടിക്കുന്നു എന്നതും പരിഗണിച്ച് പശ്ചിമഘട്ടമേഖലയിലെ കർഷകർ തന്നെ കഴിഞ്ഞ കുറെ വർഷങ്ങളായി ജൈവകൃഷിയിലേക്ക് മാറാനുള്ള പ്രവണത കാട്ടുന്നുണ്ട്. സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ലഭിച്ചാൽ ഈ പ്രക്രിയ ശക്തിപ്പെടും. അതിനുള്ള ശക്തമായ ശുപാർശയാണ് ഗാഡ്ഗിൽ കമ്മിറ്റി അവതരിപ്പിക്കുന്നത്.

ജൈവകൃഷിനയത്തിൽ ഘട്ടം ഘട്ടമായി ജൈവകൃഷി നിലവിൽവരുത്തണമെന്ന് നിർദ്ദേശിക്കുന്ന സംസ്ഥാനസർക്കാർ തന്നെ റിപ്പോർട്ടിനെ എതിർക്കുന്നതിൽ നിന്നും അവരെ നയിക്കുന്നത് മറ്റ് ചില ദുഷ്ടതാൽപ്പര്യങ്ങളാണെന്ന് വ്യക്തമാകുന്നു. 30 ശതമാനത്തിലധികം ചരിവുള്ള ഭൂമിയിൽ വാർഷികവിളകൾ ഒഴിവാക്കി ദീർഘകാലവിളകൾ ചെയ്യണമെന്ന നിർദ്ദേശത്തെയും വളച്ചൊടിച്ച് മരച്ചീനിയും പച്ചക്കറിയും മേലിൽ കൃഷിചെയ്യാൻ പാടില്ല എന്ന് റിപ്പോർട്ട് ശാസിക്കുന്നതായാണ് പ്രചാരണം. 30 ശതമാനത്തിലധികം ചരിവുള്ള ഭൂമിയിൽ നിലവിൽത്തന്നെ കർഷകർ വാർഷിക വിളകൾ സാധാരണ നിലയിൽ കൃഷി ചെയ്യാറില്ല. ആരെങ്കിലും അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ അതൊഴിവാക്കണമെന്നത് എപ്രകാരമാണ് കർഷകവിരുദ്ധമാകുന്നത്? മറിച്ച് ഉരുൾപൊട്ടലിനെയും ജീവഹാനിയെയും വൻതോതിലുള്ള മണ്ണൊലിപ്പിനെയും തടയാനുതകുന്നതാണീ നിർദ്ദേശം എന്നു മനസ്സിലാക്കുമ്പോഴേ ഇതിനെതിരെയുള്ള പ്രചാരണങ്ങളുടെ കർഷകവിരുദ്ധവും മനുഷ്യത്വരഹിതവുമായ സ്വഭാവം വ്യക്തമാകൂ.

പശ്ചിമഘട്ടമേഖലയിൽ അനധികൃതമായി നടക്കുന്ന(ലൈസൻസ് ഇല്ലാത്ത) എല്ലാത്തരം ഖനനപ്രവർത്തനങ്ങളും പാറപൊട്ടിക്കലും മലതുരക്കലും ഉടൻ അവസാനിപ്പിക്കണമെന്ന് റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള നിയമം നടപ്പാക്കണമെന്നാണ് റിപ്പോർട്ട് ശക്തമായി ആവശ്യപ്പെടുന്നത്. ഇത് എപ്രകാരമാണ് വികസനത്തിനെതിരാകുന്നത്? ഖനനത്തിനായുള്ള പുതിയ ലൈസൻസ് സോൺ ഒന്നിലും രണ്ടിലും ക്വാറിംഗിനുള്ളവ സോൺ ഒന്നിലും നൽകരുതെന്നും നിലവിലുള്ളവ 2016ഓടുകൂടി പ്രവർത്തനം നിർത്തണമെന്നും ആവശ്യപ്പെടുന്നു. എന്നാൽ ഖനനം, സോൺ ഒന്നിലും ക്വാറിംഗ് സോൺ ഒന്നിലും രണ്ടിലും കർശനമായ ഉപാധികളോടെയും ജനകീയ മേൽനോട്ടത്തിലും ആകാമെന്നും റിപ്പോർട്ട് പറയുന്നു. പശ്ചിഘട്ടം പോലൊരു മേഖലയിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ലക്കും ലഗാനുമില്ലാത്ത ഖനനവും പാറതുരക്കലും ഒരു വിധത്തിലും തുടർന്ന് അനുവദിക്കാനാവില്ല എന്നത് ആർക്കാണറിഞ്ഞുകൂടാത്തത്. അതിന് കർശനമായ ചില നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതുണ്ട് എന്നത് ഈ മേഖലയിലെ ജനങ്ങളുടെ ആവശ്യമാണ്. ഗോവയിലെയും സിന്ധുദുർഗ്ഗിലെയും നമ്മുടെ സംസ്ഥാനത്തെ പത്തനംതിട്ട, ഇടുക്കി ജില്ലകളിലെയും ഭൂമിഘടന തന്നെ ഖനനവും ക്വാറിംഗും വഴി കീഴ്മേൽ മറിഞ്ഞുകഴിഞ്ഞു. ഈ പ്രദേശങ്ങളിലെ സാധാരണജനങ്ങൾ നിലനിൽപ്പിനായി പാറതുരക്കലിനും ഖനനത്തിനുമെതിരായ ജനകീയപ്രക്ഷോഭത്തിലാണ്. പശ്ചിമഘട്ടമേഖലയിലെ ജനങ്ങളുടെ ശക്തമായ ഈ അഭിലാഷമാണ് ഗാഡ്ഗിൽ കമ്മിറ്റി പ്രതിഫലിപ്പിക്കുന്നത്.

ഭൂമിയുടെ വിനിയോഗം, കൃഷി, മൃഗപരിപാലനം, ഭൂമിഘടനയുടെ സംരക്ഷണം എന്നിങ്ങനെ മുകളിൽ സൂചിപ്പിച്ചവയിൽ മാത്രമല്ല, ജലസ്രോതസ്സുകളുടെ പരിപാലനം, വനസംരക്ഷണം, വ്യവസായം, ഊർജ്ജോൽപ്പാദനം തുടങ്ങി മറ്റ് വിഷയങ്ങളിലും ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ടുവയ്ക്കുന്നത് പശ്ചിമഘട്ടമേഖലയിലെ കൃഷിയുടെയും മണ്ണിന്റെയും ആകെത്തുകയിൽ ജനങ്ങളുടെയും നിലനിൽപ്പിനുവേണ്ടിയുള്ള ശുപാർശകളാണ്. ഈ ശുപാർശകളിലോ നിരീക്ഷണങ്ങളിലോ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകളും പാരധീനകളും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവ പരിഹരിക്കാനുള്ള സുനിശ്ചിതമായ സാധ്യതയും ഒരു ശുപാർശയായിത്തന്നെ അവതരിപ്പിക്കുന്നുണ്ട് ഗാഡ്ഗിൽ കമ്മിറ്റി. വൻതോതിലുള്ള ജനകീയചർച്ചകളും പരിശോധനകളും നടത്തി, കൃത്യവും ശാസ്ത്രീയവുമായ ഒരു പദ്ധതി വിവിധതലങ്ങളിൽ രൂപപ്പെടുത്തിക്കൊണ്ടുവേണം പശ്ചിമഘട്ടസംരക്ഷണത്തിനായി നടപടികൾ കൈക്കൊള്ളേണ്ടത് എന്ന് റിപ്പോർട്ട് പലവട്ടം ആവർത്തിക്കുന്നുണ്ട്. അത്തരമൊരു ചർച്ചയ്ക്കുള്ള രേഖയെന്ന നിലയിലാണ് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നിട്ടുള്ളത്. പശ്ചിമഘട്ട സംരക്ഷണത്തിനായി ജനങ്ങളുടെ പങ്കാളിത്തത്തോടെ പശ്ചിമഘട്ട ആവാസവ്യവസ്ഥ അതോറിറ്റി, അതിന് താഴെ സംസ്ഥാന പശ്ചിമഘട്ട ആവാസവ്യവസ്ഥ അതോറിറ്റി, വീണ്ടും ജില്ലാതലത്തിൽ പശ്ചിമഘട്ട ആവാസവ്യവസ്ഥ കമ്മിറ്റി എന്നിവയുടെ രൂപീകരണവും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

സ്വകാര്യമൂലധനശക്തികളുടെ ഇംഗിതങ്ങൾക്ക് വേണ്ടി മാത്രം പ്രവർത്തിക്കുന്ന സർക്കാരുകൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വെളിച്ചത്തുവരാതിരിക്കുന്നതിനുവേണ്ടി പരിശ്രമിച്ചിരുന്നു. കോടതി ഇടപെലോടെ റിപ്പോർട്ട് പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് വന്നതോടെ അതിനെ ഇല്ലാതാക്കുക അല്ലെങ്കിൽ ദുർബ്ബലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നീങ്ങാൻ തുടങ്ങി. അങ്ങിനെ ഖനനമാഫിയയുടെയും വൻകിടഭൂകയ്യേറ്റക്കാരുടെയും നീചമായ താൽപ്പര്യങ്ങൾക്ക് വേണ്ടി കേന്ദ്രസർക്കാർ കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ സമഗ്രമായി പരിശോധിച്ചുകൊണ്ട്, അതിന്റെ ശുപാർശകൾ നടപ്പാക്കാനായി തുടർനടപടികൾ നിർദ്ദേശിക്കാനാണ് കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചതെങ്കിലും ഫലത്തിൽ അത് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ കുഴിച്ചുമൂടുകയാണ് ചെയ്തത്. പശ്ചിമഘട്ടത്തിന്റെ 37 ശതമാനം പ്രദേശത്തിന് മാത്രമേ പരിസ്ഥിതി പ്രാധാന്യമുള്ളു എന്നും പരിസ്ഥിതി സംരക്ഷണത്തിനായുള്ള ചില നിയന്ത്രണങ്ങൾ അവിടെ മാത്രം നടപ്പാക്കിയാൽ മതിയെന്നുമാണ് കസ്തൂരിരംഗൻ കമ്മിറ്റിയുടെ നിർദ്ദേശം. ഈ മേഖലയിൽ സുതാര്യതയോടെ വനഭൂമി, വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്നും ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രയോഗികമല്ലെന്നും ഈ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കസ്തൂരിരംഗൻ ഒരു തവണപോലും മാധവ് ഗാഡ്ഗിലിനെ കാണാൻ തയ്യാറായില്ല. ഈ കമ്മിറ്റിയുടെ പ്രവർത്തനം എത്ര ജനാധിപത്യപരമായിരുന്നെന്ന് ഇത് വെളിവാക്കുന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുക എന്ന ഡിമാന്റാണ് ജനങ്ങൾ ഉയർത്തേണ്ടത്.

കോർപ്പറേറ്റുകളുടെ താൽപ്പര്യാർത്ഥം കർഷകരെ മുച്ചൂടും തകർക്കുന്ന നയങ്ങൾ കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി ആവിഷ്കരിക്കുന്ന പ്രസ്ഥാനങ്ങളാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെയുള്ള സമരത്തിന്റെ നേതൃത്വത്തിലുള്ളത്. കർഷകദ്രോഹത്തിന്റെ മാത്രം ചരിത്രമുള്ള ഇക്കൂട്ടർ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പേരിൽ കാട്ടുന്ന കർഷകപ്രേമം തികഞ്ഞ കാപട്യമാണെന്ന്, വഞ്ചനയാണെന്ന് പാവപ്പെട്ട കർഷകർ തിരിച്ചറിയണം. പശ്ചിമഘട്ടമേഖലയുടെ നിലനിൽപ്പിനായി, കൃഷിയുടെ സംരക്ഷണത്തിനായി മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണം. അത്തരമൊരു ഡിമാന്റാണ് ഏറ്റവും ശരിയും ദീർഘവീക്ഷണത്തോടെയുള്ളതും ന്യായവുമായത്.

മാധവ് ഗാഡ്ഗിലിന്റെ താഴെക്കൊടുത്തിരിക്കുന്ന പ്രതികരണത്തിൽ, റിപ്പോർട്ടിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടിയുണ്ട്. *"ഞങ്ങളുടെ റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ മാത്രമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. അവ നടപ്പാക്കേണ്ടത് ജനാധിപത്യപരമായ മാർഗ്ഗത്തിലൂടെയാണ്. ഞങ്ങളുടെ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിനെക്കുറിച്ച് അവാസ്തവിക കാര്യങ്ങൾ പ്രചരിപ്പിക്കാൻ സംഘടിതമായ ശ്രമങ്ങൾ നടന്നുവരുന്നു"*– മാധവ് ഗാഡ്ഗിൽ. കോട്ടയം എം.ജി യൂണിവേഴ്സിറ്റിയിൽ 2013 നവംബർ 6–ന് നടന്ന മുഖാമുഖം പരിപാടിയിൽ പങ്കെടുക്കവെ) ദ ഹിന്ദു, 2013, നവംബർ 7

●

# എൻഡോസൾഫാൻ ഇരകൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

എൻഡോസൾഫാൻ ദുരിതബാധിതരുടെ അവകാശങ്ങൾ അട്ടിമറിക്കുന്ന ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയുക, 25.3.2013 ന് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കുക, നെഞ്ചംപറമ്പിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ക്യാനുകളിലാക്കി കുഴിച്ചുമൂടിയ എൻഡോസൾഫാൻ പുറത്തെടുത്ത് നിർവീര്യമാക്കുക തുടങ്ങിയ ആവശ്യങ്ങളുമായി എൻഡോസൾഫാൻ ഇരകൾ നീതി തേടി സെക്രട്ടേറിയറ്റിന് മുന്നിലെത്തി. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ നടന്ന സത്യഗ്രഹം പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി കൺവീനർ അമ്പലത്തറ കുഞ്ഞുകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ വിവിധ രാഷ്ട്രീയകക്ഷിനേതാക്കളും സാമൂഹ്യനേതാക്കളും പ്രസംഗിച്ചു. എസ്.യു.സി.ഐ(സി)യെ പ്രതിനിധീകരിച്ച് തിരുവനന്തപുരം ജില്ലാക്കമ്മിറ്റിയംഗം സ.ആർ.ബിജു സംസാരിച്ചു. കടന്നപ്പള്ളി രാമചന്ദ്രൻ, കെ.എസ്.ഹരിഹരൻ, രാജഗോപാൽ വാകത്താനം, പി.സുധീർ, ടി.പീറ്റർ, സോണിയ ജോർജ്ജ്, എൻ.സുബ്രഹ്മണ്യൻ, മുനീസ അമ്പലത്തറ, എം.എം.മാഹിൻ സാഹിബ്, സുബൈർ പടുപ്പ്, അൻഷിഫ് മജീദ്, എം.സുൾഫത്ത്, സലിംസേട്ട്, സജീദ്, വേലുശ്ശേരി അബ്ദുൾ സലാം തുടങ്ങിയവരായിരുന്നു ഇതര പ്രസംഗകർ. സംഘാടകസമിതി കൺവീനർ എം.ഷാജർഖാൻ സ്വാഗതവും ടി.ശോഭന നന്ദിയും പറഞ്ഞു. ദുരിതബാധിതർക്ക് നീതി ലഭിക്കുന്നതുവരെ പ്രക്ഷോഭണങ്ങളുമായി മുന്നോട്ട് പോകുമെന്ന് അമ്പലത്തറ കുഞ്ഞുകൃഷ്ണൻ പറഞ്ഞു. ●

# കേരള മത്സ്യ സംസ്ക്കരണ തൊഴിലാളി യൂണിയൻ

## ടോറിഹാരിസ് യൂണിറ്റ് രൂപീകരിച്ചു



ആൾ ഇന്ത്യാ യുറ്റിയുസിയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള എരമല്ലൂർ ടോറി ഹാരിസ് യൂണിറ്റ് നവംബർ 1 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. കമ്പനിപടിക്കൽ സ്ഥാപിച്ച കൊടിമരത്തിൽ യൂണിയൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ പതാകയുയർത്തി. സമുദ്രോൽപ്പന്ന സംസ്കരണ കയറ്റുമതി മേഖലയിൽ നിലനിൽക്കുന്ന നിയമലംഘനങ്ങൾക്കും, ചൂഷണങ്ങൾക്കും അറുതിവരുത്തുവാൻ തൊഴിലാളികൾ അണിചേരണമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് കെ.കെ.കാർത്തികേയൻ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി പി.ഡി.കുഞ്ഞുമോൻ സ്വാഗതം ആശംസിച്ചു. ആൾ ഇന്ത്യാ യുറ്റിയുസി ജില്ലാകമ്മിറ്റിയംഗം കെ.പ്രതാപൻ, കേരളാ മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ ജില്ലാ ജോ.സെക്രട്ടറി പി.കൃഷ്ണകുമാർ, ജില്ലാ കമ്മിറ്റിയംഗം എം.പി.കാർത്തികേയൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗം എൻ.കെ.ശശികുമാർ തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു. ●




# നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി ഓഫീസ് മാർച്ച്




ക്ഷേമനിധി ഓഫീസ്മാർച്ച് സഖാവ് മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു

ജീവൽപ്രധാന ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ(എഐയുടിയുസി)ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഓഫീസിലേക്ക് നടത്തിയ മാർച്ച് എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ സെക്രട്ടറി പി.എം.ദിനേശൻ മാർച്ചിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാസെക്രട്ടറി കെ.ഒ.ഷാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാകമ്മിറ്റിയംഗം സഖാവ് കെ.എ.സതീശൻ കൃതജ്ഞത പറഞ്ഞു.

റിസർവ്വ് ബാങ്കിനുമുന്നിൽനിന്നാരംഭിച്ച പ്രകടനത്തിന് ജില്ലാ നേതാക്കളായ സി.കെ.തമ്പി, സി.റ്റി.സുരേന്ദ്രൻ, സി.കെ.രാജേന്ദ്രൻ, വി.കെ.മോഹനൻ എന്നിവർ നേതൃത്വം നൽകി. ●

# നഴ്സുമാരുടെ ശമ്പളം വെട്ടിക്കുറപ്പിച്ച വ്യവസായ ബന്ധ സമിതി പിരിച്ചുവിടുക

## –ഐ.എൻ.പി.എ

ഡോ.എസ് ബലരാമൻ കമ്മിറ്റി ശുപാർശ ചെയ്ത ശമ്പള ഘടന അട്ടിമറിക്കുന്നതിനായി ആശുപത്രി മാനേജ്മെന്റുകളെ ഉൾപ്പെടുത്തി രൂപികരിച്ച വ്യവസായ ബന്ധ സമിതിയെ ഉടൻ പിരിച്ചുവിടണമെന്ന് ഐ.എൻ.പി.എ സംസ്ഥാന കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു. 12,900 രൂപ അടിസ്ഥാന ശമ്പളവും 8 മണിക്കൂർ ഡ്യൂട്ടിസമയവും അധികജോലിക്ക് അധിക അലവൻസും മറ്റ് വ്യവസ്ഥാപിത ആനുകൂല്യങ്ങളും ഉറപ്പാക്കുന്ന ശമ്പള ഘടനയാണ് ബലരാമൻ കമ്മിറ്റി ശുപാർശ ചെയ്തത്. എന്നാൽ വ്യവസായ ബന്ധ സമിതി ശുപാർശ ചെയ്യുന്നത് കേവലം 8000 രൂപ മാത്രമാണ്. ആയതിനാൽ നഴ്സുമാരുടെയും ഇതര ജീവനക്കാരുടെയും താല്പര്യങ്ങൾ സംരക്ഷിക്കാത്തതും സ്വകാര്യ ആശുപത്രികൾക്കുവേണ്ടി മാത്രം രൂപീകരിക്കപ്പെട്ടിരിക്കുന്നതുമായ വ്യവസായ ബന്ധ സമിതി പിരിച്ചുവിട്ട്, ഡോ.എസ് ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ശുപാർശ ചെയ്യുന്ന ശമ്പളവും ആനുകൂല്യങ്ങളും ഉറപ്പാക്കാൻ സർക്കാർ നടപടി കൈക്കൊള്ളണമെന്നും ഇതിനായി മുഴുവൻ ആശുപത്രി ജീവനക്കാരും രംഗത്തുവരണമെന്നും ഐ.എൻ.പി.എ ആവശ്യപ്പെട്ടു. ●




ചെങ്ങറ സമരസമിതി പ്രവർത്തകനെതിരെ കള്ളക്കേസ്സുചാർജ്ജ് ചെയ്ത പോലീസ് ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സാധുജന വിമോചന സംയുക്തവേദി പത്തനംതിട്ട കളക്ട്രേറ്റ് മാർച്ചിൽ ളാഹ ഗോപാലൻ പ്രസംഗിക്കുന്നു. ●

# വിലക്കയറ്റവിരുദ്ധയോഗം വിളക്കുപാറയിൽ

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടി ഏരൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിളക്കുപാറയിൽ വിലക്കയറ്റവിരുദ്ധയോഗം നടത്തി. ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും സർക്കാർ ഏറ്റെടുക്കണമെന്നും പെട്രോളിയം ഉൽപ്പന്നങ്ങളുടെയും രാസവളത്തിന്റെയും വിലനിയന്ത്രണാധികാരം പുനഃസ്ഥാപിക്കണമെന്നും ചെറുകിട വ്യാപാരമേഖലയിലേക്കുള്ള കുത്തകകളുടെ കടന്നുകയറ്റം തടയണമെന്നും ജനങ്ങൾ സ്വന്തം സമരകമ്മിറ്റികളിൽ കക്ഷിരാഷ്ട്രീയ ചിന്തകൾക്ക് അതീതമായി സംഘടിതരാകണമെന്നും, യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് പാർട്ടി അഞ്ചൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ശശാങ്കൻ ആവശ്യപ്പെട്ടു. യോഗത്തിൽ പാർട്ടി ജില്ലാ കമ്മിറ്റിയംഗം ജി.ധ്രുവകുമാർ മുഖ്യപ്രസംഗം നടത്തി. കെ.മഹേഷ്, എൻ.ഗോപരാജ് എന്നിവർ പ്രസംഗിച്ചു. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing November1st, 2013.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 40 No.8
Price : Rs 5.00
November 2013

# സഖാവ് ജി.അന്തിക്കാടിന് ലാൽസലാം



ജി.അന്തിക്കാട് അനുസ്മരണ സമ്മേളനം എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു. ബാലചന്ദ്രൻ വടക്കേടത്ത്, അശോകൻ ചരുവിൽ, പി.എൻ.പ്രോവിന്റ്, കാസിം വാടാനപ്പള്ളി, വാസുദേവൻ അന്തിക്കാട്, ജനാർദ്ദനൻ മാസ്റ്റർ, സുവർണ്ണലത ടീച്ചർ, പി.ജെ.പുരുഷോത്തമൻ മാസ്റ്റർ, ദിനേശ് രാജ, വൽസൻ പൊക്കാഞ്ചേരി, ഡെക്കോറ വർഗ്ഗീസ്, വി.ബി.ജ്യോതിരാജ്, വാസൻ പെരിങ്ങോട്ടുകര, സി.എ.രവീന്ദ്രൻ, വേലു, ഡോ.ചന്ദ്രശേഖരൻ, ടി.കെ.സുധീർകുമാർ, ജി.എസ്.പത്മകുമാർ, ഡോ.പി.എസ്.ബാബു, ഒ. ദിവാകരൻ, അഹമ്മദ് മുഈനുദ്ദീൻ, ഷാൻ മാസ്റ്റർ, ദിലീപ് അഞ്ചങ്ങാടി തുടങ്ങിയവർ വേദിയിൽ

**ക**വിയും, തൃശ്ശൂർ ജില്ലയിലെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ സജീവ സാന്നിദ്ധ്യവുമായിരുന്ന ചേന്ത്ര ഗോപാലൻ മാസ്റ്റർ (ജി.അന്തിക്കാട്) അനുസ്മരണ സമ്മേളനം ഒക്ടോബർ 20, വൈകിട്ട് തൃപ്രയാർ എസ്.എൻ.ഡി.പിസ്കൂളിൽ വച്ചു നടന്നു. സഹപ്രവർത്തകരും സുഹൃത്തുക്കളും ശിഷ്യരും അടക്കം വലിയൊരു ജനാവലി പങ്കെടുത്തു. ഇടതുപക്ഷപ്രസ്ഥാനത്തെ, വിശിഷ്യ സാംസ്കാരികരംഗത്തെ, സംബന്ധിച്ചിടത്തോളം വലിയൊരു നഷ്ടമാണ് ജി.അന്തിക്കാടിന്റെ വേർപാടെന്ന് സംസാരിച്ച എല്ലാവരും തന്നെ അഭിപ്രായപ്പെട്ടു. 1950-കളിൽ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പൊതുജീവിതമാരംഭിച്ച അദ്ദേഹം തുടർന്ന് തൊഴിലാളി രംഗം, അദ്ധ്യാപകപ്രസ്ഥാനം, സർവ്വോപരി സാംസ്കാരിമേഖല തുടങ്ങിയ തുറകളിൽ സജീവ പങ്ക് വഹിച്ചു. അവസാന നാളുകൾ വരെയും അദ്ദേഹം സമൂഹത്തിലെ പുരോഗമനപരമായ ചലനങ്ങൾ ശ്രദ്ധിക്കുകയും അവയുടെ പക്ഷത്ത് നിന്ന് തന്നാലാവുന്നതെല്ലാം പ്രവർത്തിക്കുകയും ചെയ്തു.

കഴിഞ്ഞ 20 വർഷത്തോളമായി എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)-ന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്ന ജി അന്തിക്കാട് 2005ലെ നിയമസഭാതെരഞ്ഞെടുപ്പിൽ ഗുരുവായൂർ മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്നു. കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതിയുടെയും ബാനർ സാംസ്കാരികസമിതിയുടെയും സംസ്ഥാന സമിതികളിൽ അംഗവുമായിരുന്നു. കലാ-സാഹിത്യ വിഷയങ്ങളിൽ ഒരിക്കലും യുവത്വം നഷ്ടപ്പെടാത്ത മനസ്സിന്നുടമയായിരുന്നു. ഏറ്റവും പുതിയ തലമുറയിൽപ്പെടുന്ന എഴുത്തുകാരുമായിപ്പോലും സമഭാവനയോടെ പെരുമാറാനും അർത്ഥവത്തായി സംവദിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

തന്റെ വിശ്വാസപ്രമാണങ്ങൾ സ്വകാര്യജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ മാതൃകാപരമായ നിഷ്കർഷ അദ്ദേഹം പുലർത്തി. തന്റെ മരണത്തെത്തുടർന്ന് സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ശിഷ്യരുടെയും സംഗമം നടത്താം; എന്നാൽ മതപരമായ യാതൊരനുഷ്ഠാനവും നടത്തരുതെന്ന തന്റെ ആഗ്രഹം അദ്ദേഹം കുടുംബാംഗങ്ങളെ അറിയിച്ചിരുന്നു.

ജി.അന്തിക്കാട് അനുസ്മരണ സമ്മേളനം എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സി.കെ. ലൂക്കോസ് ഉദ്ഘാടനം ചെയ്തു.

സാംസ്കാരിക-സാഹിത്യ സദസ്സുകളിലെ ജി.അന്തിക്കാടിന്റെ സജീവ സാന്നിദ്ധ്യം ഹൃദ്യമായിരുന്നുവെന്ന് ബാലചന്ദ്രൻ വടക്കേടത്ത് പറഞ്ഞു. ഇതര ചിന്താഗതികളോടുള്ള സഹിഷ്ണുതയും ഹൃദയവിശാലതയും ജി.അന്തിക്കാടിന്റെ സവിശേഷതയായിരുന്നുവെന്നും തനിക്കദ്ദേഹം പിതൃതുല്യനായിരുന്നുവെന്നും തുടർന്ന് അദ്ദേഹം പറഞ്ഞു.

അന്തിക്കാട്ടെ തൊഴിലാളി സമരം ജി.അന്തിക്കാടിന്റെ ജീവിതത്തെ ശക്തമായി സ്വാധീനിച്ചുവെന്ന് അശോകൻ ചരുവിൽ പറഞ്ഞു. രാഷ്ട്രീയരംഗത്ത് കാണുന്ന ശത്രുത പലപ്പോഴും സാംസ്കാരികരംഗത്ത് പ്രതിഫലിക്കുന്നത് വേദനാകരമാണ്. നേരെ മറിച്ച് നാമെല്ലാം ആഗ്രഹിക്കുന്ന ആരോഗ്യകരമായ ജനാധിപത്യ സമീപനത്തിന്റ വിലമതിക്കാനാവാത്ത മാതൃകയാണ് ജി.അന്തിക്കാടെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു.



സി. പി. ഐ (എം. എൽ) സംസ്ഥാന സെക്രട്ടറി പി.എൻ.പ്രോവിന്റ്, കാസിം വാടാനപ്പള്ളി, വാസുദേവൻ അന്തിക്കാട്, ജനാർദ്ദനൻ മാസ്റ്റർ, സുവർണ്ണലത ടീച്ചർ, പി.ജെ.പുരുഷോത്തമൻ മാസ്റ്റർ, ദിനേശ് രാജ, വൽസൻ പൊക്കാഞ്ചേരി, ഡെക്കോറ വർഗ്ഗീസ്, വി.ബി.ജ്യോതിരാജ്, വാസൻ പെരിങ്ങോട്ടുകര, സി.എ.രവീന്ദ്രൻ, വേലു, ഡോ.ചന്ദ്രശേഖരൻ, ജോഷ.പി.എ, എ.വി.ബെന്നി(ഡി.വൈ.ഒ), സുജ ആന്റണി(മഹിളാ സാംസ്കാരിക സംഘടന), ടി.കെ.സുധീർകുമാർ(ജനകീയ പ്രതിരോധ സമിതി), സി.കെ.ശിവദാസൻ തുടങ്ങിയവർ സംസാരിച്ചു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയേറ്റംഗവും ബാനർ സാംസ്കാരിക സമിതി സംസ്ഥാന കോ-ഓർഡിനേറ്ററുമായ ജി.എസ്.പത്മകുമാർ അദ്ധ്യക്ഷനായിരുന്നു. ഡോ.പി.എസ്.ബാബു സ്വാഗതവും സി. ആർ. ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു. ഒ.ദിവാകരൻ, വാസുദേവൻ അന്തിക്കാട്, അഹമ്മദ് മുഈനുദ്ദീൻ, ഷാൻ മാസ്റ്റർ, ദിലീപ് അഞ്ചങ്ങാടി, തുടങ്ങി സാമൂഹ്യ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു. ●

# സഖാവ് പ്രതിഭാകുമാരിക്ക് ലാൽസലാം



**അ**ഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന കർണ്ണാടക സംസ്ഥാനപ്രസിഡന്റും എസ്‌യുസിഐ(സി) ബാംഗ്ലൂർ ജില്ലാ കമ്മിറ്റിയംഗവുമായ സഖാവ് ബി.എസ്. പ്രതിഭാകുമാരി(46) ബാംഗ്ലൂരിൽ ഹൃദയാഘാതത്തെതുടർന്ന് നവംബർ 2 ന് അന്തരിച്ചു. കർണ്ണാടക സംസ്ഥാനത്തെ വനിതാമുന്നേറ്റ പ്രക്ഷോഭങ്ങളുടെ സമുന്നത സംഘാടകയായിരുന്ന സഖാവ് പ്രതിഭാകുമാരിയുടെ അകാലമരണം സഖാക്കളെ ഏവരെയും ദുഃഖത്തിലാഴ്ത്തി.

വിദ്യാർത്ഥിയായിരിക്കെ തന്റെ 19-ാമത്തെ വയസ്സിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളുമായി പരിചയപ്പെട്ട അന്നുമുതൽ നീണ്ട 27 വർഷം വിപ്ലവപ്രസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സ്വന്തം താൽപ്പര്യമായി താദാത്മ്യപ്പെടുത്തിയ സഖാവിന് ആദരാഞ്ജലികൾ അർപ്പിക്കുവാൻ ജീവിതത്തിന്റെ എല്ലാത്തുറകളിൽനിന്നുമായി നിരവധി പ്രമുഖ വ്യക്തികളുൾപ്പെടെ നൂറുകണക്കിനാളുകൾ ബാംഗ്ലൂരിൽ പാർട്ടിയുടെ ആസ്ഥാനത്തെത്തി. ●




സഖാവ് പ്രതിഭാകുമാരിയുടെ അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി പ്രസംഗിക്കുന്നു

# ലാവ്‌ലിൻ അഴിമതിയും കോടതി വിധിയും ഉയർത്തുന്ന ചോദ്യങ്ങൾ

(1-ാം പേജിൽ നിന്നും തുടർച്ച)
കരാറിൽ ഉറപ്പിച്ച തുക ഭീമമായിരുന്നുവെന്നും നിലവിലുള്ള ചട്ടങ്ങൾക്ക് നിരക്കാത്തതായിരുന്നുവെന്നും സുബൈദാ കമ്മിറ്റിയും കണ്ടെത്തിയിരുന്നു. വിവിധ ഏജൻസികളുടെ ഈ കണ്ടെത്തലുകളെ മുഴുവൻ തള്ളിക്കളഞ്ഞുകൊണ്ടാണ് കോടതി വിധി ഉണ്ടായിട്ടുള്ളത്.

മലബാർ കാൻസർ ആശുപത്രിക്കുള്ള ധനസഹായവുമായി വൈദ്യുതി പദ്ധതിയെ കൂട്ടിക്കെട്ടിയത് ഇതിൽ നടന്നിട്ടുള്ള അഴിമതിയുടെ വ്യക്തമായ സൂചനയാണ്. ലഭിക്കാതെ പോയതെന്ന് പുറമേയ്ക്ക് പ്രചരിപ്പിക്കപ്പെടുന്ന, പ്രസ്തുത ധനസഹായത്തിന്റെ പേരിലാണ് ഓപ്പൺ ടെൻഡർ ഒഴിവാക്കി എസ്എൻസി ലാവ്‌ലിനെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തത്. അസ്വാഭാവികമായി നടന്ന ഈ ഇടപാടുകളാണ് പദ്ധതിയിലുണ്ടായിട്ടുള്ള യഥാർത്ഥ അഴിമതി. എന്നാൽ പ്രധാനമായും കോടതി പരിഗണിച്ചത് പ്രസ്തുത ധനസഹായത്തിന് നിയമപരമായ കരാർ ഉണ്ടോ ഇല്ലയോ എന്നതുമാത്രമാണ്. അഴിമതി നടത്തുന്നതിനായി കരാർ ഉണ്ടാക്കാതിരുന്ന അധികാരകേന്ദ്രങ്ങളെ, കരാർ ഇല്ലായെന്നതിന്റെ പേരിൽ കേസ്സിൽ നിന്നും ഒഴിവാക്കുന്ന വിചിത്രമായ വിധിയാണ് കോടതി നടത്തിയിട്ടുള്ളത്. സിപിഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയനുൾപ്പെടെയുള്ളവർ ഈ അഴിമതി കേസ്സിൽനിന്നും രക്ഷപ്പെട്ടത് ഇപ്രകാരം മാത്രമാണ്. അതിനാൽ, എസ്എൻസി ലാവ്‌ലിൻ അഴിമതിയിൽ പിണറായി വിജയനും കൂട്ടർക്കും പങ്കില്ലായെന്ന് ഈ കോടതി വിധി തെളിയിക്കുന്നില്ല. കേരളം കണ്ട ഞെട്ടിക്കുന്ന ഈ അഴിമതിക്ക് കാരണക്കാരായ യഥാർത്ഥ പ്രതികൾ തുറങ്കിലടയ്ക്കപ്പെടണമെങ്കിൽ ജനങ്ങളുടെ പ്രബുദ്ധമായ ജാഗ്രതയും പ്രക്ഷോഭവും ഉയർന്നുവരേണ്ടിയിരിക്കുന്നു. -അദ്ദേഹം തുടർന്നു പറഞ്ഞു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.